# ഭാരതീയ ജനസംഘം

848

60456

# തത്വവും നയവും

BOOK STALL
KOTTAYAM

പ്രസാധകർ:
ഭാരതീയ ജനസംഘം
കേരളപ്രദേശ്
കോഴിക്കോട്–1.

ഒന്നാം പതിപ്പ്:
1966 ജനുവരി
2000 കോപ്പി

M 181.4
Bha.T

രണ്ടാം പതിപ്പ്:
1967 നവമ്പർ
2000 കോപ്പി

മൂന്നാം പതിപ്പ്:
1968 ജൂൺ
3000 കോപ്പി

വില: **65** പൈസ

1965 ജനുവരി 25–26 തീയതികളിൽ വിജയവാഡ (ആന്ധ്ര) **യിൽവെച്ചു** ചേർന്ന ഭാരതീയ പ്രതിനിധിസഭ അംഗീകരിച്ചതു്.

# രണ്ടു വാക്കു്

ഭാരതീയ ജനസംഘത്തിൻെറ തത്വവും നയവും ക്രോഡീകരിച്ചിട്ടുള്ള ഈ ലഘു പുസ്തകത്തിൻെറ മൂന്നാം പതിപ്പാണു് നിങ്ങളുടെ കയ്യിൽ എത്തിച്ചേർന്നിട്ടുള്ളതു്. രണ്ടു വർഷങ്ങൾക്കുള്ളിൽ മൂന്നു പതിപ്പ് എന്നുള്ളതു് കേരളത്തെ സംബന്ധിച്ചിടത്തോളം ജനസംഘത്തോടുള്ള വർദ്ധമാനമായ താൽപ്പര്യത്തെയാണു് കാണിക്കുന്നതു്. ഭാരതീയ തത്വചിന്തയുടെ അടിസ്ഥാനത്തിൽ സ്വർഗ്ഗീയ ദീനദയാൽ ഉപാദ്ധ്യായ കണ്ടെത്തിയ ഏകാത്മമാനവതാ സിദ്ധാന്തമാണു് ജനസംഘത്തിൻെറ തത്വ നയങ്ങളുടെ ആധാരം. പ്രതിപാദ്യത്തിന്റെ സിദ്ധാന്തപരമായ ഭാഗങ്ങൾ കുറച്ചു ഗഹനമാണു്; ശരിയായി ചിന്തിച്ചു മനസ്സിലാക്കേണ്ടവയാണു്. കേരളീയർ അതു് ഏററവും ഭംഗിയായിത്തന്നെ ചെയ്യുന്നുണ്ടെന്നുള്ളതാണു് ആശാവഹമായ സംഗതി. ജനസംഘത്തിന്നു് സാമ്പത്തികവും; വ്യവസായപരവും, തൊഴിൽപരവുമായ നയങ്ങളില്ല എന്നു് ആരോപണം പുറപ്പെടുവിക്കുന്നവർ ഈ ഗ്രന്ഥം വായിച്ചു മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണു്.

ഇനിയും ഇതിന്നു കൂടുതൽ പതിപ്പുകളും വിശദീകരണ ഗ്രന്ഥങ്ങളും ഉണ്ടാവും എന്ന പ്രതീക്ഷയോടെ ഈ പതിപ്പ് നിങ്ങൾക്കു് സമർപ്പിക്കുന്നു.

ഭാരതീയ ജനസംഘം,
കേരളപ്രദേശ്.

60456

## ഒന്നു്

സ്വന്തം സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും, അതിനെ സുദൃഢവും സ്ഥായിയുമാക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതു് ഓരോ സ്വതന്ത്ര രാഷ്ട്രത്തിന്റേയും ഒന്നാമത്തെ കടമയാണു്. അതുപോലെതന്നെ, സ്വന്തം പ്രജകൾക്കു്, അവരുടെ ജീവിതാവശ്യങ്ങൾ നിറവേററിക്കൊണ്ടു്, ഐശ്വര്യവും സുഖവും നിറഞ്ഞ സോദ്ദേശ്യമായ ഒരു സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കുവാൻ തക്ക ഒരു ഭരണവ്യവസ്ഥ പ്രദാനം ചെയ്യേണ്ടതും അതിന്റെ ചുമതലയാണു്. ഭാരതം സ്വാതന്ത്ര്യം സമ്പാദിച്ചതോടുകൂടി ജനഹൃദയങ്ങളിൽ സ്വാഭാവികമായിത്തന്നെ സമുന്നതങ്ങളായ ചില ആകാംക്ഷകളും പ്രതീക്ഷകളും രൂപംകൊണ്ടു. നൂററാണ്ടുകളായി അടിമത്തത്തിൽ കഴിയുകയും, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയുംചെയ്ത ഈ രാഷ്ട്രം, സ്വന്തം പദവിയും മഹത്വവും വീണ്ടെടുക്കുമെന്നും, സ്വഭവനം പുതുക്കിപ്പണിയുമെന്നും നാമാശിച്ചു. മുരടിച്ച ആചാരസമ്പ്രദായങ്ങളുപേക്ഷിച്ചു്, ആരോഗ്യവും ചൈതന്യവും നിറഞ്ഞ പുതിയ വഴക്കങ്ങളാരംഭിക്കുമെന്നു് നാം പ്രതീക്ഷിച്ചു. സാമ്പത്തികമായ ദുരവസ്ഥയിലും, സാമൂഹ്യമായ അനീതിയിലും കിടന്നു് നരകിച്ച ജനജീവിതം, സാമ്പത്തിക സമത്വത്തിന്റേയും, സ്വാഭിമാനത്തിന്റേയും സ്വതന്ത്രവായു സസുഖം ശ്വസിച്ചു തുടങ്ങുമെന്നു് നാം ആശിച്ചു, അഭിലഷിച്ചു. വലിയ വലിയ മുദ്രാവാക്യങ്ങളും വൻപും മുഴക്കിയെങ്കിലും, നമ്മുടെ പ്രതീക്ഷകൾ സഫലമായില്ല. മാത്രമല്ല, അവ്യവസ്ഥയും, ദാരിദ്ര്യവും, ദുരാചാരങ്ങളും. അസമത്വങ്ങളും, സുരക്ഷാബോധമില്ലായ്മയും, സാമൂഹ്യവിരുദ്ധപ്രവണതകളും എല്ലാം മുമ്പെന്നത്തേക്കാളും തീവ്രവും വ്യാപകവുമായിത്തീർന്നു. സ്വാതന്ത്ര്യം കിട്ടിയ ഉടനെ അന്നത്തെ ആവേശത്തിന്റെ ആളിക്കത്തലിൽ, ചില നേട്ടങ്ങളെല്ലാം നാം നേടി. നാട്ടുരാജ്യങ്ങളെ വിലയിപ്പിച്ചു; ഭരണഘടന എഴുതി ഉണ്ടാക്കി; സമ്പദ്‌വ്യവസ്ഥ പുതുക്കിപ്പണിയാനും വ്യവസായവല്ക്കരിക്കാനും വേണ്ട ചില കാൽവെയ്പുകൾ എടുത്തു. പക്ഷേ, ആ ആവേശമെല്ലാം അതിവേഗം ആറിത്തണുത്തു. പരിവർത്തനകാലത്തു് സ്വാഭാവികമായുണ്ടാകുന്ന വിഷമപ്രശ്നങ്ങളും പൊരുത്തക്കേടുകളും പരിഹരിക്കാൻ കഴിയുന്നതിനുപകരം, നാമിന്നവയുടെ നൂലാമാലയിൽ കുരുങ്ങിക്കിടക്കുകയാണു്. ചിട്ടപ്പെടുത്തിയ, സുനിശ്ചിതമായ ലക്ഷ്യത്തിലേക്കു് രാഷ്ട്രത്തെ പുരോഗമിപ്പിക്കുന്നതിനുപകരം, ഭരണകർത്താക്കളും ഭരണീയരും ഒരുപോലെ എന്താണു് ചെയ്യേണ്ടതെന്നറിയാതെ, ആശയക്കുഴപ്പവും മടുപ്പും പിടി

പെട്ട്, ഒഴുക്കിൽപെട്ടവരെപ്പോലെ ലക്ഷ്യമില്ലാതെ സഞ്ചരിക്കയാണ്. അനാസ്ഥയും ആത്മവിശ്വാസരാഹിത്യവും നിറഞ്ഞ ഈ അവസ്ഥ, രാഷ്ട്രത്തിൻെറ നിലനില്പിനും വ്യക്തിത്വത്തിനും അപകടകരമാണ്. ഒരു സ്വതന്ത്ര രാഷ്ട്രത്തിന് അശോഭനമാണ്. ഇവയെല്ലാം നീക്കി, രാഷ്ട്രത്തിൻെറ അന്തർലീനമായ പൗരുഷത്തെ വിളിച്ചുണൎത്തുക എന്നതു് ഇന്നത്തെ അടിയന്തിരാവശ്യമാണ്.

## ഇന്നത്തെ ദുരവസ്ഥയുടെ കാരണം

രാഷ്ട്രജീവിതത്തിൻെറ ആത്മാവിനെ സാക്ഷാല്ക്കരിക്കാതെ, അതിൻെറമേൽ വിദേശിയ വിചാരധാരകളും, ജീവിതമൂല്യങ്ങളും വെച്ചുകെട്ടാനുള്ള പരിശ്രമമാണ് ഇന്നത്തെ ദുരവസ്ഥയുടെ ഏററവും പ്രധാനകാരണം. അതിവേഗം പുരോഗതി നേടണമെന്ന വ്യഗ്രതമൂലം, അന്യരാജ്യങ്ങളെ അന്ധമായി അനുകരിക്കാനും, സ്വന്തമായവയെ തിരസ്കരിക്കാനും ഉള്ള വാസന വളൎന്നു. തൽഫലമായി രാഷ്ട്രം നഷ്ടചേതനമെന്ന മട്ടായിരിക്കുകയാണ്.

## ജനസംഘം—ചരിത്രപരമായ ഒരാവശ്യം

വിശ്വത്തിൻെറ വിജ്ഞാനസമ്പത്തിന്നു മുഴുവൻ നാമും അവകാശികളാണ്; മനുഷ്യജാതിയുടെ അനുഭവങ്ങളെല്ലാം നമ്മുടെ കൈമുതലും. വിജ്ഞാനം ഒരാളുടേയും, ഒരു നാട്ടിൻേറയും കുത്തകയല്ല, അതു് നമ്മുടെ അഭ്യുദയത്തിനും ഉപകരണമാകും. പക്ഷേ, നമ്മുടെ രംഗം ഭാരതമാണ്. ഇവിടുത്തെ കോടിക്കണക്കിനാളുകൾ, നടന്മാരാണ്; മാത്രമല്ല പ്രേക്ഷകരുമാണ്. അവരുടെ ആനന്ദത്തിനും ആത്മസുഖത്തിനും ഉതകുമാറു് എല്ലാ പശ്ചാത്തലവും നാമൊരുക്കണം. മാനവപുരോഗതിയിൽ നാം പ്രേക്ഷകർമാത്രമല്ല, ഭാഗഭാക്കുകൾ കൂടിയാണ്. അതിനാൽ, ഒരുവശത്തു് നാം ലോകത്തിൻെറ നേട്ടങ്ങളുടെമേൽ ദൃഷ്ടിപതിപ്പിക്കണം. അതേസമയം തന്നെ, മറുപുറത്തു്, നമ്മുടെ രാഷ്ട്രത്തിൻെറ പ്രകൃതി, പ്രതിഭ, പ്രത്യേകത എന്നിവ തിരിച്ചറിഞ്ഞു്, നമ്മുടെ പാരമ്പര്യത്തിനും പരിസരങ്ങൾക്കുമനുസരണമായി, ഭാവി വികസനത്തിൻെറ പരിപാടികൾ രൂപീകരിക്കയും വേണം, സ്വന്തം ആത്മസത്തയെ സാക്ഷാല്ക്കരിച്ചല്ലാതെ സ്വാതന്ത്ര്യം സാൎത്ഥകമാകയില്ല. പരാശ്രയത്തിൻേറയും പരാജയബോധത്തിൻേറയും സ്പൎശമില്ലാത്ത, സ്വതന്ത്രവും, സ്വച്ഛന്ദവും സ്വാനുഭവജന്യവുമായ കൎമ്മചൈതന്യവും അതിൽനിന്നേ ഉണരൂ. അജ്ഞത, അനീതി, ദാരിദ്ര്യം എന്നിവ തുടച്ചുനീക്കാനും, സുദൃഢവും സമൃദ്ധവും സംസ്കാരസമ്പന്നവും സുഖമയവുമായ രാഷ്ട്ര ജീവിതം കെട്ടിപ്പടുക്കാനുംകഴിയണമെങ്കിൽ കോടിക്കണക്കിനാളുകൾ, സ്വയം പ്രേരണയോടും സഹകരണബു

ദ്ധിയോട്ടുംകൂടി കഠോരവും അശ്രാന്തവുമായ പരിശ്രമം നടത്തിയേ പററൂ. അതിമഹത്തായ ഈ കാൎയ്യം നിൎവ്വഹിക്കുന്നതിന്നു്, രാഷ്ട്രജീവിതത്തിൻെറ ഓരോ രംഗത്തും ഒരു പുതിയ നേതൃത്വം ഉടലെടുക്കേണ്ടിയിരിക്കുന്നു.' ഈ ആവശ്യം പൂൎത്തീകരിക്കുവാൻ വേണ്ടിയാണു് ജനസംഘത്തിൻെറ ജനനംതന്നെ.

## ഉദ്ദേശ്യം

ഭാരതീയ സംസ്കാരത്തിൻേറയും സദാചാരബോധത്തിൻേറയും അടിസ്ഥാനത്തിൽ, വ്യക്തികൾക്കു് അവസരസമത്വവും സ്വാതന്ത്ര്യവും ഉറപ്പുനല്കുന്ന ഒരു രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക ജനാധിപത്യം സ്ഥാപിക്കുക; അന്യരുടെ ആക്രമണങ്ങളെ വിജയപൂൎവ്വം ചെറുക്കുവാനും, ലോകസമാധാനം സ്ഥാപിക്കുന്നകാൎയ്യത്തിൽ രാഷ്ട്രസമുച്ചയത്തിൽ സമുചിതമായ സ്വാധീനം ചെലുത്തുവാനും കഴിയുമാറു്, ഭാരതത്തെ സുശക്തവും സുസമ്പന്നവുമാക്കുക; അതിനെ പുരോഗമനോന്മുഖവും, ആധുനികവും, ജാഗരൂകവുമായ ഒരു രാഷ്ട്രമെന്നനിലയ്ക്കു് ഉയൎത്തുക—ഇതാണു് ജനസംഘത്തിൻെറ ലക്ഷ്യം.

## അടിസ്ഥാനം ഭാരതീയസംസ്കാരമായിരിക്കണം

ജനാധിപത്യം, സമത്വം, രാഷ്ട്രീയസ്വാതന്ത്ര്യം, ലോകസമാധാനം എന്നിവ പരസ്പരം ബന്ധപ്പെട്ട ആശയങ്ങളാണു്. പാശ്ചാത്യരാഷ്ട്രങ്ങളിൽ ഈ ആശയങ്ങൾ അന്യോന്യ സംഘട്ടനത്തിന്നു് വഴിവെച്ചിട്ടുണ്ടു്. അതു പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിൽനിന്നാണു് സമാജവാദം (സോഷ്യലിസം) ഏകലോകഗവണ്മെൻറു് എന്നീ ചിന്താഗതികളുടെ ഉത്ഭവം, എന്നാൽ അവ പ്രശ്നം പരിഹരിച്ചില്ല. എന്നുമാത്രമല്ല, പ്രസ്തുത ആശയങ്ങളുടെ തമ്മേരിനുതന്നെ കത്തിവെക്കുകയും, പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയുംചെയ്തു. മേല്പറഞ്ഞ ആശയഗതികളെ പൊരുത്തപ്പെടുത്താനും അഭിലഷിക്കുന്ന ലക്ഷ്യത്തിലെത്തിക്കാനും പൎയ്യാപ്തമായ താത്വികാധിഷ്ഠാനം കണ്ടെത്താൻ കഴിയാതെ, മനുഷ്യൻെറ ബുദ്ധിപരമായ വളൎച്ചയും, പുരോഗതിയും ഗതിമുട്ടിനിന്നുപോയിരിക്കയാണു്. ഭാരതീയ തത്വവിജ്ഞാനം, കാലദേശങ്ങൾകൊണ്ടു് അബാധിതമാണു്. അതു്, നമ്മുടെമാത്രമല്ല, മാനവരാശിയുടെ മുഴവൻ അഭ്യുദയത്തിൻെറ മാൎഗ്ഗം നിൎണ്ണയിക്കും.

## ഏകാത്മവാദം

ഭാരതീയസംസ്കാരം ഏകാത്മവാദിയാണു്. സൃഷ്ടിയിലുള്ള വിഭിന്നസത്തകളുടേയും, ജീവിതത്തിൻെറ വിഭിന്ന അംശങ്ങളുടേയും ദൃശ്യഭേദത്തെ അംഗീകരിച്ചുകൊണ്ടുതന്നെ, അതു്, അവയി

ലന്തർലീനമായ ഏകതയെ തേടിയറിയുകയും, സമന്വയം സ്ഥാപിക്കുകയും ചെയ്യുന്നു. പരസ്പര സംഘർഷം, വിരോധം എന്നിവയ്ക്കുപകരം, പരസ്പരാശ്രയം, ആനുകൂല്യം, സഹകരണം എന്നിവയുടെ അടിസ്ഥാനത്തിൽ, അതു് സൃഷ്ടിയിലെ ക്രിയകളെ കണക്കാക്കുന്നു. അതു് ഏകാംഗിയല്ല, സർവ്വാംഗീണമാണു്, അതിന്റെ വീക്ഷണം, വർഗ്ഗീയമല്ല; വർഗ്ഗവാദപരവുമല്ല. പ്രത്യുത, സർവ്വാത്മവാദിയും സർവ്വോൽകർഷവാദിയുമാണു്, ഏകാത്മകത്വം അതിൻെറ പ്രാണനാണു്.

## വ്യഷ്ടിയും സമഷ്ടിയും

പാശ്ചാത്യലോകത്തു് ഉടലെടുത്തിട്ടുള്ള പല ചിന്താഗതികളുടേയും അടിസ്ഥാനം, വ്യക്തിയും സമാജവും തമ്മിൽ സംഘർഷം ഉണ്ടു് എന്ന സങ്കല്പമാണു്. വ്യക്തിക്കോ സമാജത്തിനോ ഏതെങ്കിലും ഒന്നിനു്, അവ പരമപ്രാധാന്യം കല്പിക്കുന്നു; ഒന്നിനെ അന്തിമലക്ഷ്യമായി പരിഗണിക്കുന്നു. എന്നാൽ കാണപ്പെടുന്ന വ്യക്തി, കാണപ്പെടാത്ത സമാജത്തേയുംകൂടി പ്രതിനിധീകരിക്കുന്നു എന്നവർ കാണുന്നില്ല. ഓരോ 'എന്നിലും'കൂടി 'ഞാൻ' എന്നതിനോടൊപ്പം, 'ഞങ്ങൾ' എന്ന സത്തകൂടി ജീവിക്കുന്നു. ഓരോ വ്യക്തിയിലുംകൂടി, സമാജത്തിൻെറ പ്രകൃതി പ്രതിഫലിക്കുന്നു. സമാജത്തിൻെറ ഉപകരണവും, ജ്ഞാനതന്തുവും വ്യക്തി തന്നേയാണു്. വ്യക്തി വളരാതിരിക്കയോ, നശിക്കയോചെയ്താൽ സമാജം അത്രകണ്ടു് അപൂർണ്ണമായിത്തീരുന്നു. സമാജത്തിൻെറ പൂർണ്ണതയുടെ മാദ്ധ്യമവും, മാനദണ്ഡവും വ്യക്തിതന്നേയാണു്. എന്നാൽ, വ്യക്തിയുടെ സാധനാസമഷ്ടിയുടെ ആരാധനയിൽ നിന്നു് വിഭിന്നമായിരിക്കവയ്യ. ശരീരത്തിന്നു കോട്ടം തട്ടിച്ചിട്ടു്, ഒരവയവത്തിനെങ്ങനെ സുഖമായിരിക്കാൻ കഴിയും? ദളങ്ങൾ ചേർന്നതാണു് പുഷ്പം. ദളത്തിൻെറ ശോഭയും, ജീവിതസാഫല്യവും, പുഷ്പത്തോടിണങ്ങിച്ചേർന്നു് അതിനഴകും രൂപവും രചിക്കുന്നതിൽമാത്രമാണു്. വ്യക്തിസ്വാതന്ത്ര്യവും സമാജഹിതവും പരസ്പരവിരുദ്ധമല്ല.

## വ്യക്തിയുടെ സർവ്വാംഗീണമായ വളർച്ച

വ്യക്തി എന്നതു് ശരീരം, മനസ്സ്, ബുദ്ധി, ആത്മാവ് എന്നിവയുടെ സമുച്ചയമാണു്. വ്യക്തിയുടെ സർവ്വാംഗീണമായ വളർച്ചയിൽ ഈ നാലിനേയും പരിഗണിക്കേണ്ടതുണ്ടു്. നാലിൻേറയും വിശപ്പടക്കാതെ, വ്യക്തിക്കു് സുഖമനുഭവിക്കാനോ, തൻെറ വ്യക്തിത്വത്തെ വികസിപ്പിക്കുവാനോ സാദ്ധ്യമല്ല. ഭൗതികം അദ്ധ്യാത്മികം എന്നീ രണ്ടുതരത്തിലുമുള്ള പുരോഗതിയും ആവ

ശ്യമാണ്. ജീവിതനിർവ്വഹണത്തിനുള്ള വഴി, ശാന്തി, ജ്ഞാനം, തദാത്മ്യഭാവന എന്നിവ, ഈ നാലു വിശപ്പുകൾക്ക് പ്രതിവിധിയാണ്. സർവ്വാംഗീണമായ വികാസത്തിനുള്ള അഭിലാഷമാണ്, വ്യക്തിയെ സമാജഹിതപ്രകാരം പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത്.

## നാലു പുരുഷാർത്ഥങ്ങൾ

വ്യക്തിയുടെ വികാസവും, സമാജത്തിൻെറ ഹിതവും സമ്പാദിക്കുകയെന്ന ഉദ്ദേശത്തോടെയാണ് ധർമ്മം, അർത്ഥം, കാമം, മോക്ഷമെന്ന നാലു പുരുഷാർത്ഥങ്ങൾ സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. ധർമ്മം, അർത്ഥം, കാമം എന്നിവ ഒന്നിനൊന്ന് പൂരകവും പോഷകവുമാണ്. ഇതിലേതെങ്കിലും ഒന്നിനെ, മനുഷ്യൻെറ പ്രവർത്തനങ്ങളുടെ പ്രചോദനമായോ, നേട്ടങ്ങളുടെ മാനദണ്ഡമായോ പരിഗണിക്കുന്നത് തികച്ചും ശരിയായിരിക്കയില്ല. എന്നിരുന്നാലും, അർത്ഥ— കാമങ്ങളുടെ സിദ്ധിക്ക് കാരണമായതിനാൽ, ധർമ്മത്തെ ആധാരഭൂതമായിക്കരുതാം.

## ധർമ്മത്തിൻെറ സ്വരൂപം

പലപ്പോഴും ധർമ്മത്തെ മതമോ ആരാധനാസമ്പ്രദായമോ ആയി തെററിദ്ധരിച്ച്, അതിന്ന് ചേരാത്ത അർത്ഥം നൽകിവരുന്നുണ്ട്. ധർമ്മശബ്ദത്തെ, ഇംഗ്ലീഷ്ഭാഷയിൽ 'റിലിജ്യൺ' എന്ന് വിവർത്തനംചെയ്തതിൽനിന്നുണ്ടായ തെററാണിത്. ഏതൊരു ശാശ്വതനിയമങ്ങൾ പാലിക്കുന്നതുകൊണ്ടാണോ (ഒരു വസ്തു) നിലനില്ക്കുന്നത്, അഭ്യുദയവും നിഃശ്രേയസവും പ്രാപിക്കുന്നത്, അതാണ് ധർമ്മം. ധർമ്മത്തിൻെറ വാസ്തവികമായ അർത്ഥം ഇതാണ്. ധർമ്മത്തിൻെറ മൂലതത്വങ്ങൾ സനാതനമാണ്. എന്നാലവയുടെ വിശദാംശങ്ങൾ, കാലദേശാവസ്ഥകൾ അനുസരിച്ചുമാറും. പരിവർത്തനശീലമായ ഈ പ്രപഞ്ചത്തിന്, സ്ഥായീഭാവം പ്രദാനംചെയ്യുന്നത് ധർമ്മം മാത്രമാണ്. അതിനാൽ, ധർമ്മത്തെത്തന്നെയാണ് നിയന്താവായി കണക്കാക്കുന്നത്. പരമാധികാരം സ്ഥിതിചെയ്യുന്നതും ധർമ്മത്തിലാണ്.

## രാഷ്ട്രത്തിൻെറ ആത്മാവ്—ചിതി

സമാജമെന്നത് കേവലം വ്യക്തികളുടെ കൂട്ടമോ, കൂട്ടുചേരലോ അല്ല. പ്രത്യുത ഒരു സജീവ സത്തയാണ്. ഒരു പ്രത്യേക ഭൂമിയെ, മാതൃഭാവത്തോടെ പരിഗണിച്ചുവരുന്ന സമാജത്തിൽ നിന്ന് രാഷ്ട്രം ഉണ്ടാകുന്നു. ഒരോ രാഷ്ട്രത്തിനും ഒരു പ്രത്യേക പ്രകൃതി ഉണ്ടായിരിക്കും. അതു, ചരിത്രപരമോ, ഭൂമിശാസ്ത്രപര

മോ ആയ കാരണങ്ങളുടെ പരിണാമം മാത്രമല്ല, പിന്നെയോ സഹജമാണ്; അതിനെ 'ചിതി' എന്നു വിളിക്കുന്നു. ഈ ചിതിക്കനുകൂലമായോ പ്രതികൂലമായോ പെരുമാറുന്നതിനെ ആശ്രയിച്ചാണ്, രാഷ്ട്രങ്ങളുടെ ഉയർച്ചയും താഴ്ചയും ഉണ്ടാകുന്നത്. പ്രത്യേക വൈശിഷ്ട്യങ്ങളോടുകൂടിയ രാഷ്ട്രങ്ങൾ പരസ്പരപൂരകങ്ങളായി, മനുഷ്യവർഗ്ഗത്തിന്റെ ഐക്യം സാധിക്കയും ചെയ്യുന്നു. രാഷ്ട്രങ്ങളുടെ പ്രകൃതി, മാനവൈകൃത്തിന്ന് വിരുദ്ധമല്ല. വിരുദ്ധമായ പെരുമാററം കാണുന്നെങ്കിൽ അത് വികൃതിയുടെ ലക്ഷണമാണ്. വ്യക്തിയെ നശിപ്പിച്ച്, സമഷ്ടിക്ക് നിലനില്ക്കാമെന്നോ വളരാമെന്നോ വിചാരിക്കുന്നതുപോലെ അസംഭാവ്യവും ആഗ്രഹിക്കരുതാത്തതുമാണ്, രാഷ്ട്രങ്ങളെ നശിപ്പിച്ച് മാനവൈക്യം സാധിക്കാമെന്ന് കരുതുന്നതും.

## 'ചിതി'യുടെ ആവിഷ്കരണമാദ്ധ്യമം

സ്വയം ആവിഷ്കരിക്കുന്നതിന്നുവേണ്ടിയും, വ്യക്തികൾക്ക് അവരുടെ വിവിധ പുരുഷാർത്ഥങ്ങൾ സമ്പാദിക്കുന്നതിന്ന് സൌകര്യമുണ്ടാക്കുവാൻവേണ്ടിയും, 'ചിതി' പലതരത്തിലുള്ള സ്ഥാപനങ്ങളെ സൃഷ്ടിക്കുന്നു. ദേഹത്തിൽ അവയവങ്ങൾക്കുള്ള സ്ഥാനമാണ്, സമാജത്തിൽ സ്ഥാപനങ്ങൾക്കുള്ളത്. കുഡുംബം, ജാതി, വർണ്ണം, പഞ്ചായത്ത്, ഉപാസനാസമ്പ്രദായങ്ങൾ, സംഘം, പൂഗം (Guild), വിവാഹം, സമ്പത്ത്, രാജ്യം മുതലായവ ഈ തരത്തിലുള്ള സ്ഥാപനങ്ങളാണ്. രാജ്യം (State) പ്രാധാന്യമുള്ളതാണ്. പക്ഷേ, അത് എല്ലാററിനും ഉപരിയല്ല.

## 'രാജ്യ'ത്തിന്റെ ആവശ്യം

ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരന്യോന്യം സംരക്ഷിച്ചുപോന്ന കൃതയുഗത്തിൽ രാജ്യം (State) ഉണ്ടായിരുന്നില്ല. പക്ഷെ, അതൊരാദർശാവസ്ഥമാത്രമാണ്. വ്യക്തികളെല്ലാവരും പൂർണ്ണമായും ദ്വന്ദ്വാതീതരും നിസ്വാർത്ഥരും യാതൊന്നും ആഗ്രഹിക്കാത്തവരും ധർമ്മനിഷ്ഠരുമായിത്തീരുമ്പോഴേ അത്തരമൊരവസ്ഥ വിജയിക്കൂ. അതിനാൽ, സാമാന്യനിലയ്ക്ക് സമാജമദ്ധ്യത്തിൽ ക്രമസമാധാനം നിലനിർത്താനും, അവനവന്റെ കർത്തവ്യങ്ങളനുഷ്ഠിക്കാൻ ഓരോ വ്യക്തിക്കും സൌകര്യമുണ്ടാക്കുവാനും രാജ്യത്തി (State)ന്റെ നിലനില്പാവശ്യമാണ്,

## ആദർശരാജ്യം—ധർമ്മരാജ്യം

ഭാരതത്തിൽ ആദർശരാജ്യമായിക്കരുതിപ്പോന്നത് ധർമ്മരാജ്യത്തെയായിരുന്നു. ഉപാസനാ രീതിയുമായി ഇതിന്ന് ബന്ധമില്ല. എല്ലാ മതങ്ങളോടും ഉപാസനാ സമ്പ്രദായങ്ങളോടും സഹിഷ്ണുതയും സമാദരവും, ഭാരതീയ രാജ്യത്തിന്റെ അവശ്യഗുണങ്ങളാണ്.

ഓരോ പൗരനും അവനവൻെറ നിഷ്കൃഷ്ടമായ മനസ്സാക്ഷിക്കനുസരിച്ച് ആരാധന നടത്താനുള്ള അധികാരത്തിനു് യാതൊരു കോട്ടവും ഉണ്ടായിരിക്കുന്നതല്ല. രാജ്യത്തിൻെറ നടത്തിപ്പിലോ നയരൂപീകരണത്തിലോ മതത്തിൻെറ അടിസ്ഥാനത്തിൽ ഒരു വ്യക്തിയോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല. ധർമ്മരാജ്യം 'തിയോക്രസി' എന്നറിയപ്പെടുന്ന മതാധിഷ്ഠിത രാജ്യമല്ല.

ഒരു വ്യക്തിയെയോ സ്ഥാപനത്തെയോ ധർമ്മരാജ്യം പരമാധികാരത്തോടുകൂടിയതെന്നു് അംഗീകരിക്കുന്നില്ല. നിയമത്താലും കർത്തവ്യത്താലും ബന്ധിക്കപ്പെട്ടവരാണ് എല്ലാവരും. ഭരണനിർവ്വാഹകർ (Executive) നിയമ നിർമ്മാതാക്കൾ (Legislative) ജനങ്ങൾ ഇവരുടെ എല്ലാവരുടെയും അധികാരങ്ങൾ ധർമ്മത്തിനു് അധീനമാണ്. തോന്നിയപോലെ നടക്കാൻ ഒരാൾക്കും അധികാരമില്ല. Rule of law (നിയമവാഴ്ച) എന്നഇംഗ്ലീഷ് പദം, ധർമ്മരാജ്യം എന്ന സങ്കല്പത്തിൻെറ അർത്ഥം വ്യക്തമാക്കുന്ന ഏററവും അടുത്തവാക്കാണ്. കടിഞ്ഞാണില്ലാത്ത ഏകാധിപത്യത്തെ തടയുവാനും, ജനാധിപത്യത്തിലെ സ്വാതന്ത്ര്യം താന്തോന്നിത്തമായി അധഃപതിക്കാതെ കാക്കുവാനും ധർമ്മരാജ്യത്തിനു് കഴിയും. രാജ്യത്തെക്കുറിച്ചു മററുള്ളവരുടെ സങ്കല്പങ്ങൾ 'അവകാശ'ത്തിൽ വേരൂന്നിയതാണ്. ധർമ്മരാജ്യത്തിൻെറ വേരാകട്ടെ, കർത്തവ്യഭാവത്തിലാണൂന്നിയിട്ടുള്ളതു്. അതിനാൽ ഈ വ്യവസ്ഥയിൽ, തങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടുമോ എന്ന ആശങ്ക, അനിയന്ത്രിതമായ അധികാരത്തിനുവേണ്ടിയുള്ള തൃഷ്ണ, പരിമിതമായ അവകാശങ്ങളിൽ അസംതൃപ്തി, എങ്ങിനേയും അധികാരത്തിലേറിക്കഴിഞ്ഞാൽപിന്നെ സ്വകർത്തവ്യങ്ങളുടെനേക്ക് അവഗണന, അധികാരപ്രമത്തത, അവകാശങ്ങൾ തമ്മിലുള്ള സംഘർഷം എന്നിവയ്യൊന്നും സ്ഥാനമില്ലതന്നെ.

## കർത്തവ്യവും അവകാശവും

ധർമ്മരാജ്യത്തിൽ, ജനങ്ങളുടെ അവകാശങ്ങൾ അലംഘ്യങ്ങളായിരിക്കും. തങ്ങളുടെ മൌലികാവകാശങ്ങളെക്കുറിച്ചു് ജാഗരൂകരായിരിക്കേണ്ടതു് ജനങ്ങളുടെ ചുമതലയാണ്. അങ്ങിനെ ചെയ്യാതെ അവർക്ക് ധർമ്മപാലനം സാദ്ധ്യമാകയില്ല. സ്വകർത്തവ്യം നിർവ്വഹിക്കുവാനുള്ള സാമർത്ഥ്യം നേടാനും, അവനവൻെറ സ്വതന്ത്ര വ്യക്തിത്വത്തോടൊപ്പം, താനൊരു സമാജത്തിൻെറ അംഗമാണെന്നുള്ള അനുഭൂതി കൈവരിക്കാനുമുള്ള ഉപകരണമാണ് 'അവകാശം' എന്നതു്. ധർമ്മമാകുന്ന ആധാരത്തോടുകൂടിയ ഒരു ത്രികോണത്തിൻെറ രണ്ടു ഭുജങ്ങളാണ് അവകാശവും കർത്തവ്യവും. ആയുധം കിട്ടണം എന്നതു് ഭടൻെറ അവകാശമാണ്. രാജ്യരക്ഷ എന്ന സ്വകർത്തവ്യം നിർവ്വഹിക്കാൻ, ആയുധമില്ലാതെ

അവനു് സാദ്ധ്യമല്ല. ആയുധം എപ്പോൾ കൊട്ടക്കണം, എങ്ങനെ ഉപയോഗിക്കണം എന്ന തീരുമാനം ധർമ്മത്തിൻേറതാണ്.

## ജനാധിപത്യം

പ്രജകളുടെ അവകാശങ്ങളുറപ്പിക്കാനും, അവരുടെ കർത്തവ്യം നിർവ്വഹിക്കാനും ഉള്ള ഒരു ഉപകരണമാണ് ജനാധിപത്യം രാഷ്ട്രീയ മണ്ഡലത്തിൽ മാത്രമല്ല, സാമ്പത്തിക, സാമൂഹ്യമണ്ഡലങ്ങളിലും, ജനാധിപത്യം കൂടിയേകഴിയൂ. ശരിക്കു പറഞ്ഞാൽ, ജനാധിപത്യം, അവിഭാജ്യമാണു്. ഒരു മണ്ഡലത്തിൽ ജനാധിപത്യമില്ലാതെപോയാൽ, ഇതരമണ്ഡലങ്ങളിലും ക്രമേണ അതിൻെറ വളച്ച് അററുപോകും. സഹിഷ്ണുത, വ്യക്തിയുടെ മാന്യത, സമഷ്ടിയുമായുള്ള ഏകാത്മത— ഇവ ജനാധിപത്യത്തിൻെറ പ്രാണനാണു്. ഇവകൂടാത്ത ജനാധിപത്യത്തിൻെറ ബാഹ്യരൂപങ്ങൾ ചൈതന്യമററ ചട്ടക്കൂട്ടമാത്രമാണു്. ചൈതന്യം മങ്ങാതെ നിലനില്ക്കുന്നപക്ഷം, കാലദേശാവസ്ഥകൾക്കനുസരിച്ച്, ജനാധിപത്യത്തിനു് വിഭിന്ന രൂപങ്ങൾ കൈക്കൊള്ളാൻകഴിയും.

സ്വന്തം പ്രതിനിധികളെ ഭരണാധികാരികളായിതെരഞ്ഞെടുക്കാനും, സ്വയം അങ്ങനെ തിരഞ്ഞെടുക്കപ്പെടാനും ഉള്ള അവകാശം, രാഷ്ട്രീയമായ ജനാധിപത്യത്തിൻെറ പ്രമുഖ ലക്ഷണമാണു്. സാമ്പത്തികമായ ജനാധിപത്യത്തിനു്, തൊഴിൽചെയ്യാനും, അനുഭവിക്കാനും ഉള്ള സ്വാതന്ത്ര്യംആവശ്യമാണു്. മാന്യത, അവസരസമത്വം എന്നിവയിൽനിന്നു് സാമൂഹ്യമായ ജനാധിപത്യം ഉറപ്പുവരുന്നു. ഈ വിഭിന്നാവകാശങ്ങൾ പരസ്പരം ഇണങ്ങിയും പോഷിപ്പിച്ചുംപോകണം; അല്ലാതെ, അവ ഒന്നിനൊന്നു വിരോധവും വിനാശഹേതുവുമായിതീരരുതു് എന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

## സ്വാതന്ത്ര്യം

സ്വാതന്ത്ര്യമെന്നതു്, മനുഷ്യൻേറയും, രാഷ്ട്രത്തിൻേറയും, സ്വാഭാവികമായ അഭിലാഷമാണു്. പാരതന്ത്ര്യത്തിൽ സുഖമോ ശാന്തിയോ ഇല്ല. രാഷ്ട്രീയസ്വാതന്ത്ര്യത്തോടൊപ്പം, സാമ്പത്തിക, സാമൂഹ്യസ്വാതന്ത്ര്യങ്ങളുംവേണം. വ്യക്തിയുടേയും സമഷ്ടിയുടേയും സ്വാഭാവികമായ ഹിതങ്ങളിൽ, ഭരണകൂടം കൈകടത്താതിരിക്കുക; അവയ്ക്കനുകൂലമായി പ്രവർത്തിക്കുക—ഇതാണു് രാഷ്ട്രീയസ്വാതന്ത്ര്യം. സമ്പത്തു് അധികമായാലോ തീരെ ഇല്ലാതായാലോ, മനുഷ്യഹിതത്തിനു് വിഘ്നം നേരിടാതിരിക്കുക— ഇതാണു് സാമ്പത്തിക സ്വാതന്ത്ര്യം. സമാജം വ്യക്തിയുടെ സ്വാഭാവികവളർച്ചക്കു് തടസമാവാതെ സഹായമായിത്തീരണം—ഇയാണു് സ്വാതന്ത്ര്യം, ഒരു രാഷ്ട്രത്തിൽ ഈ സ്വാതന്ത്ര്യങ്ങളെല്ലാം നിലനിന്നാല

ല്ലാതെ വ്യക്തിക്കവ ലഭ്യമാകയില്ല. രാജ്യത്തിൻെറ ഓരോരോ അംഗവും, അതതിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതുകൊണ്ടു്, എല്ലാവക്കും സ്വാതന്ത്ര്യം കൈവരുന്നു.

ജനാധിപത്യത്തെപ്പോലെ സ്വാതന്ത്ര്യവും അവിഭാജ്യമാണ്, രാഷ്ട്രീയസ്വാതന്ത്ര്യമില്ലാഞ്ഞാൽ മററു രണ്ടു സ്വാതന്ത്ര്യങ്ങളും ഉണ്ടാവില്ല. സാമ്പത്തിക സ്വാതന്ത്ര്യമില്ലാതെ പോയാൽ, ജനതയ്ക്കു് സാമൂഹ്യസ്വാതന്ത്ര്യവും ഒരളവുവരെ രാഷ്ട്രീയ സ്വാതന്ത്ര്യവും ലഭിക്കാതെ പോകും. അതുപോലെ തന്നെ സാമൂഹ്യ സ്വാതന്ത്ര്യത്തിൻെറ അഭാവത്തിൽ, സാമ്പത്തിക രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾ അന്തസ്സാര ശൂന്യങ്ങളാവും.

## അർത്ഥായാമം (സാമ്പത്തിക സംവിധാനം)

ഭരണതന്ത്രത്തിലെന്നപോലെ, സാമ്പത്തിക തന്ത്രത്തിലും, 'ഭരണകൂടം വേണ്ട' (Laissez faire) എന്ന അവസ്ഥ കൃതയുഗത്തിൽ മാത്രമേ ഉണ്ടാവുകയുള്ളു. എന്നുവെച്ചാൽ, അത്തരമൊരു പരിത:സ്ഥിതിയിലേ, ഇടപെടാതിരിക്കൽ സിദ്ധാന്തം എല്ലാവക്കും ഗുണകരമായിത്തീരു എന്നർത്ഥം. അതിനാൽ, സമ്പത്തു് ഉല്പാദിപ്പിക്കൽ, വിതരണം ചെയ്യൽ, അനുഭവിക്കൽ എന്നിവയെ ചിട്ടപ്പെടുത്തുന്നതിനു് ആർത്ഥിക സംവിധാനം ആവശ്യമാണ്. ഇക്കാരണത്താൽ സാമ്പത്തിക രംഗത്തും അനവധി സ്ഥാപനങ്ങൾ ഉടലെടുക്കുന്നുണ്ടു്. ഭരണകൂടത്തിനുമുണ്ടു് ഈ വിഷയത്തിൽ മഹത്തരമേറിയ ചുമതല. എന്നാൽ എല്ലാ വ്യവസായങ്ങളുടേയും ഉല്പാദനത്തിൻെറയും ഉപകരണങ്ങൾ രാജ്യത്തിൻെറ അധീനത്തിൽ വെയ്ക്കുക എന്നതു, രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരങ്ങളുടെ കേന്ദ്രീകരണത്തിനു് വഴിതെളിക്കുന്നു. അതിനാൽ അതു് ശരിയല്ല. എന്നാൽ സാമ്പത്തിക രംഗത്ത് ഭരണകൂടം കടന്നുവരേണ്ട ആവശ്യമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. സാമ്പത്തിക വികസനത്തിൻെറ പ്രക്രിയ സമാരംഭിക്കുവാനും, സമ്പദ്‌വ്യവസ്ഥയിൽ ചിട്ട പാലിക്കുവാനും, രാഷ്ട്രത്തിൻെറ അടിസ്ഥാനപരമായ ലക്ഷ്യങ്ങൾ സാധിക്കുവാനും വേണ്ടി ആസൂത്രണം, നിർദ്ദേശം ചിട്ടപ്പെടുത്തൽ, നിയന്ത്രണം, എന്നീ രൂപത്തിൽ ഭരണകൂടം പ്രവേശിക്കേണ്ടിവരും. മാത്രമല്ല, ചില പ്രത്യേക രംഗങ്ങളിലും, പരിത:സ്ഥിതികളിലും, ഉടമയായും. നടത്തിപ്പുകാരനായുംതന്നെ സ്റ്റേററ് പ്രവർത്തിക്കേണ്ടതായും വരും.

## സമ്പത്തിൻെറ അഭാവവും പ്രഭാവവും

സമ്പത്തിൻെറ അഭാവത്തിൽ ധർമ്മം ക്ഷയിക്കുന്നു. എന്നാൽ, അതിൻെറ പ്രഭാവംകൊണ്ടും ധർമ്മത്തിനു് ഹാനിനേരിടും. അഭാവം, പ്രഭാവം—രണ്ടുകൊണ്ടും സാമ്പത്തികസ്വാതന്ത്ര്യം ഹനി

ക്കപ്പെടുന്നു. ക്ലേശം കൂടാതെ ജീവിക്കാനുള്ള വരുമാനം ലഭിക്കാതിരിക്കുക, ഉല്പാദനം തുടന്നു പോകാനും, വികസിപ്പിക്കാനുമാവശ്യമായ മൂലധനം ഇല്ലാതെ വരിക-ഇവ സമ്പത്തിൻെറ അഭാവമാണ്. വ്യക്തിക്കും രാഷ്ട്രത്തിനും ഒരുപോലെ ബാധകമാണീ വിഷയം. എന്താണ് സമ്പത്തിൻെറ പ്രഭാവമെന്നുവെച്ചാൽ? അതെങ്ങിനെ ഉണ്ടാകുന്നു? സമ്പത്തു് ഒരുപകരണമാണെന്നതു് മറന്നു് അതിൽ ആസക്തി വരിക; പണമുണ്ടായിട്ട് അതു് ധർമ്മത്തിന്നനുസരിച്ച് അനുഭവിക്കണമെന്ന ഇച്ഛ, അറിവ്, അതിന്നുള്ള കഴിവ് ഇവ ഇല്ലാതെ പോകുക; ധനംകൊണ്ടുള്ള മദം, സമാജത്തിൽ സാമ്പത്തികാസമത്വം, നാണയപ്പെരുപ്പം, വിലയിടിവ് മുതലായ കാരണങ്ങളിൽനിന്നു് സമ്പത്തിൻെറ പ്രഭാവം ഉല്പന്നമാകുന്നു. ഈ പ്രഭാവം, മനുഷ്യൻെറ കർമ്മശക്തിയുടെ കുമ്പടക്കുകയും, ധനവും ഐശ്വര്യവും ക്ഷയിപ്പിക്കുകയും ചെയ്യും.

## സമ്പത്തിൻെറ ഉടമ

സമ്പത്തിൻെറ ഉടമയാരു് എന്ന പ്രശ്നം പ്രധാനമാണ്. സമ്പത്തിൻെറ മേൽ വ്യക്തിക്ക് നിരുപാധികമായ അധികാരമുണ്ടെന്നു് കുറെ പേർ കരുതുന്നു. എന്നാൽ മററു ചിലരാകട്ടെ, സ്വകാര്യ സ്വത്താണ്—വിശേഷിച്ചും ഉല്പാദനവിഭവങ്ങളുടെ സ്വകാര്യ ഉടമസ്ഥതയാണ്—എല്ലാദോഷങ്ങളുടെയും മൂല കാരണമെന്നു് കരുതുന്നു. 'ഈശാവാസ്യമിദം സർവ്വം' എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ മററു ചിലർ, എല്ലാ സ്വത്തുക്കളും ഈശ്വരൻേറതാണെന്നും, ഈശ്വരൻ "വിശ്വസിച്ചേല്പിച്ച ഒരാൾ" (Trustee) എന്ന നിലക്കു് മനുഷ്യനതിനെ കൈകാര്യം ചെയ്യണമെന്നും ഉപദേശിക്കുന്നു. തത്വദൃഷ്ട്യാ നോക്കിയാൽ ഈ സിദ്ധാന്തം നന്നു്തന്നെ. എന്നാൽ വ്യവഹാരദൃഷ്ട്യാ നോക്കുമ്പോൾ, ഏതേതെല്ലാം നിയമങ്ങൾകൊണ്ടാണ് 'വിശ്വസ്തനെ' ബന്ധിക്കേണ്ടതു്, ആരാണതിനുത്തരവാദി എന്നെല്ലാമുള്ള പ്രശ്നങ്ങൾ പൊന്തിവരുന്നു.

ജീവിതത്തിലെ വിവിധ വ്യവഹാരങ്ങൾക്കും, ആവശ്യങ്ങൾക്കുംവേണ്ടി, അന്യോന്യം ബന്ധപ്പെട്ടുകഴിയുന്ന വ്യക്തിക്കോ വ്യക്തികളുടെ സമൂഹത്തിനോ സമ്പത്തില്ലാതെ കഴിഞ്ഞുകൂട്ടുക വയ്യ. കർമ്മത്തോടൊന്നിച്ചു പോകുന്നതാണ് കർമ്മഫലവും. സമ്പാദിക്കുന്നതനുഭവിക്കുക, അനുഭവിക്കുന്നതിന്നു് സ്വാതന്ത്ര്യമുണ്ടായിരിക്കുക ഇതിൽനിന്നാണു് സ്വത്തിൻെറ ഉത്ഭവം. സമ്പാദിക്കുന്നതു മുഴവൻ അനുഭവിക്കാതെ മിച്ചം വെയ്ക്കുക എന്നതു് വ്യക്തിയുടെ മാത്രമല്ല രാഷ്ട്രത്തിൻെറയും സൽസ്വഭാവമാണു്. സമ്പത്തിൽനിന്നുതന്നെയാണു് മനുഷ്യനു് മാന്യത, രക്ഷാബോധം, സന്തുഷ്ടി

എന്നിവ അനുഭവപ്പെടുന്നതു്. അതിനാൽ സമ്പത്തു് തീരെ വേണ്ടെന്നുവെക്കുവാൻ സാദ്ധ്യമല്ല.

സമ്പത്തിൻെറ അധികാരം സമാജത്തെ ആശ്രയിച്ചുള്ളതാണു്. എല്ലാ വസ്തുക്കൾക്കും ബാധകമായ ഒരു സാമ്പത്തികനിയമമില്ല. മാത്രമല്ല, ഒരേ വസ്തുവിനുതന്നെ എന്നും, എവിടെയും ഒരു നിയമമില്ല. സമ്പത്തിനെ നിയന്ത്രിക്കാൻ സമാജത്തിനധികാരമില്ല എന്നു് വാദിക്കുന്നവർ, നിലവിലുള്ള മൂല്യങ്ങളിലും ബന്ധങ്ങളിലും സമാജം പരിവർത്തനം വരുത്തരുതെന്നേ പറയുന്നുള്ളൂ. സമ്പത്തിനെ സംബന്ധിക്കുന്ന നിയമങ്ങളിൽ മാററം വരുത്താൻ സമാജത്തിന്നധികാരമുണ്ടെന്നു മാത്രമല്ല, പലപ്പോഴും അതു് സമാജത്തിൻെറ ചുമതലകൂടിയായിത്തീരാറുണ്ടു്. നിരുപാധികവും, മാററാനാവാത്തതുമായ സ്വത്തധികാരം എന്നൊന്നില്ലതന്നെ.

പരിമിതികൾക്കു വിധേയമായി വേണം, സ്വത്തധികാരത്തെ നാം അംഗീകരിക്കുവാൻ. സമാജത്തിൻേറയും വ്യക്തികളുടേയും ആവശ്യങ്ങൾ, ജീവിതമൂല്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ പരിമിതികൾ നിർണ്ണയിക്കപ്പെടേണ്ടതു്. സമ്പത്തിൻെറ പ്രഭാവംമൂലം സ്വത്തുടമ മടിയനോ സുഖിയനോ ആയിത്തീരുകയോ, അന്യരെ ദരിദ്രരോ അടിമകളോ ആക്കുകയോ ചെയ്യുമ്പോൾ നിയന്ത്രണം ആവശ്യമായിവരുന്നു.

സമ്പത്തിനെ സംബന്ധിക്കുന്ന നിയമങ്ങൾക്കു് മാററംവരുത്തുമ്പോൾ, മാററത്താൽ ബാധിക്കപ്പെടുന്ന വ്യക്തിയുടെ പുനരധിവാസച്ചുമതല, മൌലികമായി, സമാജത്തിൽ വന്നുചേരുന്നു. എന്നാൽ നഷ്ടപരിഹാരസിദ്ധാന്തം അംഗീകരിക്കേണ്ടതു് രക്ഷാബോധവും, സ്ഥായിത്വവും. ഉറപ്പുവരുത്തുവാൻ ആവശ്യമാണു്.

## സമ്പദ്‌വ്യവസ്ഥയുടെ ഉരക്കല്ല്

ഭരണവ്യവസ്ഥയിലെന്നപോലെതന്നെ സമ്പദ്‌വ്യവസ്ഥയിലും, യഥാർത്ഥ പരീക്ഷണം, മനുഷ്യൻെറ സർവ്വതോമുഖമായ വികാസത്തിനു് അതു് സഹായമാണോ എന്നതാണു്. മനുഷ്യസുഖമാണു് അർത്ഥോല്പാദനത്തിൻെറ പ്രമുഖ ലക്ഷ്യം. മനുഷ്യശക്തിയാണു് അതിൻെറ പ്രധാന ഉപകരണം. പ്രകൃതി വിഭവങ്ങളുപയോഗിച്ചു്, തൻെറ ആവശ്യങ്ങൾ നിറവേററുകയാണല്ലൊ ആർത്ഥികരംഗത്തെ പ്രവർത്തനങ്ങളുടെ ഉദ്ദേശം. ഈ ഉദ്ദേശം സഫലമാക്കുന്നതോടൊപ്പംതന്നെ, മനുഷ്യൻെറ സർവ്വാംഗീണമായ വളർച്ചയ്ക്കും സഹായകമാകുന്നതേതോ ആ വ്യവസ്ഥയാണുത്തമം. മനുഷ്യൻെറ സാമ്പത്തികശക്തിമാത്രം വളർന്നു, മററെല്ലാവശങ്ങളും തളർന്നു എന്നുവന്നാൽ ആ വ്യവസ്ഥ ക്ഷേമകരമാ

ണെന്നു് പറഞ്ഞുകൂടാ. മനുഷ്യനായിരിക്കണം നമ്മുടെ ഏതു വ്യവസ്ഥയുടേയും കേന്ദ്രബിന്ദു.

മുതലാളിത്തസമ്പ്രദായം അപൂർണ്ണമാണു്. കാരണം, അതു് മുഴവൻ മനുഷ്യനേയും പരിഗണനയിലെടുക്കുന്നില്ല കേവലം ഒരു സാമ്പത്തികജീവി മാത്രമാണു് മുതലാളിത്വരീതിയിൽ മനുഷ്യൻ, അവൻെറ എല്ലാ പ്രവർത്തനങ്ങൾക്കും കേന്ദ്രം സാമ്പത്തിക പരിഗണനയൊന്നാണു്. ഏററവും കൂടുതൽ ലാഭം എങ്ങിനെ ഉണ്ടാക്കാം എന്ന നോട്ടമാണു് ഈ സമ്പ്രദായത്തിൻെറ പ്രേരണാ ശക്തി, പരസ്പരമുള്ള കിടമത്സരമാണു് ഇതിലെ നിയാമകശക്തി. ഭാരതീയ ജീവിതസിദ്ധാന്തവുമായി പൊരുത്തമില്ലാത്തതാണീ വീക്ഷണം. മുതലാളിത്താടിസ്ഥാനത്തിലുള്ള സമ്പദ്‌വ്യവസ്ഥയിലെ ദോഷങ്ങൾ പരിഹരിക്കാൻവേണ്ടി ഉടലെടുത്തതാണു് സമാജവാദം. അതിൻെറ ഉദ്ദേശം ശ്ലാഘ്യമാണെങ്കിലും ഫലത്തിൽ അതു് മനുഷ്യനു് ക്ഷേമകരമായനുഭവപ്പെട്ടിട്ടില്ല. കാരണം, ശാസ്ത്രീയ സമാജവാദത്തിൻെറ ഉപജ്ഞാതാവായ കാറൽ മാർക്സിൻെറ, വ്യക്തി, സമാജം എന്നിവയെക്കുറിച്ചുള്ള വിശകലനം മൗലികമായി ഭൗതികവാദപരവും അതിനാൽ അപൂർണ്ണവുമായിരുന്നു. വർഗ്ഗസമരത്തിൻെറ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു്, സ്വാഭാവികവും സവീരവുമായ സഹകരണത്തിൻെറ മനോഭാവം വളർത്തിഎടുക്കവയ്യല്ലോ.

മുതലാളിത്തസമ്പ്രദായത്തിലും, സമാജവാദത്തിലും, മൂലധനത്തിൻെറ ഉടമ ആരായിരിക്കണം എന്നതിനെപ്പററി അഭിപ്രായഭേദമുണ്ടു്. എന്നാൽ. രണ്ടും ചെന്നവസാനിക്കുന്നതു് കേന്ദ്രീകരണത്തിലും ഏകാധിപത്യത്തിലുമാണു്. ഫലമോ? രണ്ടിലും, മനുഷ്യൻ അവഗണിക്കപ്പെടുന്നു. വ്യക്തിക്കു് സ്വന്തം പ്രചോദനം നിലനില്ക്കുന്നതും, സമുദായത്തിലെ മററു വ്യക്തികളുമായുള്ള അവൻെറ പെരുമാററത്തിൽ മനുഷ്യത്വത്തെ മാനിച്ചു് വളർത്താൻ കഴിയുന്നതുമായ ഒരു വ്യവസ്ഥയാണു് നമുക്കാവശ്യം. വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയേ ഈ ലക്ഷ്യപ്രാപ്തിക്കു് വഴി തെളിക്കൂ.

## വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥ

ശക്തിയുടെ കേന്ദ്രീകരണം, പ്രജാതന്ത്രത്തിനും മനുഷ്യസ്വാതന്ത്ര്യത്തിനും അനുകൂലമല്ലാത്തതാണു്, ദേശീയമായ ഐക്യത്തിൻെറ പരിഗണനക്കു് വിധേയമായി, രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തികൾ, ഭൂമിശാസ്ത്രപരമായും വൈയവസായികമായും വികേന്ദ്രീകരിക്കേണ്ടതാണു്. പാശ്ചാത്യരാഷ്ട്രങ്ങളിലുണ്ടായ വ്യവസായ വല്ക്കരണത്തിൻെറ ചരിത്രപരമായ പ്രക്രിയ ശക്തിയുടെ

കേന്ദ്രീകരണത്തിൽ കലാശിച്ചു. പബ്ലിക്ക് ലിമിററഡ് കമ്പനി. മാനേജിംഗ് ഏജൻസി, ഹോൾഡിംഗ് കമ്പനി മുതലായ സ്ഥാപനങ്ങൾ ഈ പ്രവണതയെ പോഷിപ്പിച്ചു. മുതലാളിത്ത സമ്പ്രദായത്തിൻെറ ദോഷങ്ങളധികവും കേന്ദ്രീകരണത്തിൻെറ സംഭാവനകളാണ്. ഈ കേന്ദ്രീകരണത്തെ തടയാൻ, സമാജവാദവും യാതൊരു നടപടിയുമെടുത്തിട്ടില്ല. വ്യക്തികളുടെ കൈയിൽനിന്നു് മൂലധനം പിടിച്ചെടുത്തു് രാജ്യത്തിൻെറ കൈകളിൽ അപ്പിക്കമാത്രം ചെയ്തിട്ട് അതു് കൃതകൃത്യത പൂണ്ടിരിക്കയാണു്. എന്നാൽ, ഇവിടെ കേന്ദ്രികരണത്തിൻെറ ദോഷങ്ങൾ പതിന്മടങ്ങ് വദ്ധിച്ചു. കാരണം, രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരങ്ങൾ രാജ്യത്തിൻെറ കൈകളിൽ വന്നുചേൎന്നു. ഈ രോഗത്തിൻെറ നിവാരണം, വികേന്ദ്രീകരണംകൊണ്ടേ സാദ്ധ്യമാകൂ. സാമ്പത്തികവും സാമൂഹ്യവുമായ സ്ഥാപനങ്ങളെ ഈ ഉദ്ദേശം മുൻനിൎത്തിക്കൊണ്ടു് പുനർവിരചിക്കേണ്ടതായിട്ടുണ്ടു്. ഏററവും പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും വികേന്ദ്രീകരണത്തെ അനുകൂലിക്കുന്നു. മനുഷ്യൻെറ വ്യക്തിത്വം നിലനിൎത്തുന്നതിന്നും, അവൻെറ സൎവ്വതോമുഖമായ വികാസം സാദ്ധ്യമാക്കുന്നതിന്നും ഈ വ്യവസ്ഥയിൽ പരമാവധി സൗകൎയ്യം ലഭിക്കും. സ്വന്തം ഉടമയിലോ, സഹകരണാടിസ്ഥാനത്തിലോ, നടത്തുന്ന ചെറിയ, യന്ത്രവൽകൃത വ്യവസായങ്ങൾ, ചെറുകിട വ്യാപാരം, കൃഷി എന്നിവയായിരിക്കണം, നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ മൂലാധാരം. വലിയതോതിലുള്ള സംരംഭങ്ങൾ വേണ്ടെന്നല്ല; പക്ഷെ, അവ, സാമാന്യനിയമത്തിന്നു അപവാദങ്ങൾ എന്നമട്ടിലേ ആകാവൂ.

## പുരോഗതിയുടെ മാനദണ്ഡം

പിറക്കുന്ന ഓരോ വ്യക്തിയേയും വളൎത്തി എടുക്കേണ്ട ചുമതല സമാജത്തിൻേറതാണ്. വ്യക്തിക്കു് വിദ്യാഭ്യാസം നൽകേണ്ടതും സമാജമാണ്. സമാജത്തിൻെറ ഉത്തരവാദിത്വമുള്ള ഒരു ഘടകമാണെന്ന ബോധത്തോടെ തൻെറ ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം, സ്വയം വളൎന്നു വികസിക്കാനും, വിദ്യാഭ്യാസം നേടാനും വ്യക്തിക്കു കഴിവുണ്ടാക്കണം. ആരോഗ്യത്തോടും സാമത്ഥ്യത്തോടുംകൂടി തൊഴിൽചെയ്തു ജീവിതസന്ധാരണം സാധിക്കാനുള്ള ഏർപ്പാടു് സമാജം ചെയ്തുകൊടുക്കണം. ഒരാൾക്ക് ഏതെങ്കിലും കാരണവശാൽ തൊഴിൽചെയ്യാൻ സാദ്ധ്യമല്ലാതെപോയാൽ. അയാളെ നോക്കേണ്ടതു് സമാജമാണു്. ആവശ്യമായ വിശ്രമത്തിനും വ്യവസ്ഥയുണ്ടായിരിക്കണം. ഏതു പരിഷ്കൃത സമാജവും, ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ഇതൊക്കെ ചെയ്യേ പററൂ. പുരോഗതിയുടെ മാനദണ്ഡം ഇതാണു്. കുറഞ്ഞ ജീവിതനിലവാരമെങ്കിലും ഉറപ്പുനല്കൽ; വിദ്യഭ്യാസം, ജീവിതനിർവ്വ

ഹണത്തിനാവശ്യമായ തൊഴിൽ, സാമൂഹ്യരക്ഷയും ക്ഷേമവും— ഇവ മൌലികാവകാശങ്ങളെന്ന നിലയ്ക്കുതന്നെ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

## ഏകാത്മമാനവവാദം

നമ്മുടെ മുഴുവൻ വ്യവസ്ഥയുടേയും കേന്ദ്രം 'മനുഷ്യൻ' ആയിരിക്കണം. പിണ്ഡത്തിലുള്ളതു് ബ്രഹ്മാണ്ഡത്തിലും എന്ന സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ, മനുഷ്യനാണല്ലോ, സമഷ്ടിയുടെ സജീവപ്രതിനിധിയും, പ്രവർത്തനോപകരണവും. ഭൗതികോപകരണങ്ങൾ മനുഷ്യസുഖത്തിനുള്ള സാധനങ്ങളാണു്, മനുഷ്യൻെറ ലക്ഷ്യമല്ല. ലോകം ഭിന്നരുചിയാണു്. എല്ലാ മനുഷ്യരും ഒരുപോലെയല്ല. ശരീരം, മനസ്സു്, ബുദ്ധി, ആത്മാവ് എന്നിവയോടുകൂടി അവയുടെ ഏഷണകളാൽ പ്രചോദിതനായി, പുരുഷാർത്ഥ ചതുഷ്ടയം ശീലിക്കുന്ന പൂർണ്ണമനുഷ്യൻെറസ്ഥാനത്തു്, കേവലം ഏകാംഗിയായി മനുഷ്യനെ പരിഗണിക്കുന്ന ഏതു വ്യവസ്ഥയും അപൂർണ്ണമാണു്. സമ്പൂർണ്ണ മനുഷ്യനാണു് നമ്മുടെ അടിസ്ഥാനം—അവനാകട്ടെ, ഒററയായും കൂട്ടായുമുള്ള അനേകം വ്യത്യസ്തസത്തകളിൽ ഒരേസമയം പങ്കുകൊള്ളാൻ കഴിവുണ്ടാകണം. ഏകാത്മമാനവവാദത്തിൻെറ അടിസ്ഥാനത്തിൽവേണം നാം ജീവിതത്തിൻെറ എല്ലാ വ്യസ്ഥകളുടേയും വികാസം സാധിക്കുക.

മാനവവാദം എന്നപേരിൽ പല വിചാരധാരകളും പ്രചരിച്ചിട്ടുണ്ടു്. എന്നാലവയൊന്നുംതന്നെ ഭാരതീയ തത്വചിന്ത ഉൾക്കൊള്ളാത്തതുമൂലം, മൗലികമായും ഭൗതികവാദപരമാണു്. മനുഷ്യൻെറ സാന്മാർഗ്ഗിക പ്രകൃതിക്കോ, പെരുമാററത്തിനോ, താത്വികമായ നീതീകരണം നല്കാനവയ്ക്കു് കഴിയുന്നില്ല. ആദ്ധ്യാത്മികതയെ അംഗീകരിക്കാതെ, മനുഷ്യനെയും, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം, പെരുമാററം, എന്നിവയേയും പൊരുത്തപ്പെടുത്താൻ സാദ്ധ്യമാകയില്ല.

## ആഹ്വാനം

ഭാരതത്തിലെ രാഷ്ട്രീയ കക്ഷികളധികവും പാശ്ചാത്യചിന്താഗതിയെ ആശ്രയിച്ചു കഴിയുന്നവയാണു്. പടിഞ്ഞാറുള്ള ഏതെങ്കിലും രാഷ്ട്രീയ ചിന്താഗതിയുമായി ബന്ധപ്പെട്ടതോ, അവിടുത്തെ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ കേവലാനുകരണമോ ആണു് അവയിൽ പലതും. അവയ്ക്കൊന്നും, ഭാരതത്തിൻെറ ആത്മാഭിലാഷങ്ങളെ പൂർത്തീകരിക്കാനോ, ചരിത്രത്തിൻെറ നാല്ക്കവലയിൽ ഗതിമുട്ടിനിൽക്കുന്ന ലോകത്തിനു് വഴി കാട്ടാനോ സാദ്ധ്യമല്ല.

ഭാരതീയ സംസ്കാരത്തോട്ട് കൂറ് പുലർത്തുന്ന ചില രാഷ്ട്രീയ കക്ഷികളുണ്ട്, എന്നാലവ ആശയക്കുഴപ്പത്തിലാണ്ടിരിക്കയാണ്. ഭാരതീയ സംസ്കാരത്തിൻെറ സനാതനത്വം, കേവലം നിശ്ചലതയാണെന്നാണവരുടെ വിചാരം. അതിനാലവർ അതീതങ്ങളായ നൂററാണ്ടുകളിലെ ആചാര സമ്പ്രദായങ്ങളെയും, യാഥാസ്ഥിതികത്വത്തെയും മുറുകെ പിടിക്കുന്നു. സാംസ്കാരത്തിൻെറ വിപ്ലവപരമായ സ്വഭാവത്തിൽ അവരുടെ ദൃഷ്ടി പതിയുന്നില്ല. സാമാജത്തിൽ നിലനിന്നുപോന്ന അനവധി ദൂഷിച്ച സമ്പ്രദായങ്ങൾ തീണ്ടൽ, തൊടീൽ, ജാതിഭേദം, സ്ത്രീധനം, മൃത്യുഭോജനം (പഷ്ണിക്കഞ്ഞി) സ്ത്രീകളോടുള്ള അവഗണന, മുതലായവ—ഭാരതീയ സംസ്കാരത്തിൻെറയും സമാജത്തിൻേറയും രോഗലക്ഷണങ്ങളാണ്, ആരോഗ്യസൂചനകളല്ല. ഭാരതീയ പാരമ്പര്യത്തോടും സംസ്കാരത്തോടും നിസ്സീമ ഭക്തിയുണ്ടായിരുന്ന അനവധി മഹാപുരുഷന്മാർ ഈവക സമ്പ്രദായങ്ങൾക്കെതിരായി പടപൊരുതിയവരാണ്, ഇന്നു നിലനിൽക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായ പല ഏർപ്പാടുകളേയും നാം ശരിക്കു വിലയിരുത്തുന്നപക്ഷം നമുക്ക് ഒരു കാര്യം മനസ്സിലാകും. നമ്മുടെ സാംസ്കാരിക ചൈതന്യം പ്രക്ഷീണമായിത്തീരുകമൂലം, യുഗാനുകൂലമായ പരിവർത്തനങ്ങളും വികാസങ്ങളും ഏർപ്പെടുത്താൻ കഴായാതെപോയതുമൂലം രൂപംകൊണ്ട ദുരാചാരങ്ങളാണവയിൽ പലതും. വിദേശീയരുമായുണ്ടായ സംഘട്ടനകാലത്തെ പരിതസ്ഥിതിയിൽനിന്നുല്പന്നമായ ആവശ്യങ്ങളെ നിറവേററാൻ വേണ്ടി മാത്രം സൃഷ്ടിച്ച ഉപായങ്ങളാണ് മററുപലതും. വിദേശികൾ നമ്മുടെ തലയിൽ കെട്ടിവെച്ചതോ, നാമവരെ അന്ധമായി അനുകരിച്ച് അംഗീകരിച്ചതോ ആണ് വേറെ പലതും. അവയെയൊന്നും, ഭാരതീയസംസ്കാരത്തിൻെറ പേരുംപറഞ്ഞു്, വെച്ചുവാഴിച്ചുകൂടാ.

ഭാരതത്തിലും, വെളിയിലുമുള്ള എല്ലാവിധ ചിന്താരീതികളേയും ശരിക്ക് കണക്കിലെടുത്തുകൊണ്ടാണ് ഏകാത്മമാനവവാദം നിലവിൽ വന്നിട്ടുള്ളതു്. അവയുടെ എല്ലാം ഗുണദോഷങ്ങൾ തിരിച്ചറിഞ്ഞു്, മനഷ്യൻെറ ഇന്നോളമുള്ള അറിവും അനുഭവവും ചിന്തകളും നേട്ടങ്ങളും അവനെ എത്തിച്ചിട്ടുള്ള ഘട്ടത്തിൽ നിന്നു് മുന്നോട്ടു പോകാനുള്ള മാർഗ്ഗം, ഇതു് ചൂണ്ടിക്കാട്ടുന്നു.

പാശ്ചാത്യലോകം ഭൗതികമായ പുരോഗതി നിശ്ചയമായും നേടി. പക്ഷെ, അവർ ആദ്ധ്യാത്മികമായി പിന്നണിയിൽ നിന്നതേ ഉള്ളു. ഭാരതമാകട്ടെ, ഭൗതീകമായി പിന്നോക്കം പോയതിനാൽ, നമ്മുടെ ആദ്ധ്യാത്മികമേന്മ, കേവലം ശബ്ദമാത്രമാണിന്നു്. "നായമാത്മാ ബലഹീനേന ലഭ്യഃ" അശക്തനെന്തു് ആദ്ധ്യാത്മികഭൂതിയായാണ് കിട്ടുക? ഭൗതീക പുരോഗതി ഇല്ലാത്ത

വനു്, ആത്മീയമേന്മ അസാദ്ധ്യമാണു്. അതിനാൽ 'ബലമുപാസ്വ' എന്ന ആദർശം സ്വീകരിച്ചുകൊണ്ടു്, നാം ബലം സമ്പാദിക്കയാണു് വേണ്ടതു്: അഭ്യുദയത്തിനുവേണ്ടി നാം പ്രയത്നിക്കണം. തദ്വാരാ, നമ്മുടെ രോഗങ്ങൾ മാറി, നാം അരോഗരായിത്തീരും. ലോകത്തിനു് നാം ഭാരമായിത്തീരരുതു്. പ്രത്യുത, വിശ്വപുരോഗതിയിൽ സഹായികളും ഭാഗഭാക്കുകളും ആയിത്തീരാം.

## രണ്ടു്

ശാശ്വതവും ജീവത്തും സമന്വയ കുശലവും പാവനവുമായ ഭാരതീയ സംസ്കൃതിയുടെ വിവിധ വിശേഷതകളുടെ ആകത്തുകയ്ക്കു് നാം നൽകിയ പേരാണു് ഏകാത്മമാനവതാവാദമെന്നതു്. ഇതാണു് നമ്മുടെ പന്ഥാവു് നിർണ്ണയിക്കുന്ന ആദർശം. എന്നാൽ നമ്മുടെ ആദർശപരത ഒരുതരത്തിലും ആശയപരമായ മുരടത്തത്തെ കുറിയ്ക്കുന്നില്ല. ഏതാദർശവും പ്രാവർത്തികമായേ പററൂ. അതുകൊണ്ടുതന്നെ നമ്മുടെ നയപരിപാടികൾ യാഥാർത്ഥ്യത്തിൽ ഊന്നി ഉറച്ചുനില്ക്കേണ്ടതുണ്ടു്. നമ്മുടെ പരിപാടികളുടെ അടിത്തറയും നമ്മുടെ നേട്ടങ്ങളുടെ മാനദണ്ഡവും നമ്മുടെ ആദർശത്തിൻെറ ഉരക്കല്ലുമെല്ലാംതന്നെ ''യാഥാർത്ഥ്യം'' ഒന്നുമാത്രമാണു്. ഈ പശ്ചാത്തലത്തേയും ഭാരതത്തിലിന്നു നിലവിലുള്ള പരിതസ്ഥിതികളേയും മനസ്സിൽവെച്ചുകൊണ്ടു് ജനസംഘം താഴെപറയുന്ന നയപരിപാടികൾ ആവിഷ്കരിക്കയാണു്.

# രാഷ്ട്രനീതി

### ഒരു രാജ്യം

ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ചരിത്രപരമായും വടക്കു് ഹിമാലയംതൊട്ടു് തെക്കു് കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഭാരതവർഷമാകമാനം ഏകവും അവിഭക്തവുമാണു്. സാമ്പത്തികവും രാജനീതിപരവും സാമൂഹ്യവുമായ മണ്ഡലങ്ങളിലെല്ലാം ഇന്നാട്ടിൻെറ മുൻപറഞ്ഞ സജീവമായ ഏകതയും അഖണ്ഡതയും പ്രകടമാക്കപ്പെട്ടിട്ടുണ്ടു്. ഇന്നാട്ടിൻെറ ഓരോ കണികയുടെ പേരിലും നമുക്കുള്ള പാവനവും അചഞ്ചലവുമായ ഭക്തിമൂലം നാമതിനെ 'ഭാരതമാതാ'വായാരാധിയ്ക്കുന്നു. 1947 ആഗസ്റ്റ് 15–ംനു ഭാരതത്തിലെ ബ്രിട്ടീഷ് ഭരണം അവസാനിച്ചു. എന്നാൽ അതൊന്നിച്ചു് ഈ ഏകതയും ശിഥിലമാക്കപ്പെട്ടു. ഭാരതത്തിൻെറ മണ്ണിൽ ഒരു പ്രത്യേക രാഷ്ട്രീയ വ്യക്തിത്വം വേറിട്ടു നിലനില്ക്കുന്നു എന്നു മാത്രമല്ല, പാക്കിസ്ഥാൻെറ നിലനില്പ്പ് സൂചിപ്പിക്കുന്നതു്, 'ഒരു രാഷ്ട്രം ഒരു സാംസ്കാരം' എന്ന യാഥാർത്ഥ്യത്തിൻെറ നിഷേധവും 'ദ്വിരാഷ്ട്ര ദ്വിസംസ്കാര' വാദത്തിന്നു് ജീവനേകാനുള്ള ഒരു പ്രേരണയുംകൂടിയാണതു്. ഈ സിദ്ധാന്തം ചിന്താവൈകൃതത്തിൻെറ സന്താനമാണു്. ആ നിലയ്ക്കു് അതു് നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുമുണ്ടു്. ഇന്ത്യാ–പാക്കിസ്ഥാൻ വിഭജനത്തെ അവസാനിപ്പിക്കുകയും, അവയുടെ സംയോജനം സാധിക്കുക

യും ചെയ്യുകയെന്നതു് ജനസംഘത്തിൻെറ ലക്ഷ്യങ്ങളിലൊന്നായിരിയ്ക്കും.

ജമ്മു–കാശ്മീർ സംസ്ഥാനം ഭാരതത്തിൻെറ ഒരവിഭാജ്യഘടകമാണെന്നു് ഭാരതീയ ജനസംഘം കരുതുന്നു. ഭാരതത്തിൻെറ ഭരണഘടന മററു സംസ്ഥനങ്ങൾക്കെന്നപോലെ ജമ്മു–കാശ്മീർ പ്രദേശത്തിന്നും ബാധകമാകേണ്ടതു് അത്യാവശ്യമാകുന്നു,

പോർച്ചുഗലിൻേറയും ഫ്രാൻസിൻെറയും ഭരണത്തിൽ നിന്നു വിമുക്തമായ പ്രദേശങ്ങൾ അവയോടു തൊട്ടുകിടക്കുന്ന സംസ്ഥാനങ്ങളിൽ ലയിപ്പിക്കേണ്ടതാണു്.

**ഒരു ജനത**

ഭാരതഭൂമിയിൽ നിവസിയ്ക്കുന്നവരും അതിനോട്ടു് മാതൃനിർവ്വിശേഷമായ ഭക്തി പുലർത്തുന്നവരുമായ മഹാജനതതി മുഴവൻ ഒരു ജനതയാകുന്നു. എണ്ണമററ വിഭിന്നതകളുണ്ടായിട്ടും അതിൻെറ ഏകത നിലനിന്നുപോന്നിട്ടുണ്ടു്. ഈ വൈജാത്യങ്ങൾ അനാരോഗ്യത്തിൻേറയോ വിശ്ലേഷണ പ്രവണതയുടേയോ ലക്ഷണങ്ങളല്ല. മറിച്ച് അവ യഥാൎത്ഥത്തിൽ സ്വാഭാവികമായ വികാസത്തിൻെറ പരിണാമത്തേയും സാംസ്കാരികമായ സമ്പന്നതേയും ആണു് വെളിപ്പെടുത്തുന്നതു്. ഭാരതീയ ജനതയുടെ ഈ ഏകതയെ സംരക്ഷിപ്പാനും പോഷിപ്പിക്കുവാനും പ്രയത്നിക്കേണ്ടതുണ്ടു്. സമത്വചിന്തയും സാഹോദര്യഭാവവും ഈ ഏകതയ്ക്കനിവാര്യമാണു്. ഇത്തരം സദ്ഭാവനകളെ കരണ്ടു്തിന്നുന്ന ആചാരങ്ങൾക്കും വ്യവസ്ഥകൾക്കും അറുതി വരുത്തണം. ഐത്താചരണം, ഉച്ചനീചഭാവം എന്നിവയെ ഉന്മൂലനം ചെയ്യുന്നതിന്നു് ഭരണപരമായും ഭരണഘടനാപരമായുമുള്ള ചട്ടങ്ങൾക്കു് വിദ്യാഭ്യാസപരവും സാമൂഹ്യപരിഷ്കാര പ്രധാനവും വിപ്ലവാത്മകവുമായ നടപടികളെക്കൊണ്ടു് കരുത്തേകണം, യാതൊരുത്തൻേറയും സാമൂഹ്യപദവിയ്ക്കു് അവന്റെ ജാതിയോ മതമോ നിദാനമാകരുതു്. ഈ അടിസ്ഥാനത്തിൽ ആരുടേയും നേൎക്കു് വിവേചനം പാടില്ല. പൊതുക്ഷേത്രങ്ങളിലും ആരാധനാസ്ഥലങ്ങളിലും എല്ലാവൎക്കും ദൎശനത്തിന്നധികാരമുണ്ടാകണം.

നൂററാണ്ടുകളായി മൎദ്ദിതരായിക്കഴിഞ്ഞുവരുന്നവരും വിദ്യഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നില്ക്കുന്നവരും സാമ്പത്തികപരാധീനതയുള്ളവരും ആയ എല്ലാവിഭാഗക്കാൎക്കും പ്രത്യേക സൌകൎയ്യങ്ങൾ ഏൎപ്പെടുത്തേണ്ടതുണ്ടു. അത്തരം സഹായങ്ങളില്ലാതെ ഈ വിഭാഗക്കാർ മററുള്ളവരുടെ ഒപ്പമെത്തുന്നതല്ല. എന്നാൽ പിന്നോക്കനിലയിൽ ഒരുതരം "സ്ഥാപിതതാല്പൎയ്യ" ബോധം ജനങ്ങളിൽ വളരുന്നതിനെ തടയാൻ വളരെയധി

ശ്രമിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം തുത്തുമാററാൻ നാം ആഗ്രഹിക്കുന്ന ജാതിപരമായ വിവേചനങ്ങൾ കുറേക്കൂടി ഘനീഭൂതമാവുകയാവും അനുഭവം.

സ്ത്രീകളുടെ കാര്യത്തിൽ സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വിഷമതകളെ ദൂരികരിക്കുവാൻ പ്രത്യേകം ശ്രമം ചെയ്യേണ്ടതാണ്. എന്നാൽ മാത്രമേ അവർ സ്വഗൃഹത്തോടും സമാജത്തോടും രാഷ്ട്രത്തോടും തങ്ങൾക്കുള്ള കത്തവ്യത്തെ വേണ്ടുംവണ്ണം നിറവേററുവാൻ പ്രാപ്തരായിത്തീരുകയുള്ളു, സാമൂഹ്യജീവിതത്തിൽ ഓരോ രംഗത്തിലും സ്ത്രീകൾക്ക് തുല്യാവസരം ലഭിക്കേണ്ടതാണ്. പർദ്ദാ, ബാല്യവിവാഹം, സ്ത്രീധനസമ്പ്രദായം, പൊരുത്തപ്പെടാത്ത വിവാഹം (പ്രായച്ചേർച്ച നോക്കാതെയുള്ള വിവാഹം) മുതലായ ദൂഷിച്ച ആചാരങ്ങളെ അവസാനിപ്പിക്കുത്തക്ക പുരോമുഖനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഭാരതീയ സംസ്കൃതിയുടെ ഒരു സ്വാഭാവിക പ്രകൃതിയാണ് മാതൃത്വത്തോടുള്ള ഭക്തി. മാതാവിൻെറ സുഖസംരക്ഷകൾക്കുള്ള വ്യവസ്ഥകൾ സമാജസംരക്ഷണ പദ്ധതികളുടെ ഒരു പ്രധാന ഭാഗമായിരിക്കേണ്ടതാണ്, ശമ്പളത്തോതു്. വേതനം ഇവയുടെ കാര്യത്തിൽ സ്ത്രീയെ പുരുഷനോടൊപ്പം കണക്കാക്കണം.

വിവാഹ നിയമങ്ങൾ, പിന്തുടച്ച്ാവകാശം, ദത്തെടുപ്പ് ഇത്യാദി കാര്യങ്ങളിൽ എല്ലാ ഭാരതീയ പൌരന്മാരേയും ബാധിക്കുന്ന ഒരേകീകൃത സിവിൽ കോഡ് (നിയമസംഹിത)ഉണ്ടായിരിക്കണം.

**ഒരു സംസ്കാരം**

ഒരേ ഭൂവിഭാഗത്തിൽ ഒരു ജനത എന്ന നിലക്ക് ജീവിക്കുന്ന ഭാരതീയർ ആസേതു ഹിമാലയം യാതൊരു സംസ്കാരത്തെയാണോ വളത്തിപ്പോന്നത് ആയതു് ഒരൊററ സംസ്കാരം മാത്രമാണ്. നമ്മുടേതുപോലുള്ള വിശാലമായൊരു രാജ്യത്ത് പ്രാദേശികമോ സ്ഥാനീയമോ അഥവാ ജാതീയമോ ആയ വൈവിദ്ധ്യമാന്ന ജീവിതരീതികൾ വളരുകയെന്നത് സ്വാഭാവികം മാത്രമാണ്. എന്നാലവയെല്ലാം ഭാരതീയ സംസ്കൃതി അഭേദ്യമാംവിധം ഉൾക്കൊണ്ടിരിക്കുകയാണ്. ആ സംസ്കൃതിയാകട്ടെ ഒരിക്കലും ഏതെങ്കിലും പ്രത്യേകം തത്വസംഹിതകളായോ സമ്പ്രദായ വിശേഷങ്ങളായോ നിബദ്ധമായിരുന്നിട്ടുമില്ല. ഈ എല്ലാ സമ്പ്രദായവിശേഷങ്ങളും ഒന്നിച്ചു്ചേന്നാണ് ഭാരതീയ രാഷ്ട്രമാകുന്ന വിശാല കുടുംബം രൂപംപൂണ്ടതു്. ഭാരതീയ സസ്കാര പ്രവാഹത്തിൽ ഇവയുടെ എല്ലാംതന്നെ പങ്കും ലയിച്ചു ചേന്നിട്ടുണ്ട്, വൈദീക കാലം മുതലിന്നേവരെ ഈ പ്രവാഹം അനുസ്യൂതമായി തുടന്നുപോന്നിട്ടുണ്ട്. മൂലപ്രവാഹത്തിൽനിന്നും വേറിട്ടൊരു വ്യക്തി

ത്വം ഈ പങ്കുകൾക്കൊന്നും കൈവരാത്തവണ്ണം ചരിത്രത്തിൻെറ വിവിധ കാലഘട്ടങ്ങളിൽ ഈ മൂലപ്രവാഹം വിഭിന്നജനതയുടേയും ജാതിയുടേയും സംസ്കാരങ്ങളുടേയും സംഭാവനകൾ കയ്യേല്ക്കുകയും സ്വന്തം മൂലപ്രകൃതിയിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തന്മൂലം ഭാരതീയ സംസ്കാരം ഭാരതവർഷത്തെപ്പോലെതന്നെ ഏകവും അഖണ്ഡവുമാണ്. സങ്കരസംസ്കാരത്തെക്കുറിച്ചുള്ള വാദം അസത്യമാണെന്നു മാത്രമല്ല അപകടകാരിയുമാണ്. കാരണം അത് ദേശീയൈക്യത്തെ ക്ഷീണിപ്പിക്കുകയും വിഭജന പ്രവണതയെ ഊതി വീർപ്പിക്കുകയുമാണ് ചെയ്യുന്നത്.

## ഒരു രാഷ്ട്രം

ഭാരതം ഒരു പ്രാചീന രാഷ്ട്രമാണ്. സ്വാതന്ത്ര്യലബ്ധിമൂലം ഭാരതത്തിൻെറ ചിരകാലീനമായ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കപ്പെട്ടുവെന്നേയുള്ളൂ. ഒരു പുതിയ രാഷ്ട്രം ജന്മമെടുക്കുകയല്ല ഉണ്ടായത്. സ്വാഭാവികമായും ഭാരത ദേശീയതയുടെ അടിസ്ഥാനം സമ്പൂർണ്ണ ഭാരതത്തോടും അതിൻെറ സനാതനവും വ്യക്തിത്വമാർന്നതുമായ സംസ്കാരത്തോടും ഉള്ള ഭക്തിശ്രദ്ധാദികളാണ്.

ഭാരതത്തിൻെറ ഏകതക്കും സുരക്ഷക്കും ജനസംഘം സർവ്വോപരിയായ പ്രാധാന്യം നല്കുന്നു.

രാഷ്ട്രീയൈക്യം കെട്ടിപ്പടുക്കാനും വിഭജന പ്രവണതയെ തടുക്കുവാനും, ദേശീയ ജീവിത മൂല്യങ്ങളെ ശക്തിപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കുന്നതുകൊണ്ടേ സാദ്ധ്യമാകൂ. ജനസംഘം ഓരോ വ്യക്തിക്കും മതാനുസൃതമായ ആരാധനാസ്വാതന്ത്ര്യം അംഗീകരിക്കുന്നു. എന്നാൽ മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കുഴക്കുന്നതിനും മതത്തിൻെറ അടിസ്ഥാനത്തിൽ പ്രത്യേക അവകാശങ്ങൾ ഉന്നയിക്കുന്നതിനും ജനസംഘം എതിരാണ്. കാരണം ഈ പ്രവണത നമ്മുടെ ഭരണകൂടത്തിൻെറ മതേതര സിദ്ധാന്തങ്ങൾക്ക് വിരുദ്ധവും ദേശീയോൽഗ്രഥനത്തിൻെറ മാർഗ്ഗത്തിൽ ഒരു തടസ്സവും ആകുന്നു.

സഹിഷ്ണുതാപൂർവ്വവും ഭേദഭാവരഹിതവും ആയൊരു പെരുമാററം ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുകയെന്നതു് ദേശീയതയുടേയും പ്രജായത്ത സിദ്ധാന്തത്തിൻെറയും അനിവാര്യമായൊരു പ്രകൃതിയാണ്, എല്ലാതരം ന്യൂനപക്ഷക്കാർക്കും ഭാരതീയ ജനസംഘം ഇത്തരം ഒരു പെരുമാററം വാഗ്ദാനം ചെയ്യുന്നു. എന്നാൽ മതത്തിൻെറ പേരിൽ ഭാരതീയ ജനതയെ ഭൂരിപക്ഷമെന്നും ന്യൂനപക്ഷമെന്നും തരംതിരിക്കുകയും ആ അടിസ്ഥാനത്തിൽ രാജനീതിപരവും സാമൂഹ്യവും സാമ്പത്തികവുമായ നയങ്ങളാവിഷ്കരിക്കു

കയും ചെയ്യുന്നതു് തെററായ നടപടിയാണ്. ഈ സമീപനം വിവേകശൂന്യവും ദേശീയതയെക്കുറിച്ചുള്ള അറിവില്ലായ്മയെ വിളംബരപ്പെടുത്തുന്നതുമാണ്. ഇത്തരം വർഗ്ഗീകരണത്തിനു് ഭരണ വ്യവസ്ഥയിലോ രാജനീതിക്ഷേത്രത്തിലോ സ്ഥാനമുണ്ടായിക്കൂടാ.

പാക്കിസ്ഥാനിലെ ജനങ്ങൾ അടിസ്ഥാനപരമായി ഭാരതീയ രാഷ്ട്രത്തിൻെറ ഘടകമാണ്. മുസ്ലീംലീഗിൻെറ ദ്വിരാഷ്ട്രസിദ്ധാന്തവും സ്വയം ഇസ്ലാമിക രാഷ്ട്രമാണെന്നുള്ള പാക്കിസ്ഥാൻെറ പ്രഖ്യാപനവുംകൂടി ചേന്നപ്പോൾ അവിടെയുള്ള അമുസ്ലീംകൾ രണ്ടാംതരം പൗരന്മാരായി തരം താഴ്ത്തപ്പെട്ടിരിക്കയാണ്. മദ്ദനങ്ങൾക്കും അന്യായങ്ങൾക്കും വിധേയരായ അവർ ഭാരതത്തിലേക്കോടിപ്പോരുവാൻ നിർബ്ബന്ധിതരായിരിയ്ക്കയാണ്. അവക്കു് തുല്യാധികാരവും സുരക്ഷയും മാന്യമായ ജീവിതവും നേടിക്കൊടുക്കുകയോ അല്ലാത്തപക്ഷം അവരെ ആസൂത്രിതമായി ഭാരതത്തിലേക്കു് കൊണ്ടുവരുകയും പുനരധിവസിപ്പിക്കുകയും നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യുകയോ വേണ്ടതാണ്. ഇതു് ഭാരത സക്കാറിൻെറ ചുമതലയാണ്; അവരതിന്നു പ്രയത്നിക്കേണ്ടതുമുണ്ടു്.

ഭാരതത്തിൻെറ ഒരു ശത്രുരാജ്യമെന്നനിലയ്ക്കു് ഒരു പ്രത്യേക ഇസ്ലാമിക രാഷ്ട്രമായി പാക്കിസ്ഥാൻ നിലനില്ക്കുന്നിടത്തോളം കാലം ഭാരതത്തിലെ മുസ്ലീംകളുടെ നില തരളമായിത്തന്നെയിരിയ്ക്കും, പാക്കിസ്ഥാനനുകൂലമനോഭാവം ചിലരിൽ ജനിപ്പിയ്ക്കുന്നതിന്നു കാരണഭൂതമായ ചരിത്രപരമായ ചിന്താശൈലിയെ ശുദ്ധീകരിയ്ക്കാനും ഭാരതീയ മുസ്ലീം പൗരന്മാരുടെ കൂറിനെ തുരങ്കം വെയ്ക്കുന്നതിന്നു് ചൂഷണം ചെയ്യത്തക്ക സന്ദർഭങ്ങളൊന്നുംതന്നെ പാക്കിസ്ഥാന്നു് ലഭിയ്ക്കാതിരിയ്ക്കാനും ഭാരതീയസക്കാർ വളരെ ബോധപൂവ്വം പ്രയത്നിക്കേണ്ടതുണ്ടു്.

ഭാരതത്തിലുള്ള ക്രൈസ്തവരുടേയും മററും മിഷനറിമാരെ, വിദേശ ശക്തികളുടെ സ്വാധീനതയിൽനിന്നും, നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കേണ്ടതുണ്ടു്. വിദേശശക്തികളുടെ ഏജൻറു് മാരായി പ്രവത്തിക്കുവാൻ അവരെ അനുവദിയ്ക്കരുതു്.

## ഭരണ വ്യവസ്ഥ

'ഒരു രാഷ്ട്രം ഒരു ജനത ഒരു സംസ്കാരം' എന്ന തത്വത്തിലധിഷ്ഠിതമായ രാഷ്ട്രീയ ഏകാത്മതയുടെ ഫലപ്രദമായ ഉത്തേജനത്തിനു് ഒരേകഘടക സ്റ്റേററിന്നേ സാദ്ധ്യമാവു. ഫെഡറൽ സ്റ്റേററു് (Federal State) എന്ന ആശയം ദേശീയോൽഗ്രഥനത്തെ വിഘാതപ്പെടുത്തുന്ന ഒന്നാണ്.

## രാജനീതിയുടെ അന്തരീക്ഷം

ഭാരതത്തിൻെറ ഭരണവ്യവസ്ഥയിലും ജനസാമാന്യത്തിന്റെ ജീവിതാഭിവൃദ്ധിയിലും ജനപദങ്ങൾക്കു് ഒരു പ്രധാന സ്ഥാനമുണ്ടു്. ചരിത്രത്തിൻേറയും ജനകീയ പാരമ്പര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഇപ്പോഴുള്ള സംസ്ഥാനങ്ങളെ ജനപദങ്ങളായി വിഭജിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ജനപദസഭ മുഖാന്തരമായിരിക്കണം ജനപദത്തിലെ ഭരണം. ജനപദങ്ങളുടെ കീഴിൽ ജില്ലകൾ വികസനഖണ്ഡങ്ങൾ പഞ്ചായത്തുകൾ എന്നിവ രൂപീകരിക്കപ്പെടേണ്ടതാണ്. സമ്പൂണ്ണരാഷ്ട്രത്തിന്നുവേണ്ടിയുള്ള നിയമനിമ്മാണാധികാരം പ്രതിനിധിസഭയ്ക്കു്, (Parliament) ആയിരിക്കണം. ജനപദസഭകൾക്കു് താന്താങ്ങളുടെ പ്രദേശത്തെ ആവശ്യങ്ങൾക്കനുസരിച്ചു് ഉപനിയമങ്ങൾ (Byelaws) ഉണ്ടാക്കുവാനും ഏതെങ്കിലും പ്രത്യേക നിയമങ്ങളുടെ കാര്യത്തിൽ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിയ്ക്കാനും അധികാരമുണ്ടായിരിയ്ക്കണം. ഒരു സംസ്ഥാനത്തിലെ ജനപദങ്ങളുടെ പ്രവത്തനങ്ങളെ അന്യോന്യം ബന്ധപ്പെടുത്തുന്നതിന്നു് ഭരണാധികാരികളായി ഗവണ്ണർമാരെ നിയമിയ്ക്കണം. അവർ വെറും ഒപ്പധികാരക്കാരാകരുതു്.

ഓരോ വിഭാഗത്തിന്നും സാമ്പത്തിക സ്വയം പര്യാപ്തതയും ഉത്തരവാദത്തോടുകൂടിയ സ്വാതന്ത്ര്യം അനുഭവിക്കുന്നതിന്നുള്ള യോഗ്യതയും ഉണ്ടായിരിയ്ക്കണം. പ്രസ്തുത ലക്ഷ്യം വെച്ചുകൊണ്ടു വേണം അധികാരത്തിൻേറയും വിഭവങ്ങളുടേയും (Power and resources) സമതുലിതവിതരണം സാധിക്കുക.

## ഭരണം

ഭരണകൂടത്തിൻെറ ഏററവും പ്രധാനപ്പെട്ടൊരു വശമാണു് ഭരണനിവ്വഹണമെന്നതു്. അതുകൊണ്ടു് ഭരണകൂടമെന്നാൽ ഭരണനിവ്വഹണം എന്നതുതന്നെയെന്നു് ജനങ്ങൾ മനസ്സിലാക്കുന്നു. ഭരണനിർവ്വഹണം സമത്ഥവും കായ്യക്ഷമവും വൃത്തികേടില്ലാത്തതും ജനങ്ങളുടെ അഭിലാഷങ്ങളേയും ആവശ്യങ്ങളേയും സഹാനുഭൂതിയോടെ സശ്രദ്ധം വീക്ഷിയ്ക്കുന്നതും ഉത്തരവാദിത്വബോധമാർന്നതും സുശിക്ഷിതവും ആത്മാഭിമാനപൂണ്ണവും കത്തവ്യനിരതവും ആയിരിയ്ക്കേണ്ടതത്യാവശ്യമാണ്. ഉദ്യോഗസ്ഥന്മാക്കു് അവരുടെ സേവനവ്യവസ്ഥയെക്കുറിച്ചും വരുമാനത്തിൻെറ കാര്യത്തിലും സുരക്ഷിതത്വം അനുഭവപ്പെടണം. നിയമനത്തിലും ഉദ്യോഗക്കയററത്തിലും സ്വജനപക്ഷപാതമില്ലെന്നവക്കു് ഉറപ്പ് വരണം. കമ്മകുശലതയ്ക്കു് പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും ലഭിയ്ക്കുകയും കൃത്യവിലോപത്തിന്നു് ശിക്ഷ നല്കുകയും ചെയ്യേണ്ടതുണ്ടു്.

സാമാന്യമായി കേന്ദ്രസക്കാറിൻേറയും സ്റ്റേറിൻേറയും തദ്ദേശ സഭകളുടേയും ജീവനക്കാക്ക് ശമ്പളത്തോതും വരുമാനവും തുല്യ മായിരിയ്ക്കണം.

സാമ്പത്തികമായ കാരണത്താലെന്നപോലെത്തന്നെ രാജനീതിപരവും സാമൂഹ്യവുമായ കാരണങ്ങളാലും ഭരണ നിർവ്വഹണത്തിൽ മിതവ്യയം ഉണ്ടാവുകയെന്നതു് ദേയമായൊരു കത്തവ്യമാണ്. ശാസകവഗ്ഗത്തിൻേറയും (Rulers) സാമാന്യജനങ്ങളുടേയും ജീവിത നിലവാരത്തിൽ വമ്പിച്ച അന്തരം ഉണ്ടാവുകയാണെങ്കിൽ ആയതു് അസംതൃപ്തിയും അഴിമതിയും വിലവദ്ധനവും (പണത്തിൻെറ വിലയിടിവ്) സാമൂഹ്യ ഉച്ചനീചത്തങ്ങളും ഉളവാക്കുന്നതാണ്. ഈ അന്തരം കുറക്കേണ്ടതാണ്. തങ്ങൾ രാഷ്ട്രനിമ്മാണമാകുന്ന മഹാസംരംഭത്തിലെ തികഞ്ഞ പങ്കാളികളാണെന്ന അഭിമാനവും ഓരോ ഉദ്യോഗസ്ഥനിലും ഉണത്തേണ്ടതുണ്ട്. ഈ അഭിമാനമായിരിയ്ക്കണം അവരെ കർമ്മോന്മുഖരാക്കുന്ന അടിസ്ഥാനപ്രേരണ.

വോട്ടധികാരം ഉപയോഗപ്പെടുത്തുന്നതൊഴിച്ച് മററു രാജനീതിപരമായ (Political) അവകാശങ്ങളൊന്നും സക്കാർജീവനക്കാക്കില്ലെന്ന പരമ്പരാഗതമായ പതിവാണ് നാമിതുവരെ സ്വീകരിച്ചുപോന്നിട്ടുള്ളതു്. എന്നാൽ പൊതുമേഖല (Public sector) യുടെ വികസനംമൂലം സക്കാർ ജീവനക്കാരുടെ പംക്തി വിപുലമായിവരുന്നുണ്ട്. സമാജത്തിലെ ഉത്തരോത്തരം വദ്ധിച്ചുവരുന്ന ഈ ഘടകത്തിന്നു് രാജനൈതികക്ഷത്രത്തിനോട്ട് വൈമുഖ്യം ഉണ്ടാവുകയെന്നതു്, പ്രജാധിപത്യത്തിൻെറ ആരോഗ്യകരമായ വളച്ച്യെ പരിഗണിക്കുമ്പോൾ, ആപത്താണ്. അതുകൊണ്ട് സവ്വസാധാരണ ഭരണരംഗങ്ങളിലെ ഉദ്യോഗസ്ഥന്മാർ, ഉയന്ന അധികൃതന്മാർ, പട്ടാളം, പോലീസ് എന്നിവരൊഴികെ ബാക്കി എല്ലാപേക്കും രാജനീതിപരമായ കാര്യങ്ങളിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകേണ്ടതാണ്.

## നീതിന്യായം

നീതിന്യയം ചുരുങ്ങിയ ചിലവിൽ കാലതാമസം കൂടാതെ എല്ലാവക്കും ഒരുപോലെ ലഭിക്കേണ്ടതാണ്. ഭാരതത്തിലെ നീതിന്യായ വ്യവസ്ഥ ഇംഗ്ലീഷുകാരുടെ പാരമ്പര്യം തുടന്നുപോകയാണ്. അതിൽ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ട്.

നിതിന്യായ വിഭാഗവും കാര്യ നിർവ്വഹണ വിഭാഗവും എല്ലാ തലത്തിലും വെവ്വേറെയും സ്വതന്ത്രമായും വത്തിയ്ക്കേണ്ടതാണ്. നീതിന്യായ വിഭാഗത്തിൻെറ സ്വാതന്ത്ര്യത്തേയും സത്യസന്ധത

യേയും പ്രതികൂലമായി ബാധിയ്ക്കുന്ന എല്ലാഘടകങ്ങളും നീക്കംചെയ്യേണ്ടതാണ്.

## ദേശീയ സുരക്ഷിതത്വം

നമ്മുടെ രംഷ്ട്രത്തിൻെറ അതിത്തികളുടെ വ്യാപ്തിയും പ്രകൃതവും, അന്തരാഷ്ട്രീയാന്തരീക്ഷവും, നമ്മുടെ അയൽരാജ്യങ്ങളുടെ നയവിശേഷങ്ങളും സംരംഭങ്ങളും കണക്കിലെടുത്തുകൊണ്ടു്, സായുധസേനയുടെ എല്ലാ വിഭാഗങ്ങളേയും വേണ്ടവിധം പരിഷ്കരിക്കുകയും ആധുനികരീതിയിലുള്ള ആയുധങ്ങളണിയിക്കുകയും ചെയ്യേണ്ടതുണ്ടു്;

രാജ്യത്തിൻെറ സാമ്പത്തിക—വിദേശനയങ്ങൾ ആവിഷ്കരിക്കുമ്പോൾ രാജ്യരക്ഷയുടെ ആവശ്യങ്ങളെക്കുറിച്ച് പ്രത്യേകം ചിന്തിയ്ക്കേണ്ടതാണ്.

മാനസികമായും ശാരീരികമായും രാഷ്ട്രത്തെ ദേശരക്ഷക്ക് സജ്ജമാക്കുന്നതിന്നു് താഴെപറയുന്ന നടപടികൾ സ്വീകരിയ്ക്കേണ്ടതു് ആവശ്യമാണെന്നു് ജനസംഘം കരുതുന്നു:

1. നാട്ടിലെ യുവജനങ്ങൾക്കെല്ലാം 2 വഷത്തെ നിർബ്ബന്ധ സൈനിക പരിശീലനം നൽകണം,
2. സായുധസൈന്യത്തിൻെറ എല്ലാ ഘടകങ്ങളും, രൂപത്തിലും മനോഭാവത്തിലും തികച്ചും ദേശീയമായിരിക്കണം.
3. ദേശരക്ഷാസംബന്ധികളായ വ്യവസായങ്ങൾ പുരോഗമിക്കണം.
4. അണുആയുധങ്ങൾ നിമ്മിക്കണം.
5. ഒരു വമ്പിച്ച പ്രാദേശിക സൈന്യ (**Territorial Army**) ത്തെ സംഘടിപ്പിക്കണം.

## അതിത്തിപ്രദേശങ്ങളുടെ വികസനം

അതിത്തിപ്രദേശങ്ങളുടെ വികസനത്തിന്നു് പ്രത്യേക ഏപ്പാടുകളുണ്ടായിരിയ്ക്കണം. അവിടുത്തെ നിവാസികളെ, ഒരു രക്ഷാനിരയുടെ പ്രയോജനം നാടിന്നു ലഭിയ്ക്കുത്തക്കവിധം ആയുധധാരികളാക്കി നിത്തണം. ചെറിയ തോതിലുള്ള അതിത്തിലംഘനങ്ങൾ തടയാൻ അതുകൊണ്ടു് അവക്കു തന്നെ സാധിയ്ക്കണം. പാക്കിസ്ഥാനിൽനിന്നു ഭാരതത്തിലേക്കുള്ള ചോന്നുകടക്കൽ തന്ത്രത്തെ നിഷ്ഫലമാക്കാൻ പാക്കിസ്ഥാനോടു് തൊട്ടുകിടക്കുന്ന അതിത്തി പ്രദേശത്തിലെ ജനങ്ങൾക്കു് കഴിവുണ്ടാകത്തക്കവണ്ണം ആ പ്രദേശങ്ങളിൽ രക്ഷാനടപടികൾ സ്വീകരിയ്ക്കേണ്ടതാകുന്നു.

60456

**ഭാഷാനയം**

ഭാരതത്തിൽ അനേകം ഭാഷകളും സംസാര ഭാഷകളുമുണ്ട്. അവ ഭാരതത്തിൻെറ അടിസ്ഥാനപരമായ ഏകതയെ പ്രകടമാക്കാനുള്ള ഫലപ്രദമായ മാദ്ധ്യമമായി ഉപകരിച്ചിട്ടുണ്ട്. അവയ്ക്കു് സംസ്കൃതത്തോടുള്ള സ്വാഭാവിക ബന്ധം സമാനങ്ങളായ വിചാര ധാരകളുടെയും ഒരേ ധർമ്മത്തിൻേറയും ഒരേ ശാസ്ത്രങ്ങളുടേയും മാദ്ധ്യമമെന്ന നില എന്നിവകൊണ്ടു് ഈ ഭാഷകൾ വിശാലമായ ഒരു പദസമുച്ചയവും ഒരേ ശൈലിവിശേഷവും വളർത്തിയെടുത്തിട്ടുണ്ടു്. അവയെല്ലാം ഒരേസമാജത്തിൻെറ ഉപാധികളാണല്ലോ. തന്മൂലം അവയുടെ സാഹിത്യത്തിൻെറ ആത്മാവും ഒന്നുതന്നെ. ആധുനിക പാശ്ചാത്യ ശാസ്ത്രങ്ങൾ കൈകാര്യം ചെയ്യാൻ ഭാരതീയ ഭാഷകളെ പ്രാപ്തമാക്കുന്നതിന്നു് അവയ്ക്കെല്ലാം പൊതുവായി ഒരു പൊതു സാങ്കേതിക പദസമുച്ചയം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാറിൻെറ ആഭിമുഖ്യത്തിൽ നടത്തുന്നതായാൽ ഇതെളുപ്പം സാധിക്കാവുന്നതാണ്. തൽഫലമായി ഈ പൊതു സാങ്കേതിക പദാവലി എല്ലാ ഭാരതീയ ഭാഷകളും അന്യോന്യം കൂട്ടതലടുക്കുന്നതിന്നു സഹായകമാവുകയും ചെയ്യും.

ഭരണനിർവ്വഹണം വിദ്യാഭ്യാസം വ്യാപാരം എന്നീ എല്ലാ രംഗങ്ങളിലും സ്വഭാഷ പ്രയോഗിക്കുകയെന്നതു് സ്വരാജ്യത്തിന്നു വേണ്ടിയുള്ള സമരത്തിൻെറ സ്വാഭാവിക ഫലമാണ്. ജനകീയ പ്രയോഗങ്ങളുടേയും, ദേശീയമായ ആശയവും അഭിലാഷങ്ങളും പ്രകടമാക്കുന്നതിനുണ്ടായ ജനകീയ പ്രസ്ഥാനങ്ങളുടേയും ഫലമായി ഭാരതീയ ഭാഷകൾക്കു് തനതായ ഒരു വ്യക്തിത്വവും സ്ഥാനവും കൈവന്നിരിക്കുന്നു. ഇതു് ചരിത്രപരമായ ഒരു വളർച്ചയായിരുന്നു. ആ പ്രക്രിയയെ തളരാതെ വളർത്തേണ്ടതും പൂർവ്വാധികം പുരോഗമിപ്പിക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്. ഭരണം വിദ്യാഭ്യാസം എന്നീ തുറകളിൽ നമ്മുടെ ഭാഷാനയം മേൽപറഞ്ഞ അടിസ്ഥാനത്തിലാണ് ആസൂത്രണം ചെയ്യപ്പെടേണ്ടതു്.

സംസ്കൃതം അനാദികാലം മുതല്ക്കേ ഭാരതത്തിൻെറ രാഷ്ട്രഭാഷയാകുന്നു. സംസ്കൃതത്തിൻെറ ആ പദവി അംഗീകരിക്കുകയും ആഘോഷവേളകളിലെല്ലാം ആ ഭാഷ ഉപയോഗിക്കുകയും വേണം.

ഭാരതീയ ഭാഷകളിൽ ഭൂരിപക്ഷം ജനങ്ങൾക്കു് മനസ്സിലാക്കുവാനും കൈകാര്യം ചെയ്യുവാനും കഴിവുള്ള ഭാഷ ഹിന്ദിയാണ്. അനേകം വർഷങ്ങളായി അഖില ഭാരതീയ ഭാഷ എന്ന നിലക്കു് വികസിച്ചു വരുന്ന ഭാഷയും ഹിന്ദിയാണ്. ഹിന്ദി ''കേന്ദ്ര'' ഭാഷയായംഗീകരിച്ചുകൊണ്ടു് ഈ യാഥാർത്ഥ്യത്തെ ശരിവെക്കുക മാത്രമാണ് ഭരണഘടന ചെയ്തിട്ടുള്ളതു്. ദേവനാഗരി ലിപിയോടുകൂടിയ ഹിന്ദിയായിരിക്കണം കേന്ദ്രത്തിൻെറ ഔദ്യോഗിക ഭാഷ.

60456

അതതു് സ്റ്റേററുകളിൽ അവിടത്തെ പ്രദേശിക ഭാഷകൾ ഭരണ കാര്യങ്ങൾക്കു് ഉപയോഗിയ്ക്കപ്പെടണം, ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന കേന്ദ്രസക്കാറിൻെറ എല്ലാ വകുപ്പുകളും അതതു് പ്രാദേശിക ഭാഷകൾ ഉപയോഗിയ്ക്കണം.

എല്ലാ ഭാരതീയഭാഷകൾക്കും പൊതുവായ ഒരു ശാസ്ത്രീയ—സാങ്കേതിക പദസമുച്ചയം കേന്ദ്രസക്കാറിൻെറ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെടണം.

സക്കാർതലത്തിൽ ഭാരതീയഭാഷകൾ ഉപയോഗിച്ചു തുടങ്ങുന്നതുകൊണ്ടു് ആ ഭാഷകളിൽ പരിചയം സിദ്ധിച്ചിട്ടില്ലാത്തവക്കു് ഉദ്യോഗം ലഭിക്കൽ, ഉദ്യോഗക്കയററം മുതലായവയെ സംബന്ധിച്ചു് ആശങ്ക ഉണ്ടായേക്കാം. ഈ ഭയാശങ്കകളെ ദൂരീകരിക്കുന്നതിന്നു് ഇടക്കാലനടപടികൾ കൈക്കൊള്ളേണ്ടതാണു്.

## ഭരണഘടനയിലംഗീകരിക്കപ്പെട്ട ഭാഷകൾ

ഭാരതത്തിലെ എല്ലാ ഭാഷകളും ദേശീയ ഭാഷകളാണു്. ഭാരതത്തിലേതുഭാഗത്തു് അധിവസിയ്ക്കുന്നവക്കും ഏതെങ്കിലും ഒരു ദേശീയഭാഷയിൽ അധികൃതന്മാക്കു് നിവേദനങ്ങൾ സമപ്പിക്കുന്ന കാര്യത്തിൽ പ്രതിബന്ധമുണ്ടാകുവാൻ പാടുള്ളതല്ല. അംഗീകൃത ഭാഷകളുടെ എട്ടാം പട്ടികയിൽ സിന്ധിഭാഷയ്ക്കും സ്ഥാനം ലഭിയ്ക്കണം.

ഉർദ്ദു ഒരു പ്രത്യേകഭാഷയല്ല. നമ്മുടെ സാഹിത്യത്തിൽ വളരെയേറെ പ്രധാനമായ സ്ഥാനമുള്ള ഇതു് ഹിന്ദിയുടെതന്നെ ഒരു ശൈലീവിശേഷം മാത്രമാണു്. അതിന്നു ശരിയ്ക്കും പുരോഗമിയ്ക്കണമെന്നുണ്ടെങ്കിൽ അതു് നാഗരിലിപിയിൽ എഴുതിത്തുടങ്ങണം.

ഭരണഘടനയിലംഗീകരിച്ചിട്ടുള്ള ഭാഷകൾക്കു് പുറമെ ഭാരതത്തിൽ വേറേയും അനേകം പ്രാദേശിക ഉപഭാഷകളും ഭാഷകളും ഉണ്ടു്, അവയിലോരോന്നും പുരോഗമിയ്ക്കുകയും അതതു പ്രദേശത്തെ പ്രദേശിക ഭാഷയുമായി അടുപ്പമുണ്ടാകുകയും ചെയ്യുമ്പോൾ പ്രാദേശികഭാഷകൾക്കു് ചൈതന്യം വദ്ധിയ്ക്കും. അപ്പോൾ നമ്മുടെ സാഹിത്യം ശരിയ്ക്കും ജനജീവിതത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യും.

## വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ അടിസ്ഥാന സാമൂഹ്യാവകാശങ്ങളിലൊന്നാണു് വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവകാശം. വ്യക്തിക്കു് സമാജവുമായി താദാത്മ്യഭാവം സൃഷ്ടിക്കുന്നതു് വിദ്യാഭ്യാസമാകുന്നു.

അതവന്റെ വ്യക്തിത്വത്തിന്നും മാററുകൂട്ടുന്നു. വിദ്യാഭ്യാസം വ്യക്തിയെ ഉപജീവനം സമ്പാദിയ്ക്കുന്നതിന്നുമാത്രം സഹായിച്ചാൽ പോരാ. അതു് അവനെ ഉത്തരവാദപ്പെട്ട സമാജാംഗവും കൂടിയാക്കണം. സാഹിത്യപരിചയവും ഗ്രന്ഥങ്ങളിലുള്ള വിജ്ഞാനങ്ങളും നേടിക്കൊടുക്കുന്നതോടുകൂടി വിദ്യാഭ്യാസം അവനിൽ സ്വഭാവരൂപീകരണവുംകൂടി സാധിയ്ക്കണം. ദേശീയ സംസ്കാരവും ദേശീയ ജീവിതമൂല്യങ്ങളും ആയി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തുമ്പോഴേ ഈ ലക്ഷ്യം നേടാനൊക്കൂ. നമ്മുടെ വിദ്യാഭ്യാസഘടനയുടെ നവീകരണവും 'ഭാരതീ'കരണവും വളരെ അടിയന്തിരമായൊരാവശ്യമാണു്.

## സൌജന്യവിദ്യാഭ്യാസം

ജനങ്ങൾക്കു് വിദ്യാഭ്യാസത്തോടും വിജ്ഞാനമുള്ളവരോടും വൈമുഖ്യം ഉണ്ടാകാതിരിപ്പാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കുവാനും, വിജ്ഞാനസംബന്ധിയായ ഈ രംഗത്ത് പ്രവത്തിക്കുന്നവരുടെ ക്ഷേമം ഉറപ്പുവരുത്താനും വേണ്ടതു് ചെയ്യുകയെന്നതു് ഭരണകൂടത്തിന്റെ സ്വാഭാവികമായ കത്തവ്യങ്ങളിലൊന്നാണു്.

സക്കാറിന്റെ വിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യം താഴെ പറയുന്നവയായിരിയ്ക്കണം:—

1. സെക്കണ്ടറി ഘട്ടം (ഹൈസ്കൂൾ) വരെ എല്ലാ കുട്ടികൾക്കും നിർബ്ബന്ധവും സൌജന്യവുമായ വിദ്യാഭ്യാസം നല്കണം.
2. ഉപരി വിദ്യാഭ്യാസമാഗ്രഹിക്കുന്ന വിദ്യാത്ഥികൾക്കു് അതിന്നാവശ്യവും പര്യാപ്തവുമായ സൌകര്യങ്ങൾ ലഭ്യമാകണം.

വിദ്യാഭ്യാസംകൊണ്ടു് സമാജത്തിൽ ഏകതയാണു് സൃഷ്ടിയ്ക്കപ്പെടേണ്ടതു്; ഛിദ്രവാസനകളല്ല. ഈ അടിസ്ഥാന തത്വത്തിന്നു കടകവിരുദ്ധമാണു് ഒരു പ്രത്യേക വ്യവസ്ഥയായി നിലനില്ക്കുന്ന പബ്ലിക് സ്കൂളുകളുടെ ആസ്തിത്വം. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും നിലവാരമുയത്തേണ്ടതു് അത്യാവശ്യവുമാണു്.

## വിദ്യാഭ്യാസ മാദ്ധ്യമം

സാധാരണക്കാരന്റെ ബുദ്ധിപരമായ നിലവാരമുയത്താൻ പ്രാദേശികഭാഷയുടെ സഹായമെന്യേ സാദ്ധ്യമല്ല, ഭാരതീയ ഭാഷകളെ വിദ്യാഭ്യാസ മാദ്ധ്യമമാക്കാത്തിടത്തോളംകാലം സാവ്വത്രിക

സാക്ഷരത്വം സംക്ഷാല്ക്കരിക്കുക സാദ്ധ്യമല്ല. സർഗ്ഗാത്മക ചിന്തയോ അടിസ്ഥാനപരമായ ഗവേഷണമോ ഒരു വിദേശഭാഷാമാദ്ധ്യമത്തിലൂടെ അസാദ്ധ്യവുമാണ്.

ഇംഗ്ലീഷിനോടോ അതുപോലുള്ള മററു വിദേശ ഭാഷകളോടോ ജനസംഘത്തിന്നു വിരോധമില്ല. മററു രാജ്യങ്ങളുമായി നമ്മുടെ ബന്ധങ്ങൾ വിപുലപ്പെടുത്താനും, അവിടങ്ങളിൽ നടത്തുന്ന ഗവേഷണങ്ങളെ നമ്മുടെ പ്രശ്നങ്ങളുടെ പരിഹാരത്തിന്നുപയോഗപ്പെടുത്താനും അവിടങ്ങളിലെ ഭാഷകളിൽ ഉള്ള സാഹിത്യമുപയോഗപ്പെടുത്താനും നമുക്കു ജപ്പാനീസ്, ഇംഗ്ലീഷ്, ജർമ്മൻ, റഷ്യൻ, സ്പാനിഷ്, അറബിക്ക്, സ്വാഹിലി മുതലായ വിദേശ ഭാഷകളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇംഗ്ലീഷിൻെറ മേധാവിത്വംമൂലം നാം ലോകത്തെ മുഴുവൻ നോക്കിക്കണ്ടതു് ഇംഗ്ലീഷ് വീക്ഷണത്തിലൂടെയാണ്. തന്മൂലം ലോകത്തിലെ മററു മഹാ ഭാഷകളിൽനിന്നും നാമൊററപ്പെട്ടുനില്ക്കുകയാണു്. അങ്ങിനെ ലോകത്തിൻെറ വിശാലവും പ്രധാനവുമായ ഭാഗങ്ങളിൽനിന്നും നമ്മെ ഒററപ്പെടുത്തിയതിൻെറ ഉത്തരവാദിത്താം ഇംഗ്ലീഷിന്നുണ്ട്.

വിദ്യാഭ്യാസരംഗത്ത് നമ്മുടെ ഭാഷാനയം താഴെ പറയുന്ന വിധത്തിലായിരിക്കണം:—

(1) മാതൃഭാഷയിലൂടെ പ്രാഥമിക വിദ്യാഭ്യാസം.

(2) ഹൈസ്കൂൾ വിദ്യാഭ്യാസവും ഉപരിപഠനവും പ്രാദേശികഭാഷയിലായിരിക്കണം.—ഈ തലത്തിൽ ഹിന്ദി ഒരു നിർബ്ബന്ധ വിഷയവുമായിരിക്കണം.

(3) ഹിന്ദി മാതൃഭാഷയായിരിക്കുന്നവർ മറേറതെങ്കിലും ഒരു ഭാരതീയ ഭാഷകൂടി പഠിക്കണം.

(4) രാഷ്ട്രഭാഷയാകുന്ന സംസ്കൃതം പഠിക്കൽ നിർബ്ബന്ധമാക്കണം.

പ്രാദേശികഭാഷയല്ലാതെ മറേറതെങ്കിലും ഭാഷ മാതൃഭാഷയായുള്ള കുട്ടികളുടെ എണ്ണം ഗണ്യമായ ഒന്നാണെങ്കിൽ അവക്ക് അവരുടെ മാതൃഭാഷയിലൂടെ പഠിക്കാനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്.

ഹിന്ദി പഠനമാദ്ധ്യമമാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭാരതം മുഴുക്കെ ഏർപ്പെടുത്തണം.

## വിദ്യാഭ്യാസത്തിൽ സ്വയം ശാസകത്വം (Autonomy)

വിദ്യാഭ്യാസത്തിന്നുവേണ്ട ചിലവ് സ്റ്റേററു് വഹിക്കണമെങ്കിലും വിദ്യാഭ്യാസം സ്റ്റേററു് നിയന്ത്രണിലാവരുതു്. അദ്ധ്യാ

പകന്മാരുടേയും വിദ്യാഭ്യാസ വിചക്ഷണന്മാരുടേയും സ്വയം ശാസനാധികാരമുള്ള സമിതികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തണം. സ്റ്റേററിൻെറ ഒരു വകുപ്പായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതു് നന്നല്ല. സക്കാർ വകയെന്നും സ്വകായ്യമെന്നും പള്ളിക്കൂടങ്ങളെ സംബന്ധിച്ച വ്യത്യാസങ്ങൾ ഇല്ലാതാക്കണം. വിദ്യാഭ്യാസരംഗത്തേക്കു് പററിയ യോഗ്യതകളുള്ള ആളുകളെ ആകഷിക്കത്തക്കവിധം അദ്ധ്യാപകന്മാരുടെ ശമ്പളവും മററു സൌകയ്യങ്ങളും പരിഷ്കരിക്കണം. സ്വകായ്യ മാനേജർമാരുടെ വ്യക്തിപരമായ വസ്തുവഹകളായി തരം താഴ്ത്തപ്പെടാൻ വിദ്യാഭ്യാസസ്ഥാപനങ്ങളെ അനുവദിക്കരുതു്,

## ജനകീയ വിദ്യാഭ്യാസം

സ്കൂൾ മുതലായ സ്ഥാപനങ്ങൾ കൂടാതെ വിവിധ വാത്താവിനിമയ 'ഉപാധികളും ജനതയുടെ വിദ്യാഭ്യാസ കായ്യത്തിൽ ഒരു മഹത്തായ പങ്കു് വഹിക്കുന്നുണ്ടു്. ചലച്ചിത്രം, നാടകശാല, റേഡിയോ, ടെലിവിഷൻ, ഗ്രന്ഥശാലകൾ, വത്തമാനപത്രങ്ങൾ, ക്ലബ്ബുകൾ ഇവയെല്ലാംതന്നെ ഇക്കാര്യത്തിൽ ഫലപ്രദമായ പങ്കു് വഹിക്കുന്നവയാണു്. അവയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടു്.

റേഡിയോവും ടെലിവിഷനും സ്വയം ശാസനാധികാരമുള്ള ഒരു സമിതിയുടെ (കോപ്പറേഷന്റെ) കീഴിലായിരിക്കണം, ആയതു് സക്കാറിൻെറ ഒരു വകുപ്പായി പ്രവത്തിച്ചു കൂടാത്തതാകുന്നു.

ജനകീയ വിദ്യാഭ്യാസത്തിന്നു ഏററവും ഫലപ്രദമായ ഒരു പാധിയാണു് ചലച്ചിത്രം. ആ നിലക്കു് അതു് കുറേക്കൂടി പുരോഗമിക്കണം. എന്നാൽ ചലച്ചിത്രം അധഃപ്പതിക്കുന്നുണ്ടോ എന്നും, അതു് പൊതുജനങ്ങളുടെ വാസനകളും ജീവിതമൂല്യങ്ങളും തരംതാഴ്ത്തുന്നുണ്ടോ എന്നും സൂക്ഷിക്കേണ്ടതു് സക്കാറിൻെറ കടമയാണു്.

# വിദേശനയം

ഒരു രാജ്യത്തിൻെറ വിദേശനയത്തിൻെറ അടിസ്ഥാനം അതിൻെറ പ്രബുദ്ധമായ സ്വതാല്പര്യ സംരക്ഷണമാകുന്നു. ഭാരതീയ ജനതയുടെ സ്വഭാവവും പാരമ്പര്യവുമെല്ലാം സാമ്രാജ്യത്വപരമായ വികസന പ്രവണതക്കു് എതിരായിരുന്നു. മാനവൈക്യവും അനുരഞ്ജനവും അടിസ്ഥാനമാക്കിയുള്ള ലോകൈക്യത്തിന്നു അതെന്നും അഭിലഷിച്ചു പോന്നിട്ടുണ്ടു്. സാമ്രാജ്യത്വവും കോളനി വാഴ്ചയും നിലനില്ക്കുന്നിടത്തോളം കാലം വണ്ണം, വഗ്ഗം, മതം ഇവ അടിസ്ഥാനമാക്കി ചിലരെ മററു ചിലർ അവജ്ഞയോടെ നോക്കിക്കാണുന്നിടത്തോളം കാലം, ഒരു രാഷ്ട്രവും മറെറാരു രാഷ്ട്രവും തമ്മിൽ സാമ്പത്തികമായി വമ്പിച്ച അന്തരം നിലനില്ക്കുന്നിടത്തോളം

കാലം, തൽഫലമായി ഒരു രാജ്യത്തെ മററൊരു രാജ്യം ചൂഷണം ചെയ്യുന്ന നില ഉള്ളിടത്തോളം കാലം, "യുദ്ധമെങ്കിൽ യുദ്ധം, സമാധാനമെങ്കിൽ സമാധാനം, ഇവ ഉണ്ടാക്കാനും ഇല്ലാതാക്കാനും ഞങ്ങൾക്ക് കഴിയും" എന്നു് ചങ്കൂററംകൊള്ളുന്ന രണ്ടോ മൂന്നോ ഭീകരരാഷ്ട്രങ്ങൾ ലോകത്തുള്ളിടത്തോളം കാലം, ലോകസംഘർഷാവസ്ഥയ്ക്കയവുവരുത്താൻ സാദ്ധ്യമല്ല. എന്നും നാം അങ്ങിനെ ഒരു യുദ്ധത്തിൻെറ വക്കത്ത് തങ്ങിനില്ക്കുകയേയുള്ളൂ. എല്ലാ അധീന രാഷ്ട്രങ്ങളും വിമോചിതമാകുക, എല്ലായിടത്തും മനുഷ്യാവകാശങ്ങൾ മാനിയ്ക്കപ്പെടുക, രാഷ്ട്രങ്ങളുടെ നിലവാരത്തിലുള്ള അന്തരം ലഘൂകരിക്കപ്പെടുക, രാഷ്ട്രങ്ങൾ തമ്മിലുള്ള സഹരണരംഗങ്ങൾ വികസിപ്പിക്കുക, കൂടുതൽ ശക്തവും പ്രാതിനിധ്യ സ്വഭാവമുള്ളതും ന്യായയുക്തവും ആയ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്രസഭയെ പുഷ്ടിപ്പെടുത്തുക, ഇതെല്ലാം വളരെ അത്യാവശ്യമാണു്. വിവിധ രാജ്യങ്ങളിൽനിന്നും ഔദ്യോഗിക പ്രതിപുരുഷന്മാർക്കു് പകരം അനൗദ്യോഗിക പ്രതിനിധികൾ സമ്മേളിച്ച് രാഷ്ട്രവും രാഷ്ട്രവും തമ്മിലുള്ള വിടവ് നികത്തുന്നതിന്നു് ശ്രമിയ്ക്കാവുന്ന ഒരന്താരാഷ്ട്രീയവേദി രൂപംകൊള്ളേണ്ടതും അത്യാവശ്യമാണു്.

ലോകത്തിൽ വൈവിധ്യം സ്വാഭാവികമാണെന്നു് ഭാരതീയ തത്വശാസ്ത്രം സിദ്ധാന്തിയ്ക്കുന്നു. അതുകൊണ്ടു് ഓരോ രാഷ്ട്രത്തിന്നും, അതതിൻെറ പ്രതിഭയ്ക്കു (ധർമ്മ) നുസരിച്ച് അതതിൻെറ ജീവിതരീതി ആവിഷ്കരിയ്ക്കുവാൻ അവകാശമുണ്ടെന്നു് ജനസംഘം അംഗീകരിയ്ക്കുന്നു. എല്ലാ രാഷ്ട്രങ്ങളിലും ഒരേതരത്തിലുള്ള മാതൃക അടിച്ചേല്പിക്കുന്നതിന്നു് ജനസംഘം എതിരാണു്.

## വിദേശബന്ധങ്ങളുടെ അടിസ്ഥാനം

മററു രാജ്യങ്ങളുമായി ഭാരതം പുലർത്തേണ്ട ബന്ധം നിർണ്ണയിക്കുന്നതുസംബന്ധിച്ച് കണിശമായ യാതൊരു നിയമവും വെയ്ക്കാവുന്നതല്ല. എല്ലാവരുമായും സൌഹൃദവും രഞ്ജിപ്പും കാംക്ഷിയ്ക്കുന്നതോടൊപ്പം, ഭാരതത്തിൻെറ നയത്തിൽ "പകരത്തിനുപകരം" എന്നതുകൂടി അടിസ്ഥാനപരമായി ചേർക്കേണ്ടതുണ്ടു്. ശക്തിയുടെ പിൻബലമില്ലാത്ത സമാധാനാഭ്യർത്ഥനകൾ ദുഷ്ടവർഗ്ഗതകൾക്കു് വളം വെക്കുകയും അവസാനം സമാധാനത്തിനു്തന്നെ ഘാതകമായിത്തീരും. അതുകൊണ്ടു് ഭാരതത്തിൻെറ വിദേശനയം ഊർജ്ജസ്വലതയും ശക്തിയുമാർന്നിരിയ്ക്കണം. നമ്മുടെ പരമലക്ഷ്യങ്ങളെന്തെന്നു് എപ്പോഴും കൺമുന്നിൽ തെളിഞ്ഞുനില്ക്കണം. പ്രായോഗികാടിസ്ഥാനത്തിൽവേണം നമ്മുടെ മിത്രമാരു് ശത്രുവാരു് എന്നു് തിട്ടപ്പെടുത്തുവാൻ. അടിസ്ഥാന നയങ്ങൾ രൂപീകരിയ്ക്കേണ്ടതു് ചുററുപാടുകളെ വേണ്ടത്ര കണക്കിലെടുത്ത

തിന്നുശേഷമാവണം. ഇക്കാര്യത്തിൽ ധൃതിയിലൊരു നിലപാട്ട് സ്വീകരിയ്ക്കുന്നതു് ബുദ്ധിപൂർവ്വമല്ല. രണ്ടു ശ്ക്തികച്ചേരികളായി ലോകം ചേരിതിരിഞ്ഞിരിയ്ക്കുയാണെന്നും അതിലൊന്നിൽ നാം ചേരന്നേ പററൂ എന്നും അഥവാ ഒന്നിലും ചേരാതെ നില്ക്കണമെന്നും എല്ലാം വാദിയ്ക്കുന്നതു് കാലഹരണപ്പെട്ട രീതിയാണു്; കാലഘട്ടത്തിൻെറ ആവശ്യങ്ങൾക്കു് നിരക്കാത്തതുമാണു്,

## നഷ്ടപ്പെട്ട പ്രദേശങ്ങളുടെ മോചനം

പാക്കിസ്ഥാനും അതുപോലെത്തന്നെ കമ്മ്യൂണിസ്റ്റ് ചീനയും പ്രകൃത്യാ ഭാരതത്തിൻെറ ശത്രുക്കളാണ്. രണ്ടു രാജ്യങ്ങളും ഭാരതത്തിൻെറ അതൃത്തി ലംഘിയ്ക്കുകയും ഭാരതഭൂപ്രദേശങ്ങൾ കയ്യടക്കുകയും ചെയ്യിട്ടുണ്ടു്. ഈ രണ്ടു രാജ്യങ്ങളുടേയും പ്രധാന ലക്ഷ്യം അന്താരാഷ്ട്രീയരംഗത്ത് ഭാരതത്തെ അപമാനിയ്ക്കുകയെന്നതാണ്. നഷ്ടപ്പെട്ട പ്രദേശങ്ങൾ വീണ്ടെടുക്കുന്നതിന്നും, ഈ രണ്ടു രാജ്യങ്ങളുടേയും ആക്രമപദ്ധതികളെ നേരിടുന്നതിന്നും ആയിരിയ്ക്കണം ഭാരതത്തിൻെറ ശ്രമം.

## പാക്കിസ്ഥാനോട് ഉറച്ച നയം

പാക്കിസ്ഥാനിലെ ജനത പ്രാഥമികമായും ഭാരതരാഷ്ട്രത്തിൻെറ ഒരു ഭാഗമാണ്. രാജനീതിപരമായ ചരിത്രശക്തികളുടെ ഉപജാപങ്ങൾക്കിരയായിട്ടാണ് ബാക്കിയുള്ള ഭാരതത്തിൽനിന്നും ഇക്കൂട്ടർ വെട്ടിമാററപ്പെടാൻ ഇടയായതു്. പാക്കിസ്ഥാൻെറ രൂപീകരണം ഇക്കൂട്ടക്ക് ദുഃഖമാണ് വരുത്തിവെച്ചിട്ടുള്ളതു്. ഭൂമിയിൽതന്നെ ദശിയ്ക്കാൻ അവരാഗ്രഹിച്ച സ്വർഗ്ഗരാജ്യം ഇന്നുട്ടത്തെങ്ങുമില്ല. തുടച്ചയായി ഭാരതവിരുദ്ധവികാരങ്ങൾ ഇളക്കിവിട്ടുകൊണ്ടു പാക്കിസ്ഥാൻ ഭരണാധികാരികൾ സ്വന്തം രാജനീതിപരമായ സ്ഥാനം ഉറപ്പിയ്ക്കുവാൻ ശ്രമിച്ചുവരുകയാണു്. ആ നിലയ്ക്കു്, ഭാരതത്തിൻെറ പ്രീണനനയം അവക്ക് ഏററവും വലിയ താങ്ങായിതീന്നിരിയ്ക്കുന്നു. ഭാരതം പാക്കിസ്ഥാന്നെതിരായി ഒരുറച്ച നിലപാട്ട് കൈക്കൊള്ളുകയാണെങ്കിൽ, കെട്ടിച്ചമയ്ക്കപ്പെട്ട പാക്കിസ്ഥാൻെറ ഇന്ത്യാവിരുദ്ധമനോഭാവം അത്രയധികംകാലം നിലനില്ക്കില്ല.

## കമമ്യൂണിസ്റ്റ് ചീനയാകുന്ന ആപത്തു്

ഭാരതത്തിന്നും തെക്ക്കിഴക്കൻ ഏഷ്യക്കും മാത്രമല്ല ചൈന ഇന്നൊരു ഭീഷണിയായിട്ടുള്ളതു; സോവ്യററ് റഷ്യയെപ്പോലുള്ള കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടക്കമുള്ള സമസ്തലോകത്തിന്നും അതൊരു ഭീഷണിയാണ്. സമാധാനത്തിന്നും, സഹവത്തിത്വത്തിന്നും അഭിലഷിയ്ക്കുന്ന എല്ലാ രാജ്യങ്ങളും ഒത്തുചേന്നുകൊണ്ടു്

സാമ്രാജ്യ വികസനപരവും പട്ടാളപരവുമായ ചീനയുടെ നയങ്ങളെ ചെറുക്കേണ്ടതുണ്ട്. തിബത്തിന്റെ മോചനം, സിങ്കിയാങ്ങ്, ഇരുമങ്കോളിയകൾ ഇവയുടെ മോചനം ഫോർമോസാ ഗവമ്മേണ്ടിനെ അംഗീകരിക്കൽ കമ്മ്യൂണിസ്റ്റ് ചീനയുടെ സ്വാധീന വലയത്തിൽനിന്നും തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ മോചിപ്പിക്കൽ ഇവയെല്ലാം ഈ ഉദ്ദേശസാധ്യത്തിന്നാവശ്യമാണ്.

## സാംസ്കാരികബന്ധം

തെക്ക്കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായും മററു രാജ്യങ്ങളുമായും ഭാരതത്തിന്ന സാംസ്കാരികമായ ബന്ധമുണ്ടായിരുന്നു. ഈ ബന്ധങ്ങൾ പുനസ്ഥാപിക്കുവാനും ശക്തിപ്പെടുത്തുവാനും നടപടികളെടുക്കണം.

## സമുദ്രാന്തര രാജ്യങ്ങളിലെ ഭാരതീയർ

പല കാരണങ്ങളെക്കൊണ്ടും ഭാരതീയർ ലോകത്തിന്റെ നാനാഭാഗത്തുള്ള രാജ്യങ്ങളിൽപ്പോയി സ്ഥിരവാസമുറപ്പിച്ചിട്ടുണ്ട്. ഏതൽരാഷ്ട്രങ്ങളുടെ പുരോഗതിക്ക് പ്രധാനപ്പെട്ടൊരു പങ്ക് അവരും വഹിച്ചിട്ടുണ്ട്. എന്നാൽ ആ രാജ്യങ്ങൾ സ്വതന്ത്രമായതോടെ, അവയിൽ ചിലതു് ഭാരതീയരോട്ട് വിവേചനം കാണിക്കുന്നുണ്ട്. ഈ അവസ്ഥ ഭാരതീയരിൽ അവരുടെ ഭാവിയെ സംബന്ധിച്ച് സംഭ്രമം ഉളവാക്കിയിട്ടുണ്ട്. അതതു് രാജ്യങ്ങളുടെ പുരോഗതിയിൽ ഇനിയും അവരുടെ പങ്ക് വഹിക്കുവാൻ അവരെ പ്രാപ്തരാക്കുമാറു് അവക്ക് തുല്യാവകാശങ്ങൾ നേടിക്കൊടുക്കേണ്ടതു് ഭാരതത്തിന്റെ ചുമതലയാകുന്നു.

ആഫ്രിക്കൻ നാട്ടുകളുടെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളിൽ ഭാരതം അങ്ങേഅററം താല്പര്യം കാണിച്ചിട്ടും കനപ്പെട്ട സഹായങ്ങൾ ചെയ്തിട്ടും ഉണ്ട്. അവരെക്കൂടി ബന്ധപ്പെടുത്തുമാറാണ് ഭാരത സ്വാതന്ത്ര്യസമരം നടന്നതു്. പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച ഈ നാട്ടുകളുമായി സൌഹാർദ്ദവും സഹകരണവും വളർത്തുകയും അവരുമായി നമ്മുടെ ബന്ധം ദൃഢപ്പെടുത്തുകയും ചെയ്യുകയെന്നതു് നമ്മുടെ ഒരു നയമായംഗീകരിക്കണം.

# സാമ്പത്തികനയം

പൂർണ്ണത പ്രാപിക്കാതേയും അസംഘടിതമായും കിടക്കുകയാണ് ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥ. വ്യക്തികളുടെ ആവശ്യങ്ങൾ നിറവേററുവാനോ ദേശരക്ഷ ഉറപ്പുവരുത്താനോ അതിന്ന സാധിക്കുന്നില്ല.

ഉല്പാദനം ഉത്തരോത്തരം വർദ്ധിച്ചല്ലാതെ ഐശ്വര്യം പ്രാപിക്കുകയില്ല. ജനങ്ങൾക്കെല്ലാം ഐശ്വര്യാകാംക്ഷയും, ഐശ്വര്യത്തിന്റെ ഫലങ്ങൾ പങ്കിട്ടനുഭവിക്കുവാനുള്ള സന്ദർഭവും ഉണ്ടാകാൻ സമതുലിതമായൊരു 'വിതരണ'രീതിയും ആവശ്യമാണ്. സാധാരണക്കാരന്റെ ജീവിത നിലവാരം മെച്ചപ്പെടണമെങ്കിൽ, കൂടുതൽ മെച്ചപ്പെട്ടതും ഉചിതവുമായ ഒരു 'വിതരണം' ഉറപ്പുവരുത്തണം. അതിന്റെ അഭാവത്തിൽ സാമ്പത്തികോല്ക്കർഷത്തിന്നുവേണ്ടി അവൻ യത്നിക്കുമെന്നോ, അവന്നതിന്നുള്ള ഇച്ഛാശക്തി ഉണ്ടാകുമെന്നോ പ്രതീക്ഷിച്ചുകൂടാ. സാധാരണക്കാരന്റെ ക്രയശക്തി ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരുന്നാൽ മാത്രമേ അടിക്കടി വർദ്ധിച്ചുവരുന്ന ഉല്പന്നങ്ങൾക്ക് തുടർന്നുകൊണ്ട് വിപണി കണ്ടെത്താൻ സാധ്യമാകൂ.

ഉല്പാദനവർദ്ധനവിന്നും സമ്പദ്‌വ്യവസ്ഥയുടെ ഉത്തേജനത്തിന്നും മൂലധനരൂപീകരണം അത്യന്താപേക്ഷിതമാണ് മൂലധനമുണ്ടാകുന്നതു് ഉദ്യമശീലംകൊണ്ടും മിച്ചം വെയ്ക്കുന്നതുകൊണ്ടുമാണ്. ഭാരതത്തിലെ ഭൂരിഭാഗം ജനങ്ങൽക്കും ജീവിതനിലവാരം വളരെ താഴ്ന്നതായതുകൊണ്ട് മിച്ചം വെയ്ക്കുവാൻ സാധിക്കുന്നില്ല. പരാനുകരണംകൊണ്ടുണ്ടാകുന്ന ആഡംബരഭ്രാന്ത്മൂലം നമ്മുടെ ഉപഭോഗ സമ്പ്രദായം അതിവേഗം മാറിക്കൊണ്ടിരിക്കുയാണ്. ഗുണത്തിലും അളവിലും ഉപഭോഗ പ്രവണത ദ്രുതഗതിയിൽ വളർന്നിട്ടുണ്ട്. പാരമ്പര്യ വ്യവസായങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കിട്ടായ്കമൂലം അവയിൽ മുടക്കിയ മൂലധനം നിരുപയോഗമായിത്തീരുകയും വ്യവസായം ക്ഷയിക്കുകയും തൊഴിലുണ്ടായിരുന്നവർ തൊഴിൽരഹിതരായിത്തീരുകയും ചെയ്യുന്നു. പുതിയ വ്യവസായങ്ങളിൽ ഇവയെല്ലാം ദാരിദ്ര്യം അനുഭവപ്പെടുന്നു. ചോദനം (Demand) ഉല്പാദനത്തേയും കവിഞ്ഞുനില്ക്കുകയാണ്. നവീകരണത്തിന്റെപേരിൽ പടർന്നു പിടിക്കുന്നതു് പാശ്ചാത്യവല്ക്കരണമാണ്. അതു് സാമ്പത്തികരംഗത്തു മാത്രമല്ല രാജനൈതിക സാമൂഹിക രംഗങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സ്വദേശി മനോഭാവം പുനരുജ്ജീവിപ്പിക്കേണ്ടതു് ആവശ്യമാണ്. ആലോചനയില്ലാത്ത അനുകരണത്തിൽനിന്നും വിദേശ മൂലധനത്തിന്മേലുള്ള അനാവശ്യവും അതിരററതുമായ ആശ്രയത്തിൽനിന്നും അതു നമ്മെ രക്ഷിക്കും. എന്നു മാത്രമല്ല അതു നമ്മിൽ ആത്മനിയന്ത്രണത്തിന്നും ആഡംബരോപഭോഗങ്ങൾ വർജ്ജിക്കുന്നതിന്നും ഉള്ള വാസന വളർത്തും. നാണ്യപ്പെരുപ്പം തടയാനും മിച്ചംവെപ്പ് വർദ്ധിപ്പിക്കുവാനും ഈ സ്വദേശീ മനോഭാവത്തിന്റെ പുനരുജ്ജീവനം ആവശ്യമാണ്.

**ആസൂത്രണം**

നമ്മുടെ വിഭവങ്ങൾ ഏററവും കുറഞ്ഞ കാലയളവിന്നുള്ളിൽ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്നു പ്ലാനിങ്ങ് ആവശ്യമാണ്. എന്നാൽ പദ്ധതി ഒരുപാധി മാത്രമാണ്, ലക്ഷ്യമല്ല. രാഷ്ട്രത്തിൻെറ അടിസ്ഥാനമൂല്യങ്ങളുടെ ചട്ടക്കൂട്ടിലൊതുക്കിനിർത്തിക്കൊണ്ടുവേണം അതാസൂത്രണം ചെയ്യുവാൻ. രാജനീതിപരമായ സ്വാതന്ത്ര്യം ജനാധിപത്യം എന്നീ അടിസ്ഥാനതത്വങ്ങൾക്കും ഭാരതീയ സംസ്കാരത്തിൻെറ സ്ഥായിയായ മൂല്യങ്ങൾക്കും എതിരായി നീങ്ങുന്ന യാതൊരു സാമ്പത്തിക പദ്ധതിയും ഈ രാഷ്ട്രത്തിന്നു സ്വീകാര്യമല്ല. യഥാർത്ഥത്തിൽ മേല്പറഞ്ഞ മൂല്യങ്ങളൊന്നുംതന്നെ ആസൂത്രകരുടെ പന്ഥാവിൽ തടസ്സങ്ങളല്ല. മറിച്ച് അവ വിലമതിയ്ക്കാനാവാത്ത നിധികളാണ്. ഈ വികാരങ്ങളെ യഥാവിധി ചൂഷണം ചെയ്യുകയാണെങ്കിൽ അതു നമ്മുടെ കൂട്ടശ്രമത്തിനു വലിയൊരുത്തേജനം നല്കും. വരുന്ന തലമുറയ്ക്കുവേണ്ടി വർത്തമാനകാലത്തിൽ ജോലിയും ത്യാഗവും നിർവ്വഹിയ്ക്കുവാൻ സാമ്പത്തിക പരിഗണനകൾ പ്രചോദനമേകുകയില്ല. ആദർശപരമായൊരു പദ്ധതിയാവണം ആവിഷ്കരിക്കുക. എന്നാലതിൻെറ പരിപൂർത്തിയ്ക്കുവേണ്ടി പ്രവർത്തിയ്ക്കാൻ ജനങ്ങൾക്കുത്സാഹമുണ്ടാകും. അതിൻെറ ലക്ഷ്യങ്ങളാകട്ടെ, ജനങ്ങളുടെ ഉൾക്കനവും കഴിവും കണക്കിലെടുത്തുകൊണ്ട് പ്രായോഗികമായൊരടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുകയും വേണം.

പുരോഗതിയ്ക്കു ആസൂത്രണം അത്യാവശ്യമാണ്. എന്നാൽ അതിൻെറ പരിമിതികളെക്കുറിച്ച് പൂർണ്ണബോദ്ധ്യമുണ്ടാകണം. റഷ്യ, കമ്മ്യൂണിസ്റ്റ് ചീന മുതലായ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെപ്പോലെ ഏകാധിപത്യ മാതൃക നമുക്കനുകരണീയമല്ല. പൊതുമേഖലയെ സംബന്ധിച്ചിടത്തോളം നമുക്കൊരു സമഗ്രമായ പദ്ധതി വേണം. എന്നാൽ സ്വകാര്യമേഖലയെ സംബന്ധിച്ചാകട്ടെ സാമാന്യമായ രീതിയിൽ ഒരേകദേശ ലക്ഷ്യം മാത്രമേ തിട്ടപ്പെടുത്താവൂ. ആയതു് നേടാനായി ജനങ്ങളെ സ്വതന്ത്രമായി വിടണം. വിപണിയിലെ സാമ്പത്തിക നിയമങ്ങളായിരിയ്ക്കും പ്രധാനമായും സ്വകാര്യമേഖലയെ നിയന്ത്രിയ്ക്കുക. ഭരണകൂടത്തിൻെറ ഔദ്യോഗിക തീരുമാനങ്ങളും വിധികളും പൊതുമേഖലയെ നിയന്ത്രിച്ചുകൊള്ളും. സമ്പദ് വ്യവസ്ഥയെയാകെ സർക്കാരിൻെറ നിയന്ത്രണത്തിലും ശാസനത്തിലും കൊണ്ടുവരാൻ ശ്രമിയ്ക്കുമ്പോൾ, കരിഞ്ചന്ത മുതലായ പുതിയ പ്രശ്നങ്ങൾ ഉയർന്നുവരികയും, ജനങ്ങൾക്ക് തങ്ങളുടെ സ്വാതന്ത്ര്യം വെട്ടിച്ചുരുക്കപ്പെട്ടിരിക്കുന്നുവെന്ന ബോധം വളരുകയുംചെയ്യും. പൊതുമേഖലയെ സംബന്ധിച്ചു ഒരു സൂക്ഷ്മ സാമ്പത്തിക പദ്ധതിയും (Micro-economic plan-

ning) സമ്പത് വ്യവസ്ഥയെയാകെ ഉൾക്കൊള്ളത്തക്ക ഒരു വിശാല സാമ്പത്തിക പദ്ധതിയും (Macro-economic planning) ആണാവശ്യം. വ്യക്തിയുടെ ഉത്സാഹത്തെ പരമാവധി പ്രോൽസാഹിപ്പിക്കുകയും വിപണിയിലെ സാമ്പത്തിക നിയമങ്ങളനുസരിച്ചുകൊണ്ടു് മൂലധനനിക്ഷേപവും വിതരണവും ആശാസ്യമായ ലക്ഷ്യങ്ങളിലേക്കു് നീങ്ങുകയും ചെയ്യത്തക്കവിധം നാണ്യ–ധന–വ്യവസായാദി കാര്യങ്ങളിലെ നയങ്ങൾ സ്വീകരിക്കുകയാണു് ആസൂത്രണത്തിൻെറ തന്ത്രം. ആ ക്രമത്തിൽവേണം ആസൂത്രണം, നയരൂപീകരണം, പരോക്ഷനിയന്ത്രണം, പ്രത്യക്ഷനിയന്ത്രണം, ദേശവൽക്കരണം എന്നിവകളെ സ്വീകരിക്കാൻ.

## ലക്ഷ്യങ്ങൾ

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നവയായിരിക്കണ. 1) ദേശരക്ഷ, 2) സാർവ്വത്രിക തൊഴിൽസൌകര്യം (Full employment) 3) ഓരോ കുടുംബത്തിന്നും അടിസ്ഥാനാവശ്യനിവൃത്തിക്ക് ഉറപ്പുകൊടുത്തുകൊണ്ടു് ജനങ്ങളുടെ ജീവിതനിലവാരമുയർത്തൽ. 4) വരുമാനം സ്വത്തു് ഇവയുടെ കാര്യത്തിലുള്ള അന്തരം കുറയ്ക്കൽ, 5) അടിസ്ഥാന വ്യാവസായിക–ഭക്ഷണസാധനങ്ങളുടെ ഉൽപാദനകാര്യത്തിൽ രാഷ്ട്രത്തെ സ്വയം സമ്പൂർണ്ണമാക്കൽ(വർദ്ധിച്ചുവരുന്ന അന്താരാഷ്ട്രീയകച്ചവടത്തെ കണക്കിലെടുത്തുകൊണ്ടു്) 6) എല്ലാപ്രദേശത്തേയും എല്ലാ വിഭാഗത്തിലേയും ജനങ്ങളുടെ സമനിലയിലുള്ള പുരോഗതി.

## മുൻഗണന

കൃഷി, വ്യവസായം, കച്ചവടം, തൊഴിൽ എന്നിവ ഒരുപോലെ അന്യോന്യം ബന്ധപ്പെട്ടുകൊണ്ടു് പുരോഗമിക്കേണമെന്നാണു് സമതുലിത സമ്പദ്‌വ്യവസ്ഥ വിഭാവനം ചെയ്യുന്നതു്—എങ്കിലും, നമ്മുടെ കാര്യത്തിൽ ഒരു സ്വയം വികസനക്ഷമമായ സമ്പദ്‌വ്യവസ്ഥ ആവിഷ്കരിക്കുന്നതിനു് താഴെ പറയുന്ന മുൻഗണന സ്വീകരിക്കാവുന്നതാണു്.

1) ദേശരക്ഷാ വ്യവസായങ്ങളുടെ സുസ്ഥാപനം, 2) കാർഷിക വിഭവകാര്യത്തിൽ കൂടുതൽ ഉല്പാദനം, 3) അടിസ്ഥാന ആവശ്യസാധനങ്ങളുടെ ഉല്പാദനത്തിനു് തൊഴിൽ പ്രധാനമായ വ്യവസായങ്ങളെ വളർത്തുക, 4) അടിസ്ഥാനവ്യവസായങ്ങളും പൊതുജനോപയോഗസേവനങ്ങളും ഏറ്റെടുക്കുക.

## വിലനയം

ആസൂത്രണത്തിൻെറ ഒരു പ്രധാനോപാധിയാണു് വിലനയം. വിലനിലവാരം, വിവിധഘടകങ്ങളുടെ ഉപഭോഗ ശക്തി

നിയന്ത്രിക്കുക മാത്രമല്ല ചെയ്യുക; ആയതു് മുതൽമുടക്കിനേയും വിതരണത്തേയും ബാധിക്കുകകൂടി ചെയ്യും. വളരുന്ന സമ്പദ്‌വ്യവസ്ഥയിൽ ഒരളവോളം വില വർദ്ധനവു് അനിവാര്യമാണു്. എന്നാൽ നിലവാരം പെട്ടെന്നു് താഴുകയും ഉയരുകയും ചെയ്യുമ്പോൾ. നിലവാരത്തിൽ പ്രാദേശികമായും കാലികമായും ഉയർച്ചയും താഴ്ചയും സംഭവിക്കുമ്പോൾ അതു് സാധാരണക്കാരനെ വല്ലാതെ വിഷമിപ്പിക്കുകയും ആസൂത്രിതപുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നതാണു്. ഉല്പാദകരേയും ഉപഭോക്താക്കളേയും ഒരുപോലെ പ്രതികൂലമായി അതു് ബാധിക്കും. ഈ ചുററുപാടിൽ, മൂലധനം കൃഷി—വ്യവസായം എന്നീ തുറകളിലേക്കാകർഷിക്കപ്പെടുന്നില്ല, മറിച്ചു് മൂലധനം ഉൽപാദനക്ഷമമല്ലാത്ത മററു തുറകളിൽ തങ്ങിക്കിടക്കും. കച്ചവടവും മത്സരക്കച്ചവടവും ഊഹക്കച്ചവടവും പെരുകും. അതുകൊണ്ടു് വില നിലവാരപ്പെടുത്തൽ ആസൂത്രിതപുരോഗതിക്കു് ഒഴിച്ചുകൂടാത്ത ഒന്നാണു്.

പദ്ധതിയിൻകീഴിൽ വേണ്ടിവരാവുന്ന മുതൽമുടക്കിൻെറ ആവശ്യമനുസരിച്ചു് വിലനയം രൂപപ്പെടുത്തേണ്ടതുണ്ടു്. കാർഷികോല്പന്നങ്ങളുടേയും വ്യാവസായികോല്പന്നങ്ങളുടേയും, ശമ്പളത്തിൻേറയും, കൂലിയുടേയും, പലിശയുടേയും ലാഭത്തിൻേറയും കാര്യങ്ങളിൽ ഒരു അനുബന്ധവും സമനിലയും കൈവരുത്തത്തക്കവണ്ണവും കൂടി വിലനയം രൂപപ്പെടുത്തണം. ഔദ്യോഗിക തീർപ്പുകൾമൂലം വില നിജപ്പെടുത്തുന്നതിലും എപ്പോഴും നല്ലതും കൂടുതൽ ആശാസ്യവുമായതു് സാമ്പത്തികസമ്മർദ്ദങ്ങൾവഴി വില നിയന്ത്രിക്കപ്പെടുന്നതായിരിക്കും.

## ഭക്ഷണവും കൃഷിയും

മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളിൽവെച്ചേററവും പ്രധാനമായതു് ഭക്ഷണമാണു്. ഭക്ഷണത്തിന്നുവേണ്ടി വിദേശരാജ്യങ്ങളെ ആശ്രയിക്കുകയെന്നതു് ഒരു ദേശീയ അപമാനമാണു്. രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതിയെ മാത്രമല്ല രാഷ്ട്രീയ പരിതസ്ഥിതികളെക്കൂടി അതു അപകടകരമായ വിധത്തിൽ ബാധിക്കുന്നു. കൂടാതെ ഭക്ഷണംകയററി അയയ്ക്കുന്ന നാടുകളിലേയ്ക്കെന്തെങ്കിലും അങ്ങോട്ടു കയററി അയയ്ക്കുവാൻ നമുക്കു് കാര്യമായൊന്നുമില്ല. വിദേശവായ്പകളും ഗ്രാൻറുകളും നമ്മെ ദീർഘകാലത്തേയ്ക്കു് സഹായിക്കാൻ പോകുന്നില്ല. ദേശീയസ്വാതന്ത്ര്യമെന്നതുപോലെത്തന്നെ ഭക്ഷണകാര്യത്തിലുള്ള സ്വയംപര്യാപ്തതയും ഒഴിച്ചുകൂടാത്ത ഒന്നാകുന്നു.

കാർഷികോല്പന്നങ്ങൾ, ക്ഷീരം, മാംസം, മത്സ്യം, മുട്ട മുതലായതെല്ലാം ഭക്ഷണത്തിൽപ്പെടുന്നു. അവയിൽവെച്ചു് പ്രധാനപ്പെട്ടവ കാർഷികോല്പന്നങ്ങളും ക്ഷീരവും തന്നെയാകുന്നു. ഇന്ത്യയിൽ

വിശേഷിച്ചും ഇവയാണ് മുഖ്യാഹാരം. ഭക്ഷണകാര്യത്തിന്നുള്ള ഏതു് പദ്ധതിയും ജനങ്ങളുടെ ഭക്ഷണരീതിയും, അവരുടെ വികാരങ്ങളും ജീവിതമൂല്യങ്ങളും കണക്കിലെടുക്കണം. ഭക്ഷ്യധാന്യങ്ങളും ക്ഷീരവും വദ്ധമാനമായ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന്നു് നാം പരമപ്രാധാന്യം നല്കേണ്ടതുണ്ടു്,

ഭക്ഷ്യധാന്യം കൃഷിചെയ്യുന്നതിൽ ഏർപ്പെട്ടുകയും വളരെ താണ ക്രയശക്തിമാത്രം നേടുകയും ചെയ്തിട്ടുള്ളവർ ഭൂരിഭാഗംവരുന്ന ഒരു സമുദായത്തിന്നു്, അതിൻെറ സമ്പദ്‌വ്യവസ്ഥ പുഷ്ടിപ്പെടുത്താനോ വിവിധ തുറകളിലേയ്ക്കു് വ്യാപിപ്പിക്കാനോ അവസരം വളരെ കുറവാണു്. ഇന്ത്യയിൽ 69.8 ശതമാനം ജനങ്ങൾ കൃഷി മാത്രം ആധാരമാക്കി ജീവിയ്ക്കുന്നവരാണു്. അതിൽത്തന്നെ വളരെയധികംപേർ ഭൂമിയില്ലാത്ത കർഷകരും കഷ്ടിച്ചു ജീവിക്കാൻ മാത്രം ഭൂമി ഉള്ളവരുമാണു് അവക്കു് വിപണിയിലേക്കയയ്ക്കാനുള്ള മിച്ചധാന്യമില്ല. വിപണിയിലേക്കയയ്ക്കാവുന്ന മിച്ചധാന്യം വദ്ധിപ്പിച്ചാൽ മാത്രമേ കൃഷിക്കാരല്ലാത്തവരുടെ ഭക്ഷ്യനില തൃപ്തികരമാവൂ, നിർബ്ബന്ധമായി ധാന്യം ശേഖരിക്കുക, ലെവി നടത്തുക ഗത്യന്തരമില്ലാതെ വില്പന നടത്തുക ഈ അനാശാസ്യ മാർഗ്ഗങ്ങളിലൂടെയല്ലാതെ സക്കാർ മിച്ചധാന്യം ശേഖരിയ്ക്കേണ്ടതുണ്ടു്. അതിന്നു കൃഷിയിലേർപ്പെട്ട ഓരോരുത്തനും തലവരി കൃഷിയുല്പാദനം വർദ്ധിച്ചുകാണാൻ ശ്രമം നടത്തണം. കാർഷികേതരത്തുറകളിലെ ജീവനക്കാരുടെ സേവനങ്ങളും ഉല്പന്നങ്ങളും ഉപയോഗപ്പെടുത്താൻ വേണ്ട സന്നദ്ധതയും കഴിവും കൃഷിക്കാരനുണ്ടാവുകയുംവേണം. വദ്ധിച്ചതോതിൽ കാർഷികവിഭവങ്ങളുല്പാദിപ്പിക്കുക, കൃഷി ആസ്പദിച്ചു് ജീവിയ്ക്കുന്നവരുടെ എണ്ണം കുറയ്ക്കുക. കാർഷിക വിഭവങ്ങൾക്കു് നല്ല നിലവാരം ലഭിയ്ക്കുക, ഗ്രാമപ്രദേശത്തെ ജനങ്ങളിൽ ജീവിതനിലവാരം ഉയത്താനുള്ള ആഗ്രഹം ഉണ്ടാക്കുക ഇവയെല്ലാമായിരിയ്ക്കണം നമ്മുടെ ലക്ഷ്യങ്ങൾ. ഭാരതത്തിൽ "ഭൂമി" വളരെ വിരളമായതുകൊണ്ടു്, ഒരേക്കറിന്നു് പരമാവധി വിളവ് വർദ്ധിപ്പിക്കാനും ശ്രമിയ്ക്കണം. അങ്ങിനെ കട്ടുംകൃഷി, ആദായകരമായ വിലനിലവാരം, ഗ്രാമവ്യവസായീകരണം ഇവയാണ് നമ്മുടെ കാർഷിക പരിപാടികളുടെ മൂലക്കല്ലുകൾ.

ഇന്നത്തെ കുടിയാൻ വ്യവസ്ഥ മാററുക, കൃഷിസമ്പ്രദായം പരിഷ്കരിക്കുക, വിപണനം തുടങ്ങിയ സേവനങ്ങൾക്കായി പുതിയ സ്ഥാപനങ്ങൾ നടപ്പിലാക്കുക, ഇവ കൃഷി വികസനത്തിന്നാവശ്യമാണു്. ഇതു നേടുവാൻ ഗ്രാമ വ്യവസായങ്ങളുടെ പുരോഗതിയുംകൂടി മുന്നിൽ വെച്ചുകൊണ്ടു് ഒരു സമഗ്രമായ പരിപാടി ആസൂത്രണംചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ടു്.

## മെച്ചപ്പെട്ട കൃഷിസമ്പ്രദായങ്ങൾ

തന്റെ പരിതസ്ഥിതികൾക്കേററവും ഇണങ്ങിയ കൃഷിസമ്പ്രദായങ്ങൾ ഭാരതീയ കർഷകൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിലവിലുള്ള ചുററുപാടിന്നു തുല്യമായ ചുററുപാടുകളിൽ വ്യക്തമായും പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന്നുവേണ്ടി, ചിരപുരാതനമായ ഈ സമ്പ്രദായങ്ങൾ ഉപേക്ഷിക്കപ്പെട്ടുവാൻ പാടില്ലാത്തതാണ്. വളവും, മലം വളമാക്കിയെടുത്തതും മററും ഉപയോഗിച്ച് റൊട്ടേഷൻ ക്രോപ്പ് (ഇടവിട്ട് വിവിധ സാധനങ്ങൾ കൃഷിചെയ്യുന്ന രീതി) അവർ പ്രയോഗിക്കാറുണ്ട്, ചിറകെട്ടാൻ അവന്നറിയാം. മണ്ണൊലിപ്പ് തടയുന്നതിന്ന് മരം വെച്ചു പിടിപ്പിക്കാനും അവന്നറിയാം. യുഗങ്ങളോളം മണ്ണിന്റെ വളപ്പററ് അവൻ നിലനിർത്തിപ്പോന്നിട്ടുണ്ട് അവന്റെ അറിവ് വേണ്ടവിധം പരമാവധി ഉപയോഗപ്പെടുത്തുവാൻ അവന്ന് കഴിഞ്ഞ കുറച്ചുകാലമായി സാധിക്കാതായിട്ടുണ്ട്. മുതൽ മുടക്കിന്നുള്ള അവന്റെ കഴിവ് വർദ്ധിപ്പിക്കണം. ഭൂമിയിലുള്ള അവന്റെ അവകാശത്തെക്കുറിച്ച് അവന്നുറപ്പുവേണം. തുല്യങ്ങളായ ചുററുപാടുകളിൽ ഉള്ള ജനങ്ങൾ പരീക്ഷിച്ചു വിജയിച്ചെങ്കിലേ പുതുവിജ്ഞാനത്തിന്നും പരീക്ഷണങ്ങൾക്കും ആരേയും ആവേശംകൊള്ളിക്കാൻ സാദ്ധ്യമാകൂ. ഗ്രാമങ്ങളിലുള്ള പുരോഗമനക്കാരായ കർഷകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതു് ഉപകാരപ്രദമാണ്. അവരുടെ കൃഷിയിടങ്ങളാവട്ടെ ഗ്രാമത്തിലെ ഡെമോൺസ്ട്രേഷൻ കൃഷിയിടങ്ങൾ. അവ സർക്കാർ നിലങ്ങളാവരുതു്.

കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിന്ന് വളങ്ങളും കൃത്രിമവളങ്ങളും അത്യാവശ്യമാണ്. എന്നാൽ ആവശ്യമായ കൃത്രിമവളത്തിന്റെ തരവും അളവും മററനവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഉദാ:— മണ്ണിന്റെ ഘടന, ജലസേചന സൌകര്യങ്ങൾ, വിളവ്, കാർഷികരീതി തുടങ്ങിയവ. ഓരോ സാമൂഹ്യ വികസനബ്ലോക്കിലും ഇക്കാര്യത്തിൽ കർഷകന്ന് വേണ്ടപ്പെട്ട എല്ലാ വിവരങ്ങളും സൌജന്യമായി നല്കുന്ന ഓരോ പരീക്ഷണാലയ (Laboratory)വും ഉണ്ടായിരിക്കണം.

ടാക്ടറും മററു ഘനയന്ത്രങ്ങളും കൃഷിക്കുപയോഗിക്കുകയെന്നതു് ഭാരതത്തിന്റെ ചുററുപാടിന്നിണങ്ങുന്നതല്ല, എന്നാൽ തീർച്ചയായും അവ തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കി മാററുന്നതിന്നുപയോഗിക്കാവുന്നതാണ്.

## ജലസേചനം

കാലവർഷത്തിൻെറ ഏററക്കുറച്ചിലുകൾ കൃഷിക്കു് ഒരു തീരാബാധയാകാതിരിക്കാൻ തക്കവണ്ണം ജലസേചന സൌകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതും സക്കാറിൻെറ കത്തവ്യമാണെന്നതാണു് നമ്മുടെ നാട്ടിൻെറ കീഴ്‌വഴക്കം. സ്വാതന്ത്ര്യത്തിന്നുശേഷം കുറേ കൂററൻ പദ്ധതികൾ ഏറെറടുത്തു് നടത്തിയിട്ടുണ്ടെങ്കിലും ജലസേചനസൗകര്യം ലഭിച്ച ഭൂമിയുടെ കാര്യത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. ചെറിയ ജലസേചന പദ്ധതികളെ അവഗണിച്ചിരിക്കുയാണു്. കേടുപാടുതീക്കലുകളുടെ അഭാവത്താൽ മുമ്പുപയോഗിച്ചിരുന്ന കിണറുകളും കുളങ്ങളുമെല്ലാം ഉപയോഗശൂന്യങ്ങളായിരിക്കയാണു്.

എല്ലാ ഘടകങ്ങളേയുംപരിഗണിക്കുന്നതായാൽ, ചെറു പദ്ധതികളാണു് നമ്മുടെ നാട്ടിലെ പരിതസ്ഥിതികൾക്കിണങ്ങിയതെന്നുകാണാം, വലിയ അണക്കെട്ടുകൾ വലിയ മുതൽ മുടക്കുള്ളവയാണു്. നമ്മുടെ നാട്ടിൽ ഏറെ ഭാഗത്തെ ഭൂനിലയും ജലവിതാനവും പൊരുത്തപ്പെടാത്തതുമൂലം വെള്ളം കയറുകയും ഓരു് (ഉപ്പു് വെള്ളം) കയറുകയും ചെയ്യുന്നുണ്ടു്. കുറേയേറെ ഭൂമിയെ അതു് തരിശാക്കി മാററുന്നു. ഇന്നു് തുടങ്ങി വെച്ച വൻപദ്ധതികൾ നടക്കട്ടെ. എന്നാൽ ഇനിയങ്ങോട്ടു് ശ്രദ്ധിക്കേണ്ടതു് ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചായിരിക്കണം. മുടക്കുമുതൽ ഈടാക്കുവാനുള്ള ധൃതിയിൽ ജലസേചന നികുതിയും മററു നികുതികളും വദ്ധിപ്പിക്കുകയാണു്. അത്രയും വലുതായ നികുതിഭാരം തങ്ങൾക്കു് താങ്ങാനാവില്ലെന്നു് ഭയന്നു് കഷകൻ കിട്ടാവുന്ന സൌകര്യങ്ങൾ പോലും ഉപയോഗപ്പെടുത്താതിരിക്കുകയാണു്

കുഴൽക്കിണറുകളും പമ്പുസെററുകളും പ്രയോജനകരങ്ങളാണു്. അതിന്നും പ്രചാരം സിദ്ധിക്കുകയും ചെയ്യുന്നുണ്ടു്.

## ഭൂമിയിലുള്ള അവകാശം

കൂടുതൽ ഉല്പാദനത്തിന്നുവേണ്ടി കഷകൻ ഭൂമിയിൽ മുതൽ മുടക്കണമെന്നു് നാം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അതിന്നത്യാവശ്യമായതു് അവകാശസ്ഥിരതയാണു്. മര്യാദപ്പാട്ടത്തെക്കുറിച്ചവന്നു് ഉറപ്പുവേണം. വിളവു് പങ്കിടൽ, താങ്ങാനാവാത്ത പാട്ടം ഇതുകൾവഴി അവൻെറ പ്രയത്നഫലത്തിൽ ഒരു സിംഹഭാഗം മററുള്ളവർ തട്ടിയെടുത്താൽ അവന്നു് കൂടുതൽ ഉല്പാദിപ്പിക്കാനുള്ള ഉത്സാഹവും മാത്രമല്ല, അതിന്നുള്ള കഴിവുംകൂടി നശിക്കുന്നതാണു്. ചരിത്രപരമായ നിരവധി കാരണങ്ങൾമൂലം പലതരത്തിലുള്ള മദ്ധ്യവത്തികൾ ഉണ്ടായിരിക്കുന്നു, ഇവയിൽ സെമി

ന്ദാരി, ജാഗിർദാരി എന്നീ വ്യവസ്ഥകൾ അവസാനിപ്പിച്ചുകഴിഞ്ഞു, റയട്ട്വാരി സമ്പ്രദായത്തിലും ഒട്ടനവധി മദ്ധ്യവർത്തികൾ വളന്നു കഴിഞ്ഞിരിക്കുന്നു. ഭൂമിയിൽ കൃഷിയിടാതെ വിളവ് പങ്ക് വ്യവസ്ഥയിൽ കീഴ്ക്കുടിയാന്മാരെ കൃഷിക്കേല്പിക്കുന്ന ഭൂമി കൈവശക്കാരുണ്ട്. നിയമത്തിന്റെ കണ്ണിൽ ഇരുകൂട്ടരും കൃഷിക്കാരാണ്. യഥാത്ഥ കൃഷിക്കാക്കായി സക്കാർ ചെയ്തു വരുന്ന സഹായങ്ങളൊക്കെയും ഭൂരിഭാഗവും ഇക്കൂട്ടർ അനുഭവിക്കുകയാണ്. യഥാത്ഥ കൃഷിക്കാരൻ വളരെ വിഷമത്തിൽ ജീവിക്കുകയും കൂടുതൽ കൂടുതൽ ശോഷിക്കുകയുമാണ് ഇതിന്റെ ഫലം. അതുകൊണ്ട് യഥാത്ഥ കൃഷിക്കാരനായിരിക്കണം ഭൂവുടമ; കൃഷിക്കാരന്നുദ്ദേശിക്കപ്പെട്ടിട്ടുള്ള സവ്വവിധമായ ആനുകൂല്യങ്ങളും ആയാൾക്ക്തന്നെ ലഭിക്കണം. അത്തരം നിയമങ്ങൾ നടപ്പാക്കിക്കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങളിലാകട്ടെ നിയമവിരോധമായുള്ള ഒഴിപ്പിക്കലുകളും സ്വയമൊഴിയലുകളും നടന്നതുകാണാം. ഈ നിയമങ്ങളിൽ ഒഴിഞ്ഞുമാറാനുള്ള സാധ്യതകൾ ധാരാളമാണ്. അവതന്നെ നടപ്പിലാക്കുന്നതു അദ്ധമനസ്സോട്ടും തെററായ രീതിയിലും ആകുന്നു. ഭൂമിയെ സംബന്ധിച്ച രേഖകൾ തിരുത്തുകയും, യഥാത്ഥ ഉദ്ദേശം സാധിക്കത്തക്കവിധം നിയമം നടപ്പിലാക്കുകയും ചെയ്യേണ്ടതത്യാവശ്യമാണ്.

## കൃഷിക്കാരൻ ആർ? (നിവ്വചനം)

സമ്പൂണ്ണമായ ഉത്തരവാദിത്വം കയ്യേല്ക്കുകയും മുതൽ മുടക്കുകയും വേലയിൽ സ്വന്തം പങ്കുനിവ്വഹിക്കുകയും എല്ലാപ്രവത്തനങ്ങളുടേയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ആളെയാണ് കൃഷിക്കാരനായി നാം ഗണിക്കുന്നതു്. അദ്ദേഹത്തിന്നു് കൂലിക്കാരെ ഏപ്പെടുത്താം. എല്ലാപ്പോഴും കൂലിക്കാരെ കാലികമായോ സ്ഥിരമായൊ ഏപ്പെടുത്തേണ്ടിയും വരും.

ഒരു കൃഷിക്കാരന്നു് തന്റെ ഭൂമിയിൽ കുറച്ച് കാലത്തേയ്ക്കു് കൃഷിചെയ്യാൻ സാധിക്കാത്ത പരിതസ്ഥിതി വന്നേക്കാം. ഈ ഇടക്കാലത്തിൽ ആയതു് മറെറാരാളെ ഏല്പിച്ചില്ലെങ്കിൽ ആ ഭൂമി വിളവെടുപ്പില്ലാതെ വൃഥാവിലാവും. കിട്ടാവുന്ന ഓരോ ഇഞ്ച് സ്ഥലവും കൃഷിചെയ്തിരിക്കണമെന്നു് ആഗ്രഹിക്കത്തക്ക ദേശീയ സാമ്പത്തിക പ്രതിസന്ധിയിൽ ഭൂമി കൃഷിചെയ്യാതിരിക്കുകയോ കൃഷി അമാന്തമാക്കുകയോ ചെയ്യുന്നതു് അങ്ങേഅററം കുററകരമാണ്. അത്തരം സന്ദഭ്ങ്ങൾ പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതാണ്. അതുപോലെത്തന്നെ പ്രായപൂത്തിയെത്താത്തവർ, വിധവകൾ, അംഗഹീനർ, അംഗവൈകല്യമുള്ളവർ, പട്ടാളസേവനം നടത്തുന്നവർ എന്നിവക്കു് അവകാശപ്പെട്ട ഭൂമികളും ഈ നിയമത്തിൽനിന്നു് ഒഴിവാക്കിനിത്തേണ്ടതാണ്.

60456

ചിലക്ക് ജീവനത്തിന്നും വേണ്ടതായ കൃഷി ലാഭകരമായി ചെയ്യത്തക്ക ഭൂമി (Economic holding) ഉണ്ടായിരിയ്ക്കുയില്ല. ഇത്തരം അനാദായകരമായ ഭൂമി പാട്ടത്തിന്ന് ഏല്പിച്ചുകൊടുക്കാൻ വ്യവസ്ഥയുണ്ടാക്കണം.

### ഭൂമി കൈവശത്തിന്നു പരിധി

നാം കൂട്ടംകൃഷി അംഗീകരിച്ചിരിയ്ക്കുമൂലം തീർച്ചയായും കൈവശഭൂമിക്ക് പരിധിയും, കൈവശഭൂമി അനാദായകരമാവാതിരിയ്ക്കത്തക്കവണ്ണം, തുണ്ടപ്പെടുത്തലിൻെറ നിരോധനവും സ്വീകരിച്ചേ പററൂ.

### സംയോജനം (Consolidation)

ഭൂമിയുടെ തുണ്ടപ്പെടുത്തലും പുനർവ്വിഭജനവും ഭാരതത്തിലെ ഒരു ഭയങ്കര പ്രശ്നമാണ്. ഇവയെത്തടഞ്ഞ് ഭൂസംയോജനം നടന്നുകൊണ്ടിരിക്കയാണ്, ഈ സംയോജനപ്രവർത്തനമാരംഭിക്കുന്നതിന്നു മുമ്പ് ഗ്രാമാടിസ്ഥാനത്തിൽ ഒരു മാസ്റ്റർപ്ലാൻ (Master plan) തയ്യാറാക്കണം. ഗ്രാമത്തിലെ സാമ്പത്തിക പരാധീനതയനുഭവിയ്ക്കുന്ന ക്ഷീണിതരെ അവഗണിയ്ക്കാത്ത തരത്തിൽ ഈ പ്രവർത്തനം മുഴമിയ്ക്കണം. അതുപോലെത്തന്നെ തികയാഭൂമി കൈവശക്കാർക്ക് ലാഭകരമായി കൃഷിചെയ്യത്തക്ക ഭൂമി ലഭിയ്ക്കുമെന്നുറപ്പുവരുത്തുകയും വേണം. കൃഷിഭൂമി ''തികയാഭൂമി''യാകത്തക്കവണ്ണമുള്ള തുണ്ടപ്പെടുത്തലും പുനർവ്വിഭജനവും നിരോധിയ്ക്കണം.

### കൃഷിക്കാരൻെറ ഉടമസ്ഥത

കൃഷിഭൂമിയും ജനസംഖ്യയും തമ്മിലുള്ള അനുപാതവും, തൊഴിലില്ലായ്മയുടെ വൈപുല്യവും ഗൌരവവും, കൃഷിനിലത്തിൽ ഒരേക്രക്ക് കൂടുതൽ വിളവെടുക്കേണ്ടുന്ന ആവശ്യകതയും, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ നിലവാരം നിശ്ചയിക്കുന്നതിലുള്ള ബുദ്ധിമുട്ടും, കൃഷിക്കാരന് അവൻെറ ഭൂമിയോടുള്ള മമതയും, ജനങ്ങളുടെ ജനാധിപത്യപരവും സാംസ്കാരികവുമായ മൂല്യങ്ങളും കണക്കിലെടുത്ത് ചിന്തിച്ചാൽ സഹകരണ കൃഷിയേയും കൂട്ടകൃഷിയേയും ആണയിട്ടുപേക്ഷിയ്ക്കേണ്ടതാണ്. നമ്മുടെ ഭൂവ്യവസ്ഥയുടെ മൂലക്കല്ല് കൃഷിക്കാരൻെറ ഉടമാവകാശമാണ്.

### കാർഷികത്തൊഴിലാളികൾ

കൃഷിക്കാര്യത്തിൽ നിർണ്ണായകമായൊരു പങ്ക് വഹിയ്ക്കുന്നവരാണ് കർഷകത്തൊഴിലാളികൾ. അവർക്ക് തക്കതായ പ്രതിഫലം കൊടുക്കുന്നതിന്നുപുറമെ നിലമുടമസ്ഥനും മററു ഗ്രാമീണർക്കും ലഭിയ്ക്കുന്ന എല്ലാ സൌകര്യങ്ങളും അവർക്ക് ലഭ്യമാകണം. ഗ്രാമ

ങ്ങളിലെ തൊഴിൽരാഹിത്യം ഇല്ലായ്മചെയ്യാൻ സഹായകമായ വ്യവസായങ്ങൾ ഏർപ്പെടുത്തണം.

**ഗോഹത്യാനിരോധം**

പശുവിനോടും അതിൻെറ വർഗ്ഗത്തോടും ജനങ്ങൾക്കുള്ള വികാരത്തേയും ഭാരതത്തിൻെറ സമ്പദ്വ്യവസ്ഥയിൽ പശുവിന്നുള്ള നിർണ്ണായകമായ പങ്കിനേയും പരിഗണിക്കുമ്പോൾ ഗോഹത്യ നിയമംമൂലം നിരോധിയ്ക്കുന്നതു് അത്യാവശ്യമാണു്. പുറമെ നാട്ടിലെ ഗോസമ്പത്തിൻെറ സംരക്ഷണത്തിന്നും പോഷണത്തിന്നും പ്രത്യേക നടപടികൾ എടുക്കുകയുംവേണം. ഭാരതത്തിന്നു ഏററവും യോജിച്ചതു് സങ്കരക്കൃഷി (Mixed farming) ആകുന്നു.

**വിപണനം**

വിളവർദ്ധനയ്ക്കു് പരിപാടികൾ ആസൂത്രണം ചെയ്യുന്നതോടൊപ്പംതന്നെ ഉല്പന്നവിപണനത്തിന്നും, മൂലധനലഭ്യതയ്ക്കുമായി എന്തെങ്കിലും മാദ്ധ്യമം സ്ഥാപിയ്ക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ടു്. ഇന്നേവരെ ഈ ആവശ്യങ്ങൾ ഏറെക്കുറെ നിറവേററിപ്പോന്നതു് ഗ്രാമത്തിലെ പണമിടപാടുകാർ ആയിരുന്നു. ഒരു സംഘടിത വിപണിയില്ലാത്തതുമൂലം കൃഷിക്കാക്കു് തങ്ങളുടെ വിളവിന്നു് ന്യായമായ വില ലഭ്യമാകുകയില്ല. കാർഷികോല്പന്നങ്ങളുടേയും വ്യാവസായികോല്പന്നങ്ങളുടേയും വിലയുടെ കാര്യത്തിൽ യാതൊരു പൊരുത്തവുമില്ല. (Parity) കർഷകന്നു് തൻെറ ഉല്പന്നങ്ങൾ ഭദ്രമായി സൂക്ഷിയ്ക്കുന്നതിന്നുള്ള സൌകര്യങ്ങളോ കഴിവോ ഇല്ല. തന്മൂലം അവന്നു് തൻെറ വിളവിന്നു് പരമാവധി വില ലഭിയ്ക്കുന്നതില്ലാതാകുന്നു. ഗ്രാമപ്രദേശത്തു് ഗുദാമുകൾ (ധാന്യസൂക്ഷിപ്പുകേന്ദ്രങ്ങൾ) നിർമ്മിക്കുകയും കർഷകൻെറ ഉല്പന്നത്തിൻെറ ഉറപ്പിന്മേൽ അവന്നു് വായ്പ ലഭ്യമാക്കുകയും വേണം. വിളവിന്നു് ഒരു ഇൻഷൂറൻസ് പദ്ധതിയും ഏർപ്പെടുത്തണം.

**വനങ്ങൾ**

നാട്ടിൻെറ ഒരു വിലപ്പെട്ട സമ്പത്താണു് വനങ്ങൾ. അവ നമ്മുടെ കാലാവസ്ഥയെ നിയന്ത്രിയ്ക്കുന്നു. വനം വെട്ടി നശിപ്പിക്കുന്നതു് തടയാനും, നട്ടുപിടിപ്പിക്കുന്നതു് ഉത്സാഹപ്പെടുത്താനും, നിലവിലുള്ള വനങ്ങളെ വേണ്ടുംവിധം ഉപയോഗപ്പെടുത്താനും ശാസ്ത്രീയാടിസ്ഥാനത്തിൽ ഒരു സംഘടിതപരിപാടി ആവിഷ്കരിക്കേണ്ടതുണ്ടു്. കഴിഞ്ഞ കാലങ്ങളിലെല്ലാംതന്നെ വനവും അതിൽ നിവസിക്കുന്ന വനവാസികളും ഏററവും വൃത്തികെട്ടരീതിയിൽ ചൂഷണം ചെയ്യപ്പെടുകയാണുണ്ടായിട്ടുള്ളതു്. കാട്ടിൽ താമസിക്കുന്നവക്കു് കൃഷിചെയ്യാൻ ഭൂമി നൽകണം. അവരുടെ ഉപജീവ

നം എളുപ്പമാക്കിത്തീക്കത്തക്കവിധം കാട്ടിൽ അവക്ക് അധികാരങ്ങളും സൌകയ്യങ്ങളും നല്കണം.

## വ്യാവസായികനയം

വ്യവസായവൽക്കരണത്തിൻെറ ഒഴിച്ചുകൂടാത്ത ആവശ്യകത എല്ലാവരും സമ്മതിക്കുന്ന ഒന്നാണ്. എന്നാൽ അതിൻെറ ശീഘ്രതയേയും രൂപത്തേയും കുറിച്ചാണ് അഭിപ്രായഭിന്നതകളുള്ളതു്. സാധാരണയായി സക്കാരും ജനങ്ങളും പാശ്ചാത്യ മാതൃകയെ അനുകരിക്കാൻ വെമ്പൽകൊള്ളുകയാണ്. വ്യവസായവല്ക്കരണത്തിനും അതൊന്നേ മാതൃകയായുള്ളുവെന്നു് അവർ കരുതുന്നു. വിദേശസഹായവും വിദേശ സഹകരണവും നമ്മെ ഈ മാതൃക സ്വീകരിയ്ക്കുന്നതിന്നു പ്രേരിപ്പിക്കുന്നുണ്ടു്. എന്നാൽ ഈ വ്യവസായവൽക്കരണം നമ്മെ അത്രയധികമൊന്നും സഹായിച്ചിട്ടില്ല. തീച്ചയായും ദേശീയ വരുമാനത്തിൽ ഉയച്ച് ഉണ്ടായിട്ടുണ്ടു്. എന്നാലതു് അവ്യവസായീകർണത്തിന്നും, മൂലധന നിക്ഷേപക്കുറവിന്നും, തൊഴിലില്ലായ്മ വദ്ധിക്കുന്നതിന്നും, വിദേശ ഇറക്കുമതിയേയും കടത്തേയും കൂടുതൽ കൂടുതൽ അവലംബിക്കുന്നതിന്നും, അധികാര കേന്ദ്രീകരണത്തിന്നും, വരുമാനം സമ്പത്ത് എന്നിവയിൽ വമ്പിച്ച അന്തരം സൃഷ്ടിക്കുന്നതിന്നും, എല്ലാം സഹായിച്ചിട്ടുണ്ടു്. അതിശീഘ്രഗതിയിലുള്ള നഗരവൽക്കരണം. കാരണം നിരവധി ജനങ്ങൾക്കു് അവരുടെ കുടുംബങ്ങൾ വിട്ടൊഴിയേണ്ടി വന്നതായി നമുക്ക് കാണാൻകഴിയും. അവർ യാതൊരു ബന്ധവും ഇല്ലാതെ ഒററപ്പെട്ടു് പട്ടണത്തിൽ കഴിഞ്ഞുകൂടുന്നു. ഈ നില സാമൂഹ്യവും രാജനീതിപരവും, സാമ്പത്തികവും ആയി നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു. ഇവയൊക്കെ വ്യവസായവൽക്കരണത്തിൻെറ സ്വാഭാവിക പരിണാമങ്ങളാണെന്നു പറഞ്ഞു് തള്ളാവുന്നതല്ല.

## ഒരു പുതിയ സാങ്കേതിക രീതി

ശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങൾ എല്ലാ കാലത്തും ഏതുരാജ്യത്തും ഒന്നുതന്നെ. എന്നാൽ ആ തത്വങ്ങൾ പുതിയൊരു ഉല്പാദനമാതൃക രൂപപ്പെടുത്തുന്നതിന്നു പ്രയോഗിയ്ക്കുന്നതു് ആ പ്രത്യേക പ്രദേശത്തെ വിവിധോല്പാദനഘടകങ്ങളുടെ ലഭ്യത, നിർമ്മിതവസ്തുവിൻെറ ചോദനം. (Demand) സാംസ്കാരികവും സാമൂഹ്യവും ഭൂമിശാസ്ത്രപരവുമായ ചുററുപാട്ടു് എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കണം. താഴെ പറയുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം നമുക്ക് പററിയ സാങ്കേതികരീതി നാം അംഗീകരിക്കുക. 1. ലഭ്യവും ചൂഷണവും ചെയ്യത്തക്കതുമായ വിഭവങ്ങൾ. 2. ഇന്നുള്ളതും പിന്നീടുണ്ടാക്കാവുന്നതുമായ

ശക്തി. (Power) 3. ജനസംഖ്യ–അതിൻെറ എണ്ണവും ഗുണവും. 4. മേലന്വേഷണക്ഷമത സാങ്കേതിക വൈദഗ്ദ്ധ്യം എന്നിവയുടെ നിലവാരം, 5. മൂലധന സാദ്ധ്യത. 6. ജനങ്ങളുടെ ക്രയശക്തിയും വിപണനസാദ്ധ്യതയും. 7. അന്യോന്യാവലംബികളായ മററു സാമ്പത്തിക ഘടകങ്ങൾ. പാശ്ചാത്യ സാങ്കേതിക രീതി കണ്ണടച്ചനുകരിക്കുന്നതിന്നുപകരം നമുക്കേററവുമിണങ്ങിയ ഒരു സാങ്കേതികരീതി നാം വളത്തിയെടുക്കണം.

## വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥ

ഏകാത്മ മാനവതാവാദത്തിൻെറ തത്വങ്ങൾക്കനുസരിച്ചും സാമ്പത്തികഘടകങ്ങളേയും, ആധുനിക ശാസ്ത്രീയ ഗവേഷണങ്ങളേയും കണക്കിലെടുത്തുകൊണ്ടും, ഭാരതത്തിൻെറ വ്യവസായവൽക്കരണം സാമാന്യാടിസ്ഥാനമായെടുക്കേണ്ടതു് ചെറുകിട യന്ത്രവൽകൃത ഘടകങ്ങളെയാണ്. അവ കൃഷിയുമായി ബന്ധപ്പെട്ടത്താവുന്നതും ഗ്രാമങ്ങളിൽ സ്ഥാപിച്ചു നടത്താവുന്നതുമാണു്, ശീഘ്രഗതിയിലുള്ള നഗരീകരണത്തിൻെറ ദൂഷ്യഫലങ്ങൾ ഇതുകൊണ്ടു ഒഴിവാക്കാം. ഗ്രാമങ്ങൾക്കാകട്ടെ, രാഷ്ട്രൈശ്വര്യത്തിൻെറ വിഹിതം ലഭിക്കുന്നതുമാകുന്നു. വിദ്യാസമ്പന്നർ ഗ്രാമങ്ങളിൽത്തന്നെ താമസമാക്കാത്തിടത്തോളം കാലം ഗ്രാമങ്ങളുടെ ദുരവസ്ഥ നീങ്ങുകയില്ല. അധികാര വികേന്ദ്രീകരണത്തിന്നുള്ള പദ്ധതികളൊന്നുംതന്നെ വിജയിക്കുകയുമില്ല. ദേശരക്ഷയുടെ പരിഗണന വെച്ചുനോക്കുമ്പോഴും വികേന്ദ്രീകൃത വ്യവസായത്തിൻെറ അനിവാര്യത വ്യക്തമാകും.

ചെറുകിട വ്യവസായങ്ങൾ തൊഴിൽ പ്രധാന (Labour intensive) മായതുകൊണ്ടു് അതു് തൊഴിലില്ലായ്മ പ്രശ്നത്തിന്നൊരു പരിഹാരമാണു്. താരതമ്യേന കുറഞ്ഞ മൂലധനം മതിയതിന്നു്. വൻകിട വ്യവസായികളേക്കാൾ ചെറുകിട വ്യവസായ സംരംഭക്കാരുണ്ടാകാനാണു് ഭാരതത്തിൽ സാദ്ധ്യത. ചെറുകിട വ്യവസായ വ്യവസ്ഥ അംഗീകരിച്ചാൽ ആകെ മൊത്തം മൂലധനം അധികമാവുകയും ചെയ്യും, നിലവിലുള്ള വ്യവസായങ്ങളിൽനിന്നു് ഇവയ്ക്കു് വികസിച്ചുവരാൻ കഴിയുമെന്നുള്ളതിനാൽ, ഇന്നുള്ള തൊഴിലാളികൾ തൊഴിൽ രഹിതരാകാതേയും, മൂലധനരൂപത്തിലുള്ള യന്ത്രോപകരണങ്ങൾ ഉപയോഗശൂന്യമാകാതേയും കഴിക്കാം.

തൊഴിലാളികൾക്കുതന്നെ ഇത്തരം വ്യവസായങ്ങളുടെ ഉടമകളാകാം. അഥവാ മററു തൊഴിലാളികളെ ഏപ്പെടുത്തേണ്ടിവന്നാലും, തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിൽ മാനുഷികവശം നഷ്ടപ്പെടാതെ കഴിയ്ക്കാം. സഹകരണ ശ്രമങ്ങ

ൾക്കും വളരെ ഇണങ്ങിയ ഒരു രംഗമാണിതു്. ഈ രംഗത്തൊന്നുംതന്നെ മുടക്കുമുതൽ കെട്ടികിടക്കുന്നില്ല. അടിസ്ക്കുടി കച്ചവടം നടക്കുകയും മുടക്കുമുതൽ മടങ്ങിവരുകയും ചെയ്യുന്നതാകുന്നു.

ബേങ്കിങ്ങ്, Credit (ഋണം–കടം) ഗതാഗതം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും, നിയന്ത്രണങ്ങളും സക്കാരിൻെറ വ്യവസായനയവുമെല്ലാം ഇന്നു് ചെറുകിട വ്യവസായത്തിന്നെതിരായി വൻകിട വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്. തന്മൂലം ചെറുകിട വ്യവസായങ്ങൾ ഞെരുങ്ങുകയാണ്. ഇത്രയെല്ലാമായിട്ടും ചില ചെറുകിട വ്യവസായങ്ങൾ വൻകിട വ്യവസായങ്ങളോട്ട് അനായാസേന മല്ലിട്ടു ജയിച്ചുകൊണ്ടു മുന്നേറിയതുകാണാം. ഏതായാലും, വൻകിട വിദേശീയ വ്യവസായങ്ങൾക്കെതിരായി സ്വദേശി വ്യവസായങ്ങൾക്ക് സംരക്ഷണം നല്കുന്നതുപോലെ ആദ്യഘട്ടങ്ങളിൽ ചെറുകിട വ്യവസായങ്ങൾക്കും സംരക്ഷണം നല്കേണ്ടിയിരിയ്ക്കുന്നു.

## ഗ്രാമീണ വ്യവസായങ്ങൾ.

പരമ്പരാഗതമായ മിക്ക ഗ്രാമീണ—കുടിൽ വ്യവസായങ്ങളും സാമ്പത്തികമായി ലാഭകരമല്ലാതായിത്തീന്നിരിയ്ക്കുന്നു. വിദ്യുച്ഛക്തിയും ചെറുയന്ത്രങ്ങളും ഉപയോഗിച്ച് അവയെ യന്ത്രവല്കരിയ്ക്കുകയും ചെറുകിട വ്യവസായങ്ങളോടൊപ്പമെത്തിയ്ക്കുകയും ചെയ്യേണ്ടതുണ്ട്. അവയുടെ ഉല്പാദനക്ഷമതവദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അവ അതിജീവിയ്ക്കുകയില്ല. ആദ്യഘട്ടങ്ങളിൽ സംരക്ഷണം നല്കേണ്ടതുണ്ടെങ്കിലും സംരക്ഷണം നൽകൽ ഒരു സ്ഥിരം ഏർപ്പാടായിക്കൂടാ.

## ഗ്രാമീണ ശില്പവിദഗ്ദന്മാർ

ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ശില്പവിദഗ്ദ്ധന്മാക്ക് വലിയ പങ്കുണ്ട്. നവീകരണത്തിൻെറ മുന്നേററത്തിൽ അവക്കെല്ലാം സ്ഥാനഭ്രംശം നേരിട്ടിരിയ്ക്കുന്നു. അവരെയെല്ലാം പുനരധിവസിപ്പിയ്ക്കുവാൻ ശ്രമിക്കേണ്ടതുണ്ട്.

## രംഗപുനഃസംവിധാനം

ചെറുകിട വ്യവസായത്തിന്നും വൻകിട വ്യവസായത്തിന്നും വെവ്വേറെ രംഗങ്ങൾ നിജപ്പെടുത്തേണ്ടതുണ്ട്. ഉപഭോക്തൃവ്യവസായങ്ങളും അടിസ്ഥാന വ്യവസായങ്ങളും വൻകിട മേഖലയിലേയ്ക്കും പൊതുവെ വകയിരുത്താവുന്നതാണ്"

## ദേശീയ മേഖല

വൻകിട വ്യവസായങ്ങളുടെ ഉടമസ്ഥത ഒരു വിവാദവിഷയമായിത്തീന്നിരിയ്ക്കയാണ്. സോഷ്യലിസത്തേയും മുതലാളിത്ത

ത്തേയും പിൻതാങ്ങുന്നവർ തത്വമാത്രധിഷ്ഠിതമായ ഒരു നിലപാട് സ്വീകരിച്ചുകാണുന്നു. അതിവിശാലമായ ഒരു രംഗം അധഃപതനത്തിലാണ്ടുകിടക്കുന്ന ഭാരതത്തിൽ പൊതുമേഖലയും സ്വകാര്യമേഖലയും മൊത്തത്തിൽ അപര്യാപ്തമായിത്തീർന്നിരിയ്ക്കുയാണ്. ഈ പരിതസ്ഥിതിയിൽ മേൽ പറഞ്ഞ വിവാദത്തിന്നു പ്രസക്തിയില്ല. ഇവിടെ രണ്ടിന്നും പലതും ചെയ്യുവനുണ്ട്. തത്വാധിഷ്ഠിതമായി ഇങ്ങിനെ രണ്ടു മേഖലകളായി തരംതിരിയ്ക്കുന്നതിന്നു പകരം നമുക്കൊരുദേശീയ മേഖലയെക്കുറിച്ച് ചിന്തിയ്ക്കാം. അതിൻെറ പരിപൂർത്തിയ്ക്കായി പരമാവധി സഹായമേകാൻ എല്ലാ ഘടകങ്ങൾക്കും സന്ദർഭമുണ്ടാക്കിക്കൊടുക്കണം,

ഒരു മിശ്രസമ്പദ്‌വ്യവസ്ഥയാണ് ഭാരതത്തിന്നാവശ്യം. അവിടെ സ്വകാര്യമേഖലയ്ക്കും പൊതുമേഖലയ്ക്കും പ്രധാനമായ പങ്ക് വഹിയ്ക്കാനുണ്ടാകും. അതു രണ്ടും അന്യോന്യം സഹകരിയ്ക്കണം. പുറമെ സംയുക്ത ശ്രമങ്ങളുണ്ടാകാം—അതായത് ജനങ്ങൾക്കും സ്റ്റേററിന്നും പങ്കുള്ള ഘടകങ്ങൾ പ്രവർത്തിയ്ക്കാം. പൊതുമേഖലാസംരംഭങ്ങളിൽ 49% വരെ മുതൽമുടക്കിന്നുള്ള ഷെയറുകൾ എടുക്കാൻ ജനങ്ങളെ അനുവദിക്കേണ്ടതാണ്.

ജനകീയോദ്യമങ്ങൾ മിയ്ക്കതും ചെറുകിട വ്യവസായമേഖലയിലാണ്. എന്നാൽ സ്വകാര്യമേഖലയും പൊതുമേഖലയും തമ്മിലുള്ള ഈ വിവാദത്തിൽ മുൻചൊന്ന ജനകീയ ഉദ്യമങ്ങൾ തികച്ചും അവഗണനയിൽ ആണ്ടുപോയിരിയ്ക്കുയാണ്. യഥാർത്ഥത്തിൽ ഈ മേഖലയാണ് പ്രഭാവപൂർണ്ണമാകേണ്ടതു്. അതിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടിയേ കഴിയൂ എന്നുള്ളിടത്തെല്ലാം സർക്കാർ സംരംഭങ്ങൾ; വേണ്ടിടത്തെല്ലാം സ്വകാര്യസംരംഭങ്ങൾ; കഴിയുന്നിടത്തെല്ലാം ജനകീയ സംരംഭങ്ങൾ എന്നതായിരിക്കണം നമ്മുടെ നയം.

### പൊതുമേഖല

അവികസിത സമ്പദ് വ്യവസ്ഥയുടെ നാട്ടിൽ സ്വകാര്യമേഖല പ്രവേശിയ്ക്കാൻ മടിയ്ക്കുന്ന രംഗങ്ങളുണ്ടാകും. ആ രംഗങ്ങളിൽ പ്രവേശിയ്ക്കാൻ സാമൂഹ്യവും രാജനീതിപരവുമായ ലക്ഷ്യങ്ങൾ സർക്കാരിനെ ചുമതലപ്പെടുത്തുന്നുണ്ടാവും. ഇക്കാര്യത്തിലാണ് യഥാർത്ഥമായും പൊതുമേഖല ഉത്തരവാദപ്പെടേണ്ടതു്. തത്വമാത്രാധിഷ്ഠിതമായ യാതൊരവജ്ഞയുംകൂടാതെ ഈ രംഗത്ത് കടമകൾ നിർവ്വഹിയ്ക്കുവാൻ അതു് മുന്നോട്ടുവരുകതന്നെവേണം.

അടിസ്ഥാന വ്യവസായങ്ങളും പൊതു ആവശ്യസാധന വ്യവസായങ്ങളുടെ നിർമ്മാണവും വളരെയേറെ മൂലധനപ്രധാനങ്ങളാണ്. അവയുടെ അനുഭവം ഫലത്തിൽ വരാൻ താമസവുമെടുക്കും. ഈ രംഗങ്ങളിൽ പൊതുമേഖല പ്രവേശിയ്ക്കാത്തപക്ഷം ആ രംഗങ്ങളാകെ അവികസിതമായിത്തന്നെ കിടക്കും.

സക്കാർതലത്തിൽ ലഭിയ്ക്കാവുന്ന വിദേശ മൂലധന സഹായ ത്തോടുകൂടിയഎല്ലാ സംരംഭങ്ങളും പൊതുമേഖലയിലായിരിയ്ക്കണം.

സ്വകാര്യമേഖലയിലെ ഉദ്യമങ്ങളെ പൂർത്തീകരിയ്ക്കുവാനോ അഥവാ അവയ്ക്ക് ഒരു മാതൃകയായിരിയ്ക്കാനോ ചില രംഗത്ത് സർക്കാർ പ്രവേശിക്കേണ്ടതു് ഒരാവശ്യമായിവന്നേയ്ക്കാം. ഭക്ഷ്യ ധാന്യക്കച്ചവടം, ബേങ്കിങ്ങ്, ഇൻഷൂറൻസ്, ട്രാൻസ്പോർട്ട്, വിദേശക്കച്ചവടം മുതലായ പാക്ഷിക പൊതുമേഖലാരംഗങ്ങൾ ഇതുപോലുള്ളവയാകുന്നു.

ഏതെങ്കിലും സ്വകാര്യവ്യവസായമോ കച്ചവടമോ മററോ ദേശവല്ക്കരിക്കണമെന്നു് വല്ല കാരണവശാലും തോന്നുകയാണെ ങ്കിൽ ആ കാര്യം ഒരു സ്വതന്ത്ര ജ്യൂഡീഷ്യൽ കമ്മീഷൻെറ മുമ്പാകെ സമർപ്പിക്കേണ്ടതും അതിൻെറ നിർദ്ദേശപ്രകാരം വേണ്ട നട പടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

പൊതുമേഖലയുടെ മാനേജ്മെൻറധികാരങ്ങൾ സ്വയം ശാ സനാധികാരമുള്ള ഒരു സ്വതന്ത്ര കോർപ്പറേഷനിൽ നിക്ഷിപ്തമാക ണം. സ്വകാര്യമേഖലക്കു് ബാധകമാക്കുന്ന എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും അതിന്നു ബാധകമാകണം.

**കുത്തക തടയൽ**

കുത്തകാവകാശം ഏതു രംഗത്തും വളരുന്നതും സാമ്പത്തിക ശക്തി ഏതൊരിടത്ത് കേന്ദ്രീകരിയ്ക്കുന്നതും തടയേണ്ടതു് സ്റ്റേററി ൻെറ ചുമതലയാകുന്നു.

**പൂർണ്ണമായ തൊഴിൽ സൌകര്യം**

ശരീരശക്തിയുള്ള ഏതൊരാൾക്കും ലാഭകരമായ എന്തെങ്കി ലും തൊഴിൽ നൽകുകയെന്നതു് സാമ്പത്തികാസൂത്രണത്തിൻെറ യും വ്യാവസായിക നയത്തിൻേറയും പ്രത്യേക ലക്ഷ്യങ്ങളായിരി യ്ക്കണം. തൊഴിലില്ലായ്മ ഉന്മൂലനം ചെയ്യുന്നതിന്നു് പുതിയ തൊഴിൽ സന്ദർഭങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു, അതേസമയം ഉല്പാദനക്ഷമതയും പൂർണ്ണമായ തൊഴിലില്ലാത്തവരുടെ ശേഷിച്ച വരുമാനവും വർദ്ധിപ്പിക്കുന്നതിന്നു ശ്രദ്ധിക്കണം. യഥാർത്ഥ ത്തിൽ അവരുടെ ക്രയശക്തിക്കുണ്ടാകുന്ന വർദ്ധനവ് മററു ചി ലർക്കുകൂടി തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതാണ്. തൊഴിലാ ളികളുടെ എണ്ണം വൈവശ്ധ്യം, ഉൽപ്പാദനക്ഷമത, ചലനാത്മകത, (Mobility) പ്രകൃതം, തൊഴിൽരാഹിത്യത്തിൻെറ കട്ടപ്പം ഇവ യെല്ലാം മനസ്സിൽ കണ്ടുകൊണ്ടുവേണം തൊഴിൽ സൊകര്യമുണ്ടാ ക്കുന്നതിൻെറ വിശദപരിപാടികൾ ആവിഷ്കരിക്കുവാൻ.

തൊഴിൽരഹിതക്ക് സഹായധനം നൽകാനുംകൂടി വ്യവസ്ഥ ഉണ്ടായിരിക്കണം.

## റാഷണലൈസേഷൻ

വേണ്ടത്ര തൊഴിലില്ലാത്ത അവസ്ഥ അവസാനിപ്പിക്കാനും, ഉൽപ്പാദനക്ഷമത വദ്ധിപ്പിക്കാനും യന്ത്രവല്ക്കരണം ആവശ്യമാണ്. ഇന്ത്യയിൽ, പക്ഷെ, ഇതു് ഇറക്കമതിയെ ചുഴന്നു് നില്ക്കുക മാത്രമല്ല വ്യവസായവല്ക്കരണം പതുക്കെക്കൊണ്ടാകയാൽ ജോലിയിൽനിന്നും പിരിച്ചുവിടുന്നവക്ക് വേണ്ട ജോലി കിട്ടുന്നതെളുപ്പമല്ല. പുതിയ യന്ത്രംകൊണ്ടു്, സമ്പദ്‌വ്യവസ്ഥ കാര്യക്ഷമമാവണമെങ്കിൽ (1) വദ്ധിച്ച ആദായം മുതലാളിക്കും തൊഴിലാളിക്കുമിടയിൽ ന്യായമായി വീതിക്കണം. (2) ആദായത്തിലൊരോഹരി ഉപഭോഗത്തിന്നും മുടക്കുമുതലുണ്ടാക്കുന്നതിന്നും ഉപയോഗപ്പെട്ടിരിക്കണം (3) പുത്തൻ യന്ത്രങ്ങൾ വാങ്ങിയതിൽ പിന്നീടു് തൊഴിലില്ലാത്തവർ, പുത്തനായി ജോലിക്കു വരുന്നവർ, തൊഴിലിൽനിന്നു് പിരിച്ചുവിട്ടവർ എന്നിവക്കൊക്കെ ജോലി കൊടുക്കത്തക്കവണ്ണം പുത്തൻ വ്യവസായങ്ങൾ തുടങ്ങാൻ വേണ്ടുവോളം മൂലധനം ശേഷിക്കുമാറ് മൂലധനരൂപീകരണ നിരക്ക് അത്ര വലുതായിരിക്കണം.

## തൊഴിൽനയം

ഒരു രാജ്യത്തു് സാധാരണക്കാരൻെറ നിലവാരം കണക്കാക്കൽ ആ നാട്ടിലെ തൊഴിലാളികളുടെ അന്തസ്സു് നോക്കിയാണു്. തൊഴിലാളികൾക്കു് സംഘടിക്കുവാനും കൂട്ടായി ആവശ്യങ്ങളുന്നയിക്കാനും അവകാശമുണ്ടു്. തൊഴിലാളികൾക്കു് പണിമുടക്കം നടത്താനുള്ള അവകാശത്തെ ജനസംഘം അംഗീകരിക്കുന്നു. എന്നാലീ അവകാശം അവസാനത്തെ കൈയായേ ഉപയോഗിക്കാവൂ. ഉപദേശം കിട്ടുന്നതിന്നും ചച്ചക്കും സംഭാഷണത്തിന്നും അനുരഞ്ജനത്തിന്നും (Conciliation) മാദ്ധ്യസ്ഥത്തിന്നും (Arbitration) നിബ്ബന്ധ മാദ്ധ്യസ്ഥതീപ്പിന്നും (Adjudication) മററുമായി ഫലപ്രദമായ ഘടകങ്ങൾ സൃഷ്ടിക്കണം, എന്നാൽ പണിമുടക്കിന്നുള്ള സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കും.

തൊഴിലാളിയും തൊഴിലുടമയുമായി സ്ഥായിയായി എന്തെങ്കിലും സംഘട്ടനം അനിവാര്യമാണെന്നു് ഭാരതീയ ജനസംഘം കരുതുന്നില്ല. യഥാത്ഥത്തിൽ തൊഴിലാളികളും അവരുടെ തൊഴിലിൻെറ രൂപത്തിൽ മൂലധനത്തിലേക്കു് സംഭാവന നല്കുന്നുണ്ടു്. അതുകൊണ്ടു് വ്യവസായത്തിൻെറ നടത്തിപ്പിലും ലാഭത്തിലും തൊഴിലാളിക്കു് ഒരു പങ്കുണ്ടു്.

60456

**വേജ് ബോർഡ്**

കൂട്ടായി ആവശ്യങ്ങളുന്നയിച്ചുകൊണ്ടു് വേതനത്തിന്റേയും മററു വരുമാനത്തിന്റേയും കാര്യത്തിൽ ഒരു തീപ്പുണ്ടാക്കികിട്ടാൻ തൊഴിലാളിക്കധികാരമുണ്ടെങ്കിലും വ്യവസായതക്കങ്ങൾ ഉളവാകുന്നതിനെ തടയേണ്ടതിലേക്ക്, അതത് കാലത്തെ വേതന നില വാരം തിട്ടപ്പെടുത്തുന്നതിന്നു് എന്തെങ്കിലും വ്യവസ്ഥ ഏപ്പെടുത്തേണ്ടതു് സക്കാറിൻെറ ചുമതലയാണ്. അതതു് കാലത്തെ വിലനിലവാരം, ജനങ്ങളുടെ ജീവിതനിലവാരം, ഏതൽവ്യവസായത്തിൻെറ സാമ്പത്തികനില, രാഷ്ട്രത്തിൻെറയാകെ സാമൂഹ്യലക്ഷ്യങ്ങൾ ഇവകൾ കണക്കിലെടുത്തുകൊണ്ടു് വിവിധ വ്യവസായങ്ങളിൽ വേതനവും മററു ബത്തകളും നിജപ്പെടുത്തുന്നതിന്നു ഒരു സ്ഥിരം വേജ് ബോർഡ് (വേതനസമിതി) ഏപ്പെടുത്തുവാൻ ജനസംഘം നിദ്ദേശിക്കുന്നു.

**വേതനനയം**

വേതനക്കാര്യത്തിൽ ദേശത്തിനൊട്ടാകെ ഏററവും ചുരുങ്ങിയ കൂലി നിജപ്പെടുത്തണമെന്നു് ജനസംഘം കരുതുന്നു. ജീവിതസൂചികയനുസരിച്ചുള്ള ജീവിതനിലവാരമടിസ്ഥാനപ്പെടുത്തിയുള്ള വരുമാനമാണ് യഥാത്ഥ വേതനം. തൊഴിലാളികളുടെ വേതനത്തിൽ രാഷ്ട്രത്തിൻെറ ഐശ്വര്യം പ്രതിഫലിച്ചു കാണണം. ഈ തരത്തിലുള്ള വേതനം കൊടുത്തതിന്നു ശേഷമേ ബോണസ്സിനെ, ലാഭത്തിൽ തൊഴിലാളികൾക്കുള്ള വിഹിതമായി കണക്കാക്കിക്കൂടൂ.

**മൂലധന രൂപീകരണം**

സാമ്പത്തിക പുരോഗതിക്ക് മൂലധന രൂപീകരണം അത്യാവശ്യമാണ്. മിച്ചം വെക്കലും നിക്ഷേപവും അധികരിപ്പിക്കുന്നതിന്നു് പ്രത്യേക ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. നിയന്ത്രണശീലവും മിതവ്യയശീലവും വളത്തേണ്ടതുണ്ടു്. ആഘോഷപരവും ആഭാടപരവും ആയ വ്യയശീലത്തെ നിരുത്സാഹപ്പെടുത്തുന്നതിന്നു വരുമാനത്തിൻെറ ഇത്രഭാഗം ചിലവഴിക്കത്തക്കതാണെന്നു് ഒരു പരമാവധി പരിധി ചുമത്തപ്പെടണം. ഈ കാര്യത്തിൽ സക്കാർ തന്നേയും ഒരു മാതൃക സൃഷ്ടിക്കണം.

കാര്യക്ഷമവും പുരോഗമിച്ചതുമായ ഒരു ബേങ്കിങ്ങ് സമ്പ്രദായം മൂലധന രൂപീകരണത്തിന്നത്യാവശ്യമാണ്. ഗ്രാമപ്രദേശങ്ങൾക്കും വേണ്ടത്ര ബേങ്കിങ്ങ് സൌകര്യങ്ങൾ ലഭിക്കണം. ഈ

60456

കാര്യത്തിൽ സഹകരണ ബേങ്കുകൾ പ്രയോജനപ്പെട്ടും; എന്നാലി ന്നു നിലവിലുള്ള വ്യവസ്ഥകൾ തികച്ചും അപര്യാപ്തമാകുന്നു.

സാമ്പത്തിക ലക്ഷ്യങ്ങൾക്കനുയോജ്യമല്ലാത്ത ഒരു നടപടി യായിരിക്കും ബേങ്ക് ദേശസാൽക്കരണം. ആയതു് മൂലധനരൂപീ കരണത്തെ തടസ്സപ്പെടുത്തും. ഉടമസ്ഥതയും നടത്തിപ്പും മാത്ര മാണ് ഇതുകൊണ്ടു മാറുന്നതു്. ബേങ്കിങ്ങ് വ്യവസായം മുഴവൻ സക്കാരിന്റെ കുത്തകയാക്കുന്നതിന്നു പകരം, ആവശ്യമായി വരു ന്നിടത്തൊക്കെ പുതിയ ബേങ്കുകൾ സ്ഥാപിക്കാൻ സക്കാറിന്നു കഴിയുന്നതാണ്, അങ്ങിനെ ചെയ്യേണ്ടതുമാണ്. ഇന്നേവരെ കച്ചവടാവശ്യങ്ങൾക്കു് മാത്രമായാണ് ബേങ്കുകൾ സ്ഥാപിക്ക പ്പെട്ടതു്. കൃഷിയുടേയും വ്യവസായങ്ങളുടേയും, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങളുടെ കാര്യങ്ങൾകൂടി നിവ്വഹിക്കത്തക്ക വണ്ണം അവയെ പോഷിപ്പിക്കേണ്ടതിന്നു് നടപടികൾ സ്വീകരി ക്കണം; ബേങ്കുകളുടെ നിയന്ത്രണകാര്യത്തിൽ സക്കാരും, റിസവ്വ് ബേങ്കും വളരെ ജാഗരൂകരായിരിക്കണം.

## വിദേശ മൂലധനം

സ്വദേശി മൂലധനത്തിന്റെ കമ്മി ഏറെക്കുറെ വിദേശ മൂല ധനംകൊണ്ടു നികത്താവുന്നതാകുന്നു, എന്നാൽ അതിന്റെ പ്രാ യോഗികതയും വ്യാപ്തിയും പരിമിതമാണ്. സന്ദർഭത്തിന്റെയും പ്രയോജനത്തിന്റെയും കാര്യത്തിൽ പരിമിതിയുണ്ടു്. ലാഭസ മ്പാദ്യങ്ങൾ പലിശ, മൂലധനം മടക്കിയടക്കുക എന്നീ വകകളി ലായി സ്വദേശത്തിൽനിന്നു വിദേശങ്ങളിലേക്കു് ഒഴുകുന്ന പണം വിദേശ മൂലധനരൂപത്തിൽ അധികമായിരിക്കുമെന്നാണ് മററു പല നാട്ടുകളുടേയും അനുഭവം. മുമ്പേ സൂചിപ്പിച്ചുകഴിഞ്ഞ തര ത്തിലുള്ള സാങ്കേതികകാരണങ്ങളാലും വിദേശ മൂലധനം നമുക്കു വളരെയേറെ പ്രയോജനപ്പെടുന്നതല്ല. വിദേശ സാങ്കേതികജ്ഞാ നം ഉപയോഗപ്പെടുത്തേണ്ട ആവശ്യം നേരിടാവുന്ന രംഗങ്ങളിൽ മാത്രമേ വിദേശ മൂലധനം പ്രയോജനപ്പെടുകയുള്ളു.

## നികുതി ചുമത്തൽ

നാണ്യ-ധന സംബന്ധികളായ നയങ്ങൾ സാമ്പത്തികനയ ത്തിന്റെ പ്രധാനങ്ങളും മുഖ്യലങ്ങളുമായ ഉപകരണങ്ങളാണ്. ഭാര തത്തിൽ നികുതി ചുമത്തൽ വ്യവസ്ഥ അടുക്കും ചിട്ടയുമില്ലാതെ വളന്നുപോന്നതാണ്. വിഭിന്നങ്ങളായ അധികാരകേന്ദ്രങ്ങൾ ക്കിടയിൽ, യുക്തിക്കിണങ്ങിയ ഒരു വിഭവ വിഭജനം ഉണ്ടായി ട്ടില്ല. ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥ ഏകഘടകരീതിയിലു

ള്ളതാണ്. സാമ്പത്തികാധികാരങ്ങൾ ഈ അടിസ്ഥാനത്തിൽ പുനസ്സംവിധാനം ചെയ്യണം. ജീവിതത്തിൻെറ അത്യാവശ്യവസ്തുക്കൾ ഏതുവിധത്തിലുള്ള നികുതികളിൽനിന്നും വിമുക്തമായിരിക്കണം. ദേശീയ മിനിമം വരുമാനത്തിൽ കുറവ് വരുമാനക്കാരെ പ്രത്യക്ഷ നികുതികളിൽനിന്നൊഴിവാക്കണം.

## സഹകരണം

സഹകരണം, ഭാരതീയ സമുദായത്തിൻെറ ഒരു സവിശേഷതയായിരുന്നു. ആ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തെ സമ്പദ്‌വ്യവസ്ഥയെ അംഗീകരിക്കുകയും വേണം. സഹകരണശ്രമങ്ങൾ ജനങ്ങളുടെ ഇടയിൽനിന്നുതന്നെ പുറപ്പെടണമെന്നതു് അത്യാവശ്യമാണ്. മീതേനിന്നു് അതു് ജനങ്ങളുടെമേൽ അടിച്ചേല്പിക്കുവാൻ പാടില്ലാത്തതാണ്. സർക്കാരിൻെറ വകയായുള്ള നിയന്ത്രണങ്ങളും കൈകടത്തലുകളും സഹകരണപ്രസ്ഥാനത്തിൻെറ സത്തയ്ക്കെതിരാണ്. സഹകരണാടിസ്ഥാനത്തിൽ കൂട്ടുകുടുംബവ്യവസ്ഥയെ പുനരുദ്ധരിക്കാൻ സാധിക്കുമോ എന്നു പരീക്ഷിച്ചു നോക്കേണ്ടതുണ്ട്.

## ഭവനനിർമ്മാണം (Housing)

ഒരു കുടുംബത്തിൻെറ അത്യാവശ്യങ്ങളുടെ പൂർണ്ണതയ്ക്കു് ഒരു വീടു് സുപ്രധാനമാണ്. സമ്പദ് വ്യവസ്ഥയിലുണ്ടായ മാററങ്ങൾ തൊഴിലാളികളുടെ കാര്യത്തിൽ വൻതോതിൽ സ്ഥലമാററങ്ങൾ ഉണ്ടാക്കീട്ടുണ്ട്. പട്ടണങ്ങളും നഗരങ്ങളും ശീഘ്രഗതിയിൽ പെരുകുകയാണ്. ഇത്തരം പട്ടണങ്ങളിൽ ജനങ്ങൾക്കുവേണ്ട താമസസൌകര്യം ഒരു വൻ പ്രശ്നമായിതീർന്നിരിക്കയാണ്. സർക്കാരും മററു ഘടകങ്ങളും ഒത്തുചേർന്നുകൊണ്ടു് ഇതിന്നൊരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിന്നും ഓരോ വീടു് സ്വന്തമായുണ്ടാകാൻ സഹായിക്കേണ്ടതു് സർക്കാരിൻെറ ചുമതലയാകുന്നു.

## സാമൂഹ്യരക്ഷയും ക്ഷേമവും (Social security & welfare)

ഒരു വ്യക്തിക്കു് ഒരു തൊഴിലും അയാളുടെ കുടുംബത്തെ സുഖസൌകര്യങ്ങളോടെ വളർത്താൻവേണ്ട വരുമാനവും ഉറപ്പുനല്കേണ്ടതു് ഏതു് സമ്പദ്‌വ്യവസ്ഥയുടേയും ലക്ഷ്യമായിരിക്കണം. ഒരു ചുരുങ്ങിയ ജീവിതനിലവാരത്തെക്കുറിച്ചു് എല്ലാ പൌരന്മാൎക്കും ഉറപ്പുണ്ടായിരിക്കണം. ഈ ലക്ഷ്യം സാധിക്കാൻ ഒരു ദ്വിമുഖശ്രമം ആവശ്യമാണ്. എല്ലാ പൌരന്മാൎക്കും ചില അടിസ്ഥാ

നസൌകര്യങ്ങൾ ലഭ്യമാകത്തക്കവിധം സാമൂഹ്യ ക്ഷേമ പദ്ധതികൾ ഒരു വശത്തേർപ്പെട്ടുത്തണം, രണ്ടാമതായി, വല്ല തരത്തിലുമുള്ള വൈകല്യങ്ങളെക്കൊണ്ടു് അശരണന്മാരായി ഭവിച്ചവക്ക് പ്രയോജനപ്പെട്ടുംവിധം സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ ഏപ്പെടുത്തണം. സൌജന്യ വിദ്യാഭ്യാസം, സൌജന്യ വൈദ്യസഹായം, ദേശീയാരോഗ്യസേവനം, തൊഴിൽരഹിതക്കും രോഗികൾക്കും ഇൻഷൂറൻസ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, അനാഥമന്ദിരങ്ങൾ ഇവയെല്ലാം ഏർപ്പെടുത്തുകയാണു് സാമാന്യമായ ചില നിർദ്ദേശങ്ങൾ.

## ആരോഗ്യവും വൈദ്യസഹായവും

അവനവനുവേണ്ടി മാത്രമല്ല, സമാജത്തിന്നുകൂടി വേണ്ടിയാണു് ഒരാൾ അരോഗ ദൃഢഗാത്രനാവേണ്ടതു്. വിപുലവും ഫലപ്രദവുമായ പൊതുജനാരോഗ്യ പദ്ധതികൾ ഏറെറടുത്തു നടത്തേണ്ടതു് സക്കാരിൻെറ കടമയാണു്. സാംക്രമികവും മഹാമാരികളുമായ രോഗങ്ങൾക്കെതിരെ തക്കതായ രക്ഷാ നടപടികൾ സ്വീകരിക്കണം. നല്ല ഭക്ഷണം, ശുദ്ധജലം, ശുദ്ധവായു ഇവ ജനങ്ങൾക്കു് ലഭിക്കുന്നുണ്ടെന്നു് ഉറപ്പ്വരുത്തണം. ഭക്ഷണസാധനങ്ങളിൽ മായംചേക്കലിനെ കശനമായി തടയണം.

ആരോഗ്യത്തേയും മരുന്നുകളേയും കുറിച്ചൊരുപോലെ താൽപ്പര്യം പുലത്തുന്ന ഒരു വ്യവസ്ഥയാണു് 'ആയുർവ്വേദം'. ഇന്നാട്ടിൽ കഴിഞ്ഞ കുറേ നൂററാണ്ടുകളായി നിരവധി വൈദ്യസമ്പ്രദായങ്ങൾ തഴച്ചുവളന്നിട്ടുണ്ടു്. പല നവീന കണ്ടുപിടുത്തങ്ങളും നടന്നിട്ടുണ്ടു്. ഭാരതത്തിലെ പരിതസ്ഥിതിയിൽ അതാതു് വ്യവസ്ഥകളുടെ ഇണക്കവും ഫലപ്രാപ്തിയും കണക്കിലെടുത്തുകൊണ്ടു് ഈ എല്ലാ വ്യവസ്ഥകളേയും പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണു് ഭാരതീയജനസംഘം അംഗീകരിക്കുന്നതു്. നവീന വിജ്ഞാനങ്ങളെക്കൊണ്ടും ഗവേഷണങ്ങളെക്കൊണ്ടും ആയുർവ്വേദം സംപുഷ്ടമാകേണ്ടതും അങ്ങിനെ അതൊരു ദേശീയ വൈദ്യ സമ്പ്രദായമായി വളരേണ്ടതും അത്യാവശ്യമാണു്.

## നമ്മുടെ പുരോഗതിയുടെ മാനദണ്ഡം

സമുദായത്തിലെ ഉയന്ന നിരക്കുകളിലുള്ള ആളെ നോക്കിയല്ല മറിച്ചു് താഴെ പടിയിലുള്ള ആളെ നോക്കിയാണു് സാമ്പത്തിക പുരോഗതിയുടേയും സാമ്പത്തികാസൂത്രണത്തിൻെറ വിജയത്തിൻേറയും മാററു് നോക്കേണ്ടതു്. മനുഷ്യൻെറ ഏററവും പ്രാഥമികാധികാരങ്ങൾകൂടി നിഷേധിക്കപ്പെട്ടവരായി ഇന്നാട്ടിലിന്നു

കോടിക്കണക്കിന്നാളുകളുണ്ട്. സക്കാറിൻെറ പദ്ധതികളിലോ നയങ്ങളിലോ, ഭരണകൂടത്തിൻെറ നിലപാടിലോ ചാസ്സിലോ ഈ കോടിക്കണക്കിന്നാളുകളെ കണ്ണിലെടുത്തിട്ടുണ്ടെന്നതിന്നു തെളിവുകളില്ല. യഥാൎത്ഥത്തിൽ അവരെ, പുരോഗതിയുടെ പാതയിലെ വിലങ്ങുതടികളായാണ് സക്കാർ കണക്കാക്കുന്നതു്. നമ്മെ സംബന്ധിച്ചിടത്തോളം, അധഃസ്ഥിതരും അജ്ഞരും നിരക്ഷരകുക്ഷികളും ആയ ഈ വമ്പിച്ച ജനാവലി ആരാധനയർഹിക്കുന്ന ദേവതകളാണ്, അവരെ ആരാധിയ്ക്കലാണ് നമ്മുടെ ധമ്മം. അവക്ക് താമസിക്കുവാൻ അന്തസ്സാന്ന ഒരു വീട്ട് നൽകാനും അവരുടെ മക്കൾക്കും സ്ത്രീജനങ്ങൾക്കും വിദ്യാഭ്യാസവും ഉയന്ന ഒരു സംസ്കാരവും നല്കുവാനും അവരുടെ നോവുന്ന ഹൃദയങ്ങളിൽ അമൃതം വർഷിക്കുവാനും, അവരെ കലകളിലും കൈവേലകളിലും വിദഗ്ദ്ധന്മാരാക്കി അവരുടെ ജീവിതനിലവാരമുയത്തുവാനും നമുക്ക് സാദ്ധ്യമാകുന്ന ആ സുദിനത്തെ ആശാപൂവ്വം കാത്തിരിക്കുകയാണ് നാം. ഈ അവശകോടികളും നാമുമായുള്ള സാഹോദര്യം ഫലപൂണ്ണമാണെന്നു് ആ ദിനം കുറിയ്ക്കും. കാലചക്രത്തിന്റെ തിരിച്ചൽ അനുഭവപ്പെടാതിരിയ്ക്കുകയും രക്ഷിതാക്കന്മാർ തങ്ങളുടെ കുട്ടികൾക്കു് പുരോഗതിയിലേയ്ക്കുള്ള യാതൊരു നിദ്ദേശവും നൽകാൻ അശക്തരായിരിയ്ക്കുകയും സ്വാഭാവികമായിത്തീന്ന ഗ്രാമാന്തരങ്ങളിലേയ്ക്കു് ആശയുടേയും വിശ്വാസത്തിൻേറയും സന്ദേശമെത്തിക്കുന്നതിൽ നാം വിജയിയ്ക്കുന്നതുവരെ രാഷ്ട്രപുനരുത്തേജനം അസാദ്ധ്യമാണ്. നമ്മുടെ വിശ്വാസത്തിൻെറ കേന്ദ്രബിന്ദുവും, നമ്മുടെ ആത്മാപ്പണത്തിൻേറയും ആരാധനയുടേയും ലക്ഷ്യവും, നമ്മുടെ അദ്ധ്വാനത്തിൻേറയും ശ്രമങ്ങളുടേയും ഉപകരണവും, നമ്മുടെ വിജയത്തിൻെറ മാനദണ്ഡവും എല്ലാമെല്ലാം അനികേത(ഭവനരഹിത)നും അപരിഗ്രഹി(സ്വത്തില്ലാത്തവനാ)യും ആയ 'വ്യക്തി'യാകുന്നു. അവനെ "പുരുഷാൎത്ഥ"ങ്ങളാകുന്ന ആയുധങ്ങൾ അണിയിച്ചുകൊണ്ടു് അവന്നു് "അൎത്ഥം" കൈവരുത്തുമ്പോൾ മാത്രമേ, അവന്നു് ആത്മീയമായ ഉൾക്കണ്ണും നല്കിക്കൊണ്ടു് അവനെ അനികേത(മുക്ത)നും അപരഗ്രഹി (നിസ്വാൎത്ഥനും)യും ആക്കി ലോകസേവനത്തിന്നു് സന്നദ്ധനാക്കുമ്പോഴേ നമ്മുടെ ഏകാത്മകമാനവതാവാദം ഫലിച്ചു എന്നു പറഞ്ഞുകൂട.

വന്ദേ മാതരം.

---

ജയഭാരത് പ്രിന്റിങ്ങ് പ്രസ്സ്, കോഴിക്കോട്ട്–2

# വന്ദേമാതരം

വന്ദേ മാതരം
സുജലാം സുഫലാം മലയജശീതളാം
സസ്യശ്യാമളാം മാതരം [വന്ദേ...

ശുഭ്രജ്യോത്സ്നാ പുളകിതയാമിനീം
ഫുല്ലകുസുമിത ദ്രുമദളശോഭിനീം
സുഹാസിനീം സുമധുരഭാഷിണീം
സുഖദാം വരദാം മാതരം. [വന്ദേ...

കോടി കോടി കണ്ഠകളകളനിനാദകരാളേ
കോടി കോടി ഭുജൈർ ധൃതഖരകരവാളേ
കേ ബോലേ മാം തുമി അബലേ
ബഹുബലധാരിണീം രിപുദളവാരിണീം
നമാമിതാരിണീം മാതരം [വന്ദേ...

തുമിവിദ്യാതുമിധർമ്മ, തുമിഹൃദി, തുമിമർമ്മ
ത്വം ഹി പ്രാണാ: ശരീരേ
ബാഹുതേ തുമി മാശക്തി
ഹൃദയേ തുമിമാഭക്തി
തോമാർ ഇ പ്രതിമാ ഗഡിമന്ദിരേ മന്ദിരേ [വന്ദേ...

ത്വംഹിദുർഗ്ഗാ ദശപ്രഹരണധാരിണീം
കമലാ കമല ദളവിഹാരിണീം
വാണീ വിദ്യാദായിനീം
നമാമിത്വാം അമലാം അതുലാം
സുജലാം സുഫലാം മാതരം [വന്ദേ...
ശ്യാമളാം സരളാം സുസ്മിതാം ഭൂഷിതാം
ധരണീം ഭരണീം മാതരം. [വന്ദേ...

181.4 60456

ഭാരതീയജനസംഖ്യ

തത്ത്വശാസ്ത്രവും

ജ~~നസംഖ്യാശാസ്ത്രജ്ഞന്മാർ~~.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 181·4    Acc. No. 60456

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 25 DEC 197[illegible] | 12 MAR 1987 | |
| 26 AUG 197[illegible] | 31 JAN 1992 | |
| 4 MAR 19[illegible] | 30 MAR 19[illegible] | |
| 15 JUL 19[illegible] | 28 OCT 1992 | |
| 18 NOV 1985 | 17 JUN 19[illegible] | |
| 8 JAN 1986 | 5 AUG 19[illegible] | |
| 12 SEP 1986 | 19 AUG 1993 | |
| 24 NOV 1986 | 18 MAR 1998 | |
| 12 FEB 1987 | 27 FEB 2002 | |
| 9 MAR 198[illegible] | 1 OCT 2004 | |
| | 22 JAN 2005 | |



വില: **65** പൈസ

# ഭാരതീയ ജനസംഘം

Indic Digital Archive Foundation
gpura.org